
# ഭയം

# ന്യായമല്ല

ഷക്കൂടൻ

2/6

T62
K66



വയസ്സ്
്യൻ60
ൽ
ൻ. 22
ല്ലെ
ായ
30
വി
22
വി
0
6

# BENTHAM BENTHANAMALLA

(SOCIAL DRAMA)

# ബന്ധം ബന്ധനമല്ല”

(സാമൂഹ്യ നാടകം)

ഗ്രന്ഥകത്താ:

## ഫാദർ ആൻറണി കിഴക്കൂടൻ

പരിയാരം.

Nihil obstat

FR. JACOB,

Chemmannoor B. A.

First Impression 1500 Copies

March 1962.

All rights reserved to the author.

വില. 1 രൂപ.

Printed at

V. K. PRESS,

KUNNAMKULAM.

DHARMARAM COLLEGE LIBRARY BANGALORE 12595

T.62 K.66

# ബന്ധം ബന്ധനമല്ല

(സാമൂഹ്യനാടകം)

## കഥാപാത്രങ്ങൾ

വയസ്സ്

1. ചാക്കുമുതലാളി: ധനമോഹിയായ ഒരു ധനാഢ്യൻ 60

2. ജോസ്: ചാക്കുമുതലാളിയുടെ ഏകമകൻ നല്ല സ്വഭാവിയും സുമുഖനുമായ ഒരു ഇരുപത്തിരണ്ടുകാരൻ. 22

3. തോമസ്: സ്വന്തം ഭാര്യയുടെ വരുതിക്ക് ഇഷ്ടമില്ലെങ്കിലും കീഴ്വഴങ്ങി എന്തും ചെയ്യുന്ന ഒരു ഭീരുവായ യുവാവ് പ്രായം 30

4. കുഞ്ഞൻ: തോമാസിന്റെ പിതാവിന്റെ രണ്ടാം വിവാഹത്തിലെ അഭിമാനമുള്ള ഒരു യുവാവ് പ്രായം 22

5. ആഗ്നസ്: കുഞ്ഞന്റെ സഹോദരി സൽസ്വഭാവിയും സൌന്ദര്യവതിയുമായ ഒരു മധുരപതിനേഴുകാരി 18

6. കത്രീന: തോമാസ്സിന്റെ ഭാര്യ വിദ്വേഷവും അഹങ്കാരവും നിറഞ്ഞവളും സ്വഭർത്താവിനെപ്പോലും അനുസരിക്കാൻ മടിക്കുന്നവളും ആഡംബരപ്രിയയുമായ ഒരു യുവതി. 25

7. മാണി: സ്ഥിരം തൊഴിൽ കല്യാണപ്പൊരുത്തും അവസരസേവയും. 45

8. ഐപ്പ്: ചാക്കുമുതലാളിയുടെ വെളിച്ചെണ്ണപ്പീടികയിൽ കണക്കെഴുത്ത് കുറേശ്ശെ കല്യാണപ്പൊരുത്തും പല ചില്ലറ ജോലികളും അവസരസേവയുമുണ്ട് പ്രായം 5

9. ഏത്തപ്പൻ: വേലക്കാരൻ ആരോടും എന്തും തട്ടിവിടുവാൻ മടിക്കാത്ത ചൊറുചൊറുക്കുള്ള ഒരു ചെറുപ്പക്കാരൻ പ്രായം. 2

DHARMARAM COLLEGE LIBRARY
12595
BANGALORE

# എനിക്കു പറയുവാനുള്ളതു്

ഞാൻ ഈ നാടകം എഴുതിത്തുടങ്ങിയിട്ടു ഉദ്ദേശം മൂന്നുകൊല്ലമായിക്കാണും. പല ജോലിത്തിരക്കുകളുള്ളതുകൊണ്ടു് പൂർത്തിയാകാതെ കിടക്കുകയായിരുന്നു. എരുമപ്പെട്ടി പള്ളിയിൽ വി. വിൻസെൻഡിപ്പോൾസംഘം മരിയൻ സൊഡാലിററി എന്നിവയുടെ വാർഷികാഘോഷദിനമായ 1961 ഡിസമ്പർ 30-ാംനു-യാണു് ഈ നാടകം ആദ്യമായി അവതരിപ്പിക്കപ്പെട്ടതു്. എൻെറ ചില സുഹൃത്തുക്കളുടെ നിർബ്ബന്ധമുണ്ടായിരുന്നില്ലെങ്കിൽ ഇപ്പോഴും അതു പൂർത്തിയാകാതെ കിടക്കുമായിരുന്നു. ഈ നാടകത്തിൻെറ ആദ്യത്തെ അഭിനയം പൊതുവിൽ നന്നായിരുന്നുവെന്നുവേണം പറയുവാൻ.

ഇതിൻെറ കയ്യെഴുത്തു് പ്രതി വായിച്ചു വേണ്ട തിരുത്തലുകൾ ചെയ്തുതന്ന എൻെറ സുഹൃത്തായ ബഹു: തേർമാം M. O. L. അച്ചനോടു എനിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. കൂടാതെ ഈ നാടകത്തിൽ അഭിനയിച്ച എൻെറ സുഹൃത്തുക്കളായ ഏവരോടും എൻെറ നന്ദിയെ രേഖപ്പെടുത്തിക്കൊള്ളുന്നു.

എന്നു്,

Erumapetty
March 1962.

**ഫാദർ ആൻറണി കിഴക്കൂടൻ**
പരിയാരം.

## 1961 ഡിസംബർ 30-ാംനു 'ബന്ധം ബന്ധനമല്ല'

### എന്ന നാടകത്തിൽ അഭിനയിച്ചവർ

### ഇടത്തുനിന്നു വലത്തോട്ട് ഇരിക്കുന്നവർ

1 ആഗ്നസ് — (വർഗ്ഗീസ് ആളൂര്.)
2 ജോസ് — (വർഗ്ഗീസ് താണിയ്ക്കൽ)
3 ചാക്കുമുതലാളി — (കുഞ്ഞിപ്പാവു മുരിങ്ങാത്തേരി)
4 തോമസ് — (മർക്കോസ് താടിക്കാരൻ)
5 കത്രീന — (ലിററിൽ ആൻറണി പുലിക്കോട്ടിൽ)

### നില്ക്കുന്നവർ ഇടത്തുനിന്നു് വലത്തോട്ട്

6 എത്തപ്പൻ — (ജോർജ്ജ് ആളൂര്)
7 മാണി — (തോമസ് മുരിങ്ങാത്തേരി)
8 ഐപ്പു — (പത്രോസ് പൊറുത്തൂർ)
9 കുഞ്ഞൻ — (ജോസ് മുരിങ്ങാത്തേരി)



നാടകകൃത്ത്



ഫാദർ കിഴക്കൂടന്റെ "ബന്ധം ബന്ധനമല്ല" എന്ന നാടകത്തിൽ അഭിനയിച്ചവർ
Staged on 30th December 1961 at Erumapetty Church,

# ബന്ധം ബന്ധനമല്ല

## (സാമൂഹ്യനാടകം)

By

FR. ANTONY KIZHAKUDEN.

(തോമസിൻെറവീട് മുൻവശത്തുള്ള വരാന്തയിൽ രണ്ടു കസേലകളും ഒരു ബെഞ്ചും കിടക്കുന്നു ഒരു കസേലയിൽ തോമാസിൻെറഭാൎയ്യ കത്രീന ഇരിക്കുന്നു സാരി ധരിച്ചിരിക്കുന്നു കഴുത്തിൽ നെക്ക്ലെസ്സും കയ്യിന്മേൽ റിസ്റ്റ്വാച്ചും വളകളുമുണ്ട് സാമാന്യം തടിച്ച ശരീരം വെളുത്തനിറം 25 വയസ്സുപ്രായം ഭേദപ്പെട്ട നിലയിൽ വസ്ത്രധാരണമുണ്ട് ഗൌരവമായ മുഖഭാവം തോമസു കത്രീനായുടെ ഭൎത്താവു ഷൎട്ടും മുണ്ടും ധരിച്ചിരിക്കുന്നു 30 വയസ്സുപ്രായം അടുത്തകസേലയുടെ അരികിൽ നില്ക്കുന്നു.)

കത്രീന— ഞാൻ എന്നുതുടങ്ങി പറയുന്നതാ നിങ്ങളുടെ കാരണോരുടെ രണ്ടാംകെട്ടിലെ പിള്ളരെ തീറ്റാനും പോറ്റാനും എന്നെക്കൊണ്ടു സാദ്ധ്യമല്ലെന്ന് എൻെറ ക്ഷമക്കൊരതിരുണ്ട്—ഞാനെൻെറപാട്ടിനു പോകും

തോമസ്— നീ എന്താണ് പറയുന്നത് എൻെറ അപ്പൻ മരിക്കുന്ന സമയത്ത് എന്നോടു ഒരു കാൎയ്യമേ പറഞ്ഞുള്ളൂ അതു ഇതാണ്—"നീയാണ് എൻെറ മൂത്തമകൻ ഞാൻ നിന്നെ പത്താംക്ലാസുവരെ പഠിപ്പിച്ചതൊഴികെ യാതൊന്നും നിനക്കായി സമ്പാദിച്ചുതന്നിട്ടില്ല—ശരിതന്നെ പക്ഷെ അമ്മയില്ലാത്ത എൻെറ രണ്ടാംകെട്ടിലെ കുഞ്ഞന്നയും ആഗ്നസിനേയും നീതന്നെ പോറ്റണം അവരെ നീ ഒരു സ്ഥിതിയിലാക്കണം

കാരണം ഇന്നുമുതൽ അവരുടെ അപ്പനും അമ്മയും നീ തന്നെയാണ്—" എന്നുപറഞ്ഞാ മരിച്ചതു്

കത്രീനാ— നിങ്ങളുടെ കാരണോരു് എന്തിനു് രണ്ടാമതു് വിവാഹം ചെയ്തു വയസ്സുകാലത്തു് വെറുതെയിരുന്നാൽ ഉപാരായിരുന്നൊ വയസ്സുകാലത്തു് പല ദുരാഗ്രഹങ്ങളും കാണും എല്ലാ ആഗ്രഹങ്ങളും സാധിക്കാനിരുന്നാൽ ഇങ്ങനെ സംഭവിക്കും എന്തിനു് ഈ വലിയ ഭാരം വലിച്ചുണ്ടാക്കി

തോമസ്— നീ ഇപ്പോഴാം അതെല്ലാം പറഞ്ഞിട്ടെന്തുകാര്യം— അതെല്ലാം അപ്പന്റെ ആഗ്രഹമായിരുന്നു അപ്പൻ വലിയ സമ്പത്തൊന്നും സമ്പാദിച്ചുതന്നില്ല അപ്പൻ ഉച്ചപ്പട്ടിണികൂടി കിടന്നാണു് ഗൃഹസ്ഥജോലിചെയ്തു എനിക്കു പഠിപ്പിക്കുവാൻ ഫീസ് തന്നതു് ഞാൻപത്താംക്ലാസ്സ് ജയിച്ചു. ജോലിയുംകിട്ടി അതുമേൽ അപ്പൻ എനിക്കുവേണ്ടി ബുദ്ധിമുട്ടി. എന്റെ അനുജൻ കുഞ്ഞൻ പത്തു് ജയിച്ചു. പക്ഷെ ജോലിയൊന്നുമായില്ല, എന്തുചെയ്യാം.

കത്രീനാ— എനിക്കതൊന്നും അറിയേണ്ട ആവശ്യമില്ല. എന്റെ വീട്ടിൽനിന്നു കൊണ്ടുവന്നകാശു നിങ്ങളുടെ കാരണോരുടെ രണ്ടാംകെട്ടിലെ മക്കളെ പോററാനൊന്നുമല്ല. ഞാൻ കുറെനാളായിപറയുന്നു. ഈ ദരിദ്രവാസികളെ ഇവിടെനിന്നു തള്ളിപ്പുറത്താക്കാൻ. ഈ തരത്തിൽ കിടക്കാൻ എന്നെക്കൊണ്ടാവില്ല.

തോമസ്— നിനക്കിവിടെ അവരെക്കൊണ്ടു എന്താണു് വിഷമം.

കത്രീനാ— നല്ല സന്തതികളാ. ആ ആഗ്നസ്പെണ്ണിന്റെ രൂപം തന്നെ ദുർലക്ഷണമാ. പിന്നെയെങ്ങിനെ ഈ കുടുംബത്തു് ഐശ്വര്യമുണ്ടാകും? ഒരു ജോലിയും എടുക്കുകയില്ല. എന്തിനാണു് അവളെ സ്കൂളിൽ പറഞ്ഞയയ്ക്കുന്നതു്. ഒമ്പതാം ക്ലാസ്സ് വരെ പഠിച്ചാൽ പോരെ. ഞാൻ ആറാംക്ലാസ്സുവരെയാ പഠിച്ചിട്ടുള്ളു സ്കൂളിൽപോകുന്നതിനു്മുമ്പ് അവളു് തുടങ്ങി, കളി, ചിരി, ഒരുക്കങ്ങളു്. അവളു് ഉള്ളടത്തോളം ഇവിടെ

രോളെ വേലക്കാരെ നിർത്തീട്ടാവശ്യമെന്തു? നിഗളി. വലിയ സൌന്ദര്യവതിയായിട്ടാ നടക്കുന്നതു്. അങ്ങിനെതന്നെയാ ഭാവവും. ഇനി വേലക്കാരൻ എത്തപ്പാനെ ഇവിടെ പണികളവേണ്ടെന്നു് പറയണം.

തോമസ്— എന്താ ഒരു വേലക്കാരന്റെ എല്ലാ ജോലിയും അവൾ ചെയ്യണമെന്നാണോ നീ പറയുന്നതു്. അവൾ പഠിക്കേണ്ടുന്ന സമയമല്ലേ. പത്താംക്ലാസെങ്കിലും ജയിക്കട്ടെ. അതപ്പന്റെ ആഗ്രഹമായിരുന്നു മാത്രമല്ല അവൾ ക്ലാസിൽ ഒന്നാമതായിട്ടാണു് വിജയിച്ചു വരുന്നതു് ഇവിടത്തെ എല്ലാ ജോലികളും കഴിച്ചല്ലേ അവൾ സ്കൂളിൽപോകുന്നതു്. അവളോടു ഒന്നും പറയേണ്ടുന്ന ആവശ്യമില്ല.

കത്രീന— (പുച്ഛഭാവത്തിൽ) ഓ പറയേണ്ടുന്ന ആവശ്യമില്ല. എന്തൊരു നല്ല കുട്ടിയാ.

തോമസ്— ഞാൻ പറഞ്ഞ ഒരു കാര്യവും അവൾ അനുസരിക്കാതിരുന്നിട്ടില്ല. എന്റെ പത്താംക്ലാസ് പരീക്ഷക്കു ഫീസടക്കാൻ കാശില്ലാതെ വന്നിട്ടു ഞാൻ അവളുടെ ചെയിൻ ചോദിച്ചു. അതു വിററു ആ കാശുകൊണ്ടു എന്റെ പരീക്ഷക്കു ഫീസടക്കാൻ ഒരു വൈമനസ്യവുംകൂടാതെ അതവൾ ഊരിത്തന്നു ഞാനതുവിററു എന്റെ ആവശ്യംനടത്തി ആ ചെയിൻ അവളുടെ അമ്മയുടെ അവകാശമായി കിട്ടിയതായിരുന്നു ഇന്നും ഞാൻ ജോലിയായിട്ടും ഞാനതു തിരികെവാങ്ങിക്കൊടുത്തില്ല. അവളതു് ഇതുവരെ ചോദിച്ചിട്ടില്ല. അവളതു് ചോദിക്കയുമില്ല. അവളുടെ തരക്കാർ സ്കൂളിൽ എന്തെല്ലാം ധരിച്ചാണു് വരുന്നതെന്നു് നീ കാണുന്നില്ലേ. അവൾ നീ പറയുന്നമാതിരി അത്ര നിഗളിയെന്നുമല്ല.

കത്രീന— എനിക്കവളുടെ ഗുണങ്ങളൊന്നും കേൾക്കേണ്ട. അവളുടെ കയ്യിൽകഴിഞ്ഞ ദിവസം ഒരു ഫൌണ്ടൻപേന കണ്ടു. എവിടന്നു കട്ടുകൊണ്ടു വന്നതാണാവൊ. ക്ലാസിൽ ഒന്നാമതായി ജയിച്ചതിനു് സ്കൂളിൽനിന്നു് ലഭിച്ച സമ്മാനമാ

ന്നൊന്നാണു് ചോദിച്ചപ്പോൾ പറഞ്ഞതു്. എനിക്കതൊന്നും വിശ്വാസമില്ല.

തോമസ്— എന്നാൽ നീ സ്കൂളിലെ ഹെഡ്മിസ്ട്രസിനോടു ചോദിച്ചുനോക്കു.

കത്രീന— എനിക്കു ചോദിക്കാതെതന്നെ അറിയാം. അങ്ങിനെയാവില്ലെന്നു്. കുഞ്ഞും പലപ്പോഴും കളവ് നമ്മതാവണെന്നാക്കേൾക്കുന്നതു്, അവൻ നേരു പറയാറില്ല.

തോമസ്— അവൻ ഒരിക്കലും കള്ളം പറഞ്ഞിട്ടില്ല. അതെനിക്കു തീച്ചയുള്ള കാര്യമാണു്

കത്രീന— അവൻ ഒരു പോക്കിരിയായിത്തീരാനാ ചാൻസുള്ളതു്. അവന്റെ മുഖത്തും തന്നെ ദുർലക്ഷണമാ. എന്തായാലും എന്നെക്കൊണ്ടു ഈ നരകത്തിൽ കിടക്കാനാവില്ല. അവർ ഇവിടെനിന്നു എവിടെയെങ്കിലും പോകട്ടെ. അല്ലെങ്കിൽ ഞാനെന്റെ പാട്ടിനു് പോകും.

തോമസ്— നീ ഇങ്ങനെ കോപിച്ചാൽ ഞാനെന്തു ചെയ്യും.

(കല്യാണപ്പൊരുത്തുകാരൻ മാണി 40 വയസ്സു പ്രായം പുഴക്കംകൂടിയ ഷട്ടും മുണ്ടും രണ്ടാംമുണ്ടും ഒരു പഴയ ശീലക്കുടയും. കണ്ണാടയും ഉണ്ടു്. മുടി കുറേശെ നരച്ചിട്ടുണ്ടു്. പ്രവേശിക്കുന്നു)

എന്താ മാണിച്ചേട്ടാ ഇങ്ങോട്ടു തിരിച്ചേ (തോമസ് മാണിയോടു ബഞ്ചിൽ ഇരിക്കാൻ ആംഗ്യം കാണിക്കുന്നു. മാണി ഇരിക്കുന്നു.)

മാണി— ഒന്നുമല്ല. എന്താ മക്കളുതമ്മിൽ കലഹിക്കുന്നെ. ഇങ്ങനെയായാൽ പറവമോ പറവല്ല.

കത്രീന— (മാണിയെ നോക്കിക്കൊണ്ടു്) എടോ മാണി ഈ രണ്ടാംകെട്ടിലെ മക്കളെ എന്റെ കുഡുംബത്തെ സ്വത്തുകൊണ്ടു പോററാനൊക്കുമോ?

മാണി— ഹേയ് അതു നടപ്പില്ല.

കത്രീന— മാണിക്കു മുറുക്കണ്ടെ

മാണി— വേണംവേണം. എനിക്ക് കഞ്ഞികുടിച്ചില്ലെങ്കിലും മുറു ക്കാണ്ടുപററുകയില്ല.

കത്രീന— എടീ ആഗ്നസേ. ഒരു പഠിപ്പുകാരിപ്പെണ്ണുണ്ടിവിടെ. നിലത്തല്ലാ നില്ക്കുന്നത്.

തോമസ്— പിന്നെ അവള് പെരപ്പുറത്താ നില്ക്കുന്നത്.

കത്രീന— നിങ്ങളിപ്പറഞ്ഞമാതിരിയാ. നിങ്ങളാണ് അവളെയും അവനേയും ചീത്തയാക്കുന്നത്. (ആഗ്നസ് വെളുത്തനിറം, 17വയസ്സു് പ്രായം, ബ്ലൌസും പാവാടയും ധരിച്ചിരിക്കുന്നു. കഴുത്തിൽ വെള്ളികൊന്ത ഭംഗിയുള്ള ശരീരവും മുഖവും ആഗ്നസ് പ്രവേശിക്കുന്നു) എടീ നിന്നെവിളിച്ചാൽ കാണുക യില്ലല്ലോ. പോയൊന്നു മുറുക്കാൻ കൊണ്ടുവാടി (ആഗ്നസു പോകുന്നു) എൻെറ വീട്ടിലെ കാശുകൊണ്ടു കാരണോരുടെ ര ണ്ടാംകെട്ടിലെ മക്കളെ പോററാനൊക്കുമോ മാണി.

മാണി— അതുപററുമോ പററുകയില്ല

തോമസ്— പിന്നെ എനിക്കു അവരെ കളയാനൊക്കുമോ ഉള്ളതു കൊണ്ടു അവക്കും വേണ്ടതു്ചെയ്തുകൊടുക്കേണ്ടെ മാണി

മാണി— തോമസു പറഞ്ഞതു് പരമാത്ഥം.

കത്രീന— അതിനു് എൻെറ കുഡുംബത്തുനിന്നുകൊണ്ടുവന്നതുകൊ ണ്ടു പോററാൻ സാധിക്കുകയില്ല.

മാണി— കത്രീനപറഞ്ഞതു കാര്യമാ തോമസു പറഞ്ഞതു് പരമാ ത്ഥാ ഒള്ളതു് ഒള്ളോണം പറയാതിരുന്നാ പററുമോ പററുകയില്ല.

തോമസ്— നേരം മണിപത്താകാറായി ഇതു് പറഞ്ഞിരുന്നാൽ പോരാ ഓഫീസിൽ പോകേണ്ടുന്ന സമയമായി ഞാൻ പോ കുന്നു. (തോമസ്പോകുന്നു)

കത്രീന— നിങ്ങളുപൊറുക്കാളിൻ ഒന്നുരണ്ടുകൊല്ലമായി ഞാൻ കൊ ണ്ടുവന്നമുതലു ഈ രണ്ടാംകെട്ടിലെ സന്താനികൾ തിന്നുന്നു. ഇനി സാദ്ധ്യമല്ല. എന്താ മാണി ഈ നാശങ്ങളെ ഇവിടുന്നു് കടത്തിവിടാൻ പണി. നിൻെറ കയ്യിൽ വല്ല വിദ്യയുമുണ്ടോ

മാണി– അതുണ്ടാകാം അതു നിക്കട്ടെ. ഞാൻ പററിച്ചുതരാം. അ
തല്ല, ഞാൻ ഇന്നലെ സിനിമ കാണാൻ പോയിരുന്നു.

കത്രീന– അതുശരി ഞാനും ഭർത്താവുംകൂടി പോയിരുന്നു

മാണി– ശരി, അതിലെ നായികയെ കണ്ടപ്പോഴെല്ലാം എനിക്കുതോന്നിയതു്. അതു നിങ്ങളാണെന്നാ. ആ മുഖഭാവവും നടത്തവും ഒക്കെ ഒരുപോലെ

കത്രീന– (ചിരിച്ചുകൊണ്ടു) എനിക്കും അവളുടെ മാതിരി ഒരു സിനിമാനടി ആകാമായിരുന്നു. അതിനും പോയിട്ടു ഞാൻ വന്നതു് ഈ രണ്ടാംകെട്ടിലെ തല്ലിപ്പൊളികളുടെ കൂടെ കിടക്കാനാ ഇവററങ്ങളെക്കൊണ്ടുപൊറുതിമുട്ടി ഞങ്ങളുടെ സന്തോഷത്തിലും സ്വാതന്ത്ര്യത്തിലും ഇവിടത്തെ രണ്ടാം കെട്ടിലെ സന്തതികൾക്ക വലിയ അസൂയയുണ്ടാവും ഇല്ലേ.

മാണി–അതുണ്ടാകും അവരു് അസൂയപ്പെട്ടോണ്ടു എന്താ കാര്യം. നിങ്ങളുസുഖമായിരിക്കേണ്ടവരാണു്. അവക്കു അങ്ങിനെയൊക്കെ നടക്കാൻ ആഗ്രഹിച്ചാൽ പററുമോ പററല്ല.

കത്രീന– ഞാൻ ഓരോ ദിവസവും ഓരോ വിശേഷതരം സാരികളാ ധരിക്കുന്നതു്. അതുകണ്ടു ഈ ദരിദ്രകോലങ്ങളും അസൂയപ്പെട്ടതുകൊണ്ടു വല്ല കാര്യവുമുണ്ടോ?

മാണി– ഇല്ലല്ലോ ഹേയ്. അവററങ്ങളൊക്കെ പിഴയാ. നിങ്ങളുടെ സുഖത്തിനും സ്വാതന്ത്ര്യത്തിനും അവററങ്ങളു തടസ്സമാണെന്നു

കത്രീന– ഞങ്ങളുടെമാതിരി രുചിയുള്ള ഭക്ഷണംകഴിക്കാൻ രണ്ടാം കെട്ടിലെ സന്തതികൾക്ക സാധിക്കുമോ?

മാണി– ഹേയ് ഒള്ളോരുടെമാതിരി ഇല്ലാത്തവരു് ചാകുന്നു്. അവററങ്ങളു കഞ്ഞിവെള്ളം കുടിച്ചുകിടക്കട്ടെ.

കത്രീന– എനിക്കു വത്തമാനം കുറെപറയാനുണ്ടു്. മാണിക്കു് എന്തെങ്കിലും ഭക്ഷിക്കണോ

മാണി– പിന്നെ ഹാവു് എന്തൊരു ക്ഷീണം ചിലപ്പോഴും ഈ പറഞ്ഞമാതിരിയാ. എത്രകഴിച്ചാലും ക്ഷീണമാ. (ആഗ്നസ്

മുറുക്കാനും കൊണ്ടുപ്രവേശിക്കുന്നു. മാണി ആഗ്നസിനെ ആകമാനം നോക്കുന്നു. വാങ്ങിച്ചു മുറുക്കുന്നു) അപ്പൂപ്പിയെ ഇവളുടെ പേരു് ഞാൻ മറന്നുപോയല്ലോ.

കത്രീന— പേരു് നല്ലതായിരുന്നു, സ്വഭാവം കൊള്ളുകയില്ലെങ്കിലും ആഗ്നസ് എന്നാണു്. അവാംക്കു യോജിച്ചപേരല്ല്.

മാണി— പേരുമോശമില്ല. (മാണിമുറുക്കിത്തുപ്പുന്നു)

കത്രീന— എടീ നീ വേഗംപോയി നല്ലവണ്ണം ഒരു കാപ്പിയുണ്ടാക്കു്. നീ നമ്മുടെ മുതലാളിയുടെ വീട്ടിലെ എത്തപ്പാനോയും ഇങ്ങോട്ടു വിളിച്ചോ. നല്ലവിഭവങ്ങളോടുകൂടി ഒരു കാപ്പിയുണ്ടാക്കി കൊണ്ടുവാ. പറഞ്ഞതുമനസ്സിലായോ.

ആഗ്നസ്— മനസ്സിലായി (പോകുന്നു)

മാണി— ഇവിടെ ധല്ലമോരുണ്ടോ. അതുകുറച്ചു കിട്ടിയാലും മതി. ഞാൻ സാധാരണ ഈ കാപ്പീം മറവും കുടിക്കാറില്ല. കാലത്തു് നല്ലത്തെങ്ങിന്റെ ഒരു കുപ്പി അല്ലിക്കള്ളു അടിക്കും. എങ്കിലേ എനിക്കു കാര്യങ്ങൾക്കു ഒരു ചുണയുള്ളു. അതു കിട്ടിയില്ലെങ്കിൽപ്പിന്നെ എന്നെ ഒന്നിനും കൊള്ളുകയില്ലട്ടൊ

കത്രീന— ഇപ്പോൾ അതൊന്നും ഇവിടെയില്ല. കാപ്പിയുണ്ടാക്കുമല്ലോ. അതുമതി. അരമണിക്കൂർ താമസമുണ്ടു്.

മാണി— ഓ അരമണിക്കൂറല്ല, രണ്ടുമണിക്കൂറ എനിക്കു പല്ലാണു്. എനിക്കു കുറെ വൈകിയാലും നന്നായിട്ടുകിട്ടണം എന്നാണു് എന്റെ വ്യവസ്ഥ

കത്രീന— എടാ എത്തപ്പാ, എടാ എത്തപ്പാ.

എത്തപ്പൻ— (കള്ളിമുണ്ടും ബനിയനുംധരിച്ചിരിക്കുന്നു. പൊടിമീശയുള്ള 25വയസ്സുപ്രായം അകത്തുനിന്നുകൊണ്ടു്) എന്താ (പ്രവേശിക്കുന്നു)

കത്രീന— ഇവനരണ്ടുവീട്ടിപ്പു് പണിയാ. ചാക്കമുതലാളിയുടെ വീട്ടിലും ഇവിടേയും. കാലത്തു് അവിടേയും ഉച്ചതിരിഞ്ഞു ഇവിടേയും. പിന്നെയെങ്ങിനെ ഇവിടത്തെ കാര്യങ്ങളുശരിക്കു

നടക്കം. (എത്തപ്പൻ മാണിയെ പുച്ഛഭാവത്തിൽ നോക്കുന്നു.)
എടാ കാപ്പി വേഗം കൊണ്ടുവാ,

എത്തപ്പൻ– ആക്കാ.

മാണി– എനിക്കുതന്നെ എന്താ

എത്തപ്പൻ–ഇയാംക്കു കാപ്പി താല്പര്യമില്ലാന്ന് പറയുന്നത് ഞാൻ അപ്പുറത്തുന്നിന്നു കേട്ടല്ലൊ.

മാണി–വലിയ താല്പര്യമായിട്ടല്ല. വലിയ ക്ഷീണമാ. അതുകൊണ്ടാ ക്ഷീണിക്കുമ്പൊ ഒന്നും കഴിക്കാണ്ടിരുന്നാ പററുമോ പററല്ല.

എത്തപ്പ– വല്ലപ്പോഴും ഇങ്ങനെ വല്ലോടത്തുന്നേ കിട്ടുകയുള്ളു. കിട്ടുമ്പോഠം ചടഞ്ഞു കിടന്നു തിന്നുക

കത്രീന–നീയൊന്നു വേഗം പോയിയാ. (എത്തപ്പൻ നിരസത്തോടെ പോകുന്നു.)

മാണി–നമ്മുടെ വീട്ടിലെ സ്വർണ്ണക്കച്ചവടമുണ്ടോ ഇപ്പോഴും?

കത്രീന–ഹേയ് സ്വർണ്ണക്കച്ചവടമുണ്ടായിരുന്നില്ല. വിറക് കച്ചവടമായിരുന്നു.

മാണി എന്തിനാസ്വർണ്ണം. വിറക് വിററാലും നോട്ടല്ലേ. അവിടത്തെ തറവാട്ടിലുണ്ടായിരുന്ന കാറ ഇപ്പോഴുമില്ലേ?

കാത്രീന–ഹേയ് അന്നു കാറുള്ളകാലമല്ലല്ലോ. അന്നൊക്കെ കുതിരവണ്ടിയല്ലേ.

മീണി–ഹാ. അന്നു കാറില്ല. ആനല്ല കുതിര ഇപ്പോഴുമുണ്ടോ?

കത്രീന–ഹേയ് അവിടെ കുതിരയൊന്നുമുണ്ടായിരുന്നില്ല. കാളവണ്ടിയുണ്ടായിരുന്നു.

മാണി–എന്തിനാ കുതിയും മററും നല്ല മൂരിയോട്ട പാററുമോ പററല്ല: (എത്തപ്പൻ പ്രവേശിക്കുന്നു.)

എത്തപ്പൻ–എടോ മൂരിയേക്കാളും നല്ലതു് പോത്താണ്. ഇങ്ങനെ തരത്തിന്നു് ഒർപ്പിച്ചു പറഞ്ഞു തട്ടിത്തിന്നാൻ വരാൻ നാണമില്ലെടോ കന്നാലി. ചില ദിവസം തൻെറ വായിലെ നാവിങ്ങിത്യാ. എടോ തൻെറ ക്ഷീണം അധികം തിന്നട്ടോ അതാ തീരെ തിന്നാത്തിഷ്ടാ.

മാണി— രണ്ടുമാകും. അതെന്തിനാ നീയറിയുന്നതു്. എല്ലാം നിനക്കറിയണം എന്നു വെച്ചാൽ പററുമോ പററല്ല.

കത്രീന— നീപോയി കാപ്പികൊണ്ടുവാടാ. നിന്നെ ആരാ ഇവിടെ വിളിച്ചതു്.

എത്തപ്പ— അതിനിവിടെ പലഹാരം വേടിച്ചതൊന്നുമില്ല.

കത്രീന— എങ്ങിനെയുണ്ടാകും. രണ്ടാംകെട്ടിലെ സന്തതികളു ഇവിടെയുള്ളപ്പോൾ.

എത്തപ്പൻ— ഹൌ രണ്ടാംകെട്ടിലെ മക്കളെ ഇവിടന്നു് പലഹാരം തിന്നിട്ടു കൊല്ലും രണ്ടരയായി അതിനിക്കറിയാം.

മാണി— ഹേയ് ഞാൻ ഒന്നു പറയാം. അതു സത്യമായിട്ടും വാസ്തവമാണു്. ഈ രണ്ടാംകെട്ടിലെ മക്കളെ ഇവിടന്നുപോയെങ്കിലേ നിങ്ങൾക്ക സുഖമുണ്ടാവൂ.

എത്തപ്പൻ— എടോ താൻ ഏഷണിക്കൂട്ടാൻ വന്നിരിക്കയാണു്. തരത്തിനൊപ്പിച്ചു പറഞ്ഞു ആളെ വലുതാക്കി തട്ടിതിന്നുന്ന ശവിയാണു്.

മാണി— (എഴുന്നേല്ക്കുന്നു) തന്നെ ഞാൻ മര്യാദപഠിപ്പിക്കും.

എത്ത— പക്ഷേ താനായിരിക്കും മര്യാദ പഠിക്കുക

കത്രീന— എടാ, എത്തപ്പാനെ നീ പോയി കാപ്പി ശരിപ്പെടുത്താൻ.

എത്ത— കാപ്പി ശരിപ്പെടുത്തുന്നതിനുമുമ്പു് ഈ കാട്ടുകള്ളനെ ശരിപ്പെടുത്തിയിട്ടുള്ള കാര്യമുള്ളു (എത്തപ്പൻ മാണിയുടെ കഴുത്തിൽപിടിച്ചുതള്ളുന്നു. രണ്ടുപേരുംകൂടി തല്ലുകൂടുന്നു)

മാണി— അയ്യോ അയ്യോ (നിലവിളിച്ചുഓടിപോകുന്നു)

## കർട്ടൻ

## രംഗം 2.

(തോമസിൻെറ വീട്, മുൻവശത്തു രണ്ടു കസേലകളും, ഒരുബെഞ്ചും കിടക്കുന്നു. രംഗത്തു് ആരുമില്ല. കത്രീന സ്റ്റേജിലേക്കുവരുന്നു. കണ്ണാടിയിൽനോക്കി തലചീകാൻ ഭാവിക്കുന്നു. ചീപ്പുകാണുന്നില്ല. കോപത്തോടെ)

കത്രീന– എടീ ആഗ്നസേ

ആഗ്നസ്– എന്തോ

കത്രീന– ഇവിടെ വരാൻ (ആഗ്നസ് ചീപ്പുംകൊണ്ടുവരുന്നു) നീയെൻെറ ചീപ്പെടുത്തോ

ആഗ്നസ്– ഉവ്വ് ചേടത്തി

കത്രീന– എനിക്കതിഷ്ടമില്ല, ഞാൻ ഉപയോഗിക്കുന്ന സാധനങ്ങളൊന്നും തൊട്ടുപോകരുത്. അസത്ത് നില്ല് കണ്ടില്ലേ തൊരപ്പൻെറ മാതിരി (കത്രീന ചീപ്പ് വാങ്ങി ഒടിച്ചു മുററത്തേയ്ക്കെറിയുന്നു.)

ആഗ്നസ്– എന്തിനാ ചേടത്തി അതു ഒടിച്ചുകളഞ്ഞതു്. എൻെറ ചീർപ്പ് ഇന്നലെ ഒടിഞ്ഞുപോയതുകൊണ്ടാണ് ഇന്നു തലയീരാൻ ഞാനതു് എടുത്തതു്. മേലിൽ എടുക്കുന്നില്ല.

കത്രീന– നിൻെറ തന്ത തെണ്ടിച്ചതാണോടി ആ ചീർപ്പ് നിൻെറ സ്വന്തം മുതലുപോലെയാണല്ലോ നീയതെടുത്തു ഉപയോഗിച്ചതു്.

ആഗ്നസ്– ചേടത്തി എൻെറ പേരിൽ അങ്ങനെയൊരു തെററു വന്നുപോയി. ക്ഷമിക്കണം.

കത്രീന– എടീ നെറിവുണ്ടോടി നിനക്ക് നിൻെറ തന്തക്കുനെറിവുണ്ടോടീ.

ആഗ്നസ്– (കരയുന്നു) ചേടത്തി എന്തിന് എൻെറ അപ്പനും മററു വിളിക്കുന്നു. ചേടത്തിയെന്നെ എത്രയെങ്കിലും തല്ലിക്കൊ എന്തിനു് ഈ വേണ്ടാസനങ്ങൾ പറയുന്നു.

കത്രീന– എന്തടി വിളിച്ചാല്ല്. ഈ കുഡുംബത്ത് നെറിവുള്ളതു് ഒരെണ്ണമുണ്ടോടി. (ആഗ്നസിൻെറ പുറത്തു അടിക്കുന്നു. ആഗ്നസു കരയുന്നു. ഉടനെ കുര്യൻ പ്രവേശിക്കുന്നു. കുര്യൻ കോപത്തോടെ കത്രീനയെ ഉഗ്രമായി നോക്കിക്കൊണ്ടു്)

കുര്യൻ– ഇതെന്താണു് ചേടത്തി.

കത്രീന– നീ പോടചള്ളകാര്യസ്ഥ. നീയാണിപ്പോഠം ഞാൻ ചെയ്യുന്നതു് ചോദ്യം ചെയ്യാൻ വന്നിരിക്കുന്നതു്

കുര്യൻ– ചോദ്യം ചെയ്യാനല്ല കാര്യം അറിയാനാണു്.

കത്രീന– നീയിപ്പോഠം അതൊന്നും അറിഞ്ഞിട്ടാവശ്യമില്ല. എവിടെയായിരുന്നു ഇതുവരെ തീററിയും കഴിഞ്ഞു തെണ്ടി നടന്നിരുന്നതു്

കുര്യൻ– എന്താണു് ആഗ്നസേ ഉണ്ടായതു്.

ആഗ്നസ്– ഞാൻ (കരയുന്നു)

കത്രീന– ഹൌ നീയങ്ങടു് പറഞ്ഞാൽ

കുര്യൻ– പറയൂ ആഗ്നസേ സംഭവം

ആഗ്നസ്– ഞാൻ ചേടത്തിയുടെ ചീർപ്പെടുത്തു തലയീരി

കുര്യൻ– എന്തിനു് നീ ചേടത്തിയുടെ ചീർപ്പെടുത്തു

ആഗ്നസ്– എൻെറ ചീർപ്പൊടിഞ്ഞുപോയി.

കത്രീന– എടാ പ്രമാണി എന്നാൽ നീയൊന്നു പുതിയതു് വാങ്ങി കൊടുക്കാമായിരുന്നില്ലെ തെണ്ടിച്ചെക്കാ

കുര്യൻ– എന്നിട്ടു ചേടത്തി എന്തുചെയ്തു.

ആഗ്നസ്– എന്നെ കുററം പറഞ്ഞപ്പോഠം ഞാൻ കരഞ്ഞു

കുര്യൻ– അത്രയേയുള്ളു. നിന്നെതല്ലിയോ

കത്രീന– എന്തടാ തല്ലിയാല്ല് നീയെന്തുചെയ്യും.

കുര്യൻ– ചേടത്തീടെ കുഡുംബത്തു് കുറെ കാശുണ്ടെന്നു കരുതി ഏറി മറിയുകയൊന്നും വേണ്ട. ചേടത്തിയുടെ തല്ലുകൊണ്ടു കിടക്കാനൊന്നും ഞങ്ങഠം തീരുമാനിച്ചിട്ടില്ല.

കത്രീന– എന്നാൽ വേഗംപോട.

കുഞ്ഞൻ— ഒരാഴ്ചകഴിഞ്ഞോട്ടെ. എനിക്കൊരു ജോലി കിട്ടാമെന്ന് വെച്ചിട്ടുണ്ട്. എന്നും ചേടത്തിയുടേയും ചേട്ടൻറയും കാശുകൊണ്ട കഴിയാമെന്നൊന്നും ഞങ്ങൾ കരുതീട്ടില്ല.

കത്രീന— എന്നാൽ ഇപ്പോൾത്തന്നെ ഇറങ്ങിയാട്ടെ.

കുഞ്ഞൻ— അത്രയ്ക്കൊന്നും പറയേണ്ട. ഈ വീട്ട ഞങ്ങളുടെ കാരണവരുടെ വകയാണ്. ഞങ്ങൾ ഇറങ്ങിത്തന്ന് നിങ്ങളെ തനിച്ചു പാർപ്പിക്കാമെന്നൊന്നും ഞങ്ങൾ കച്ചീട്ട് വെച്ചട്ടില്ല എങ്കിലും ഞങ്ങൾപൊയ്ക്കൊള്ളാം. അധികം താമസിയാതെ

ആഗ്നസ്— വേണ്ടചേട്ടാ. ഞാനാണ് തെററചെയ്തത്. അതിന് ജേഷ്ഠത്തിയോട്ട കൊച്ചേട്ടൻ കോപിക്കരുത്.

കത്രീന— ഹൌ നിൻെറ കൊച്ചേട്ടൻ കോപിച്ചാൽ എൻെറ തലയെടുക്കും (പുച്ഛഭാവം നടിക്കുന്നു.)

കുഞ്ഞൻ— ക്ഷമയ്ക്കൊരു അതിരുണ്ടചേടത്തി തലയെടുത്താലും ഇല്ലെങ്കിലും.

ആഗ്നസ്— ചേടത്തി ഞാൻ ചെയ്തതു തെററിപ്പോയി. മേലിൽ ഒരിക്കലും ചേടത്തിയുടെ ചീർപ്പെന്നല്ല യാതൊന്നും എടുക്കുകയില്ല.

കത്രീന— ഹാവ്, ഒരു പുണ്യളത്തി. നിൻെറ കളവുകള്ള ഇന്നാമിന്നലയും തുടങ്ങിയതല്ല. നിന്നെയെനിക്ക നേരത്തെ അറിയാമെടി.

കുഞ്ഞൻ— (കോപത്തോടെ) എന്ത് ആഗ്നസ് കളവ് ചെയ്യുമെന്നോ എന്താ ചേടത്തി പറഞ്ഞത്. (കത്രീനയുടെ അടുക്കലേക്ക നീങ്ങുന്നു.)

ആഗ്നസ്— വേണ്ടാ കൊച്ചേട്ടാ (കുഞ്ഞനെ തടഞ്ഞു നിത്തുന്നു.) ഞാനാണ് ഇതിനു് കാരണക്കാരി. കൊച്ചേട്ടൻ എന്നെ തല്ലികൊന്നാലും ചേടത്തിയെ ഒന്നും ചെയ്യരുത്.

കുഞ്ഞൻ— ആഗ്നസേ നീ കരയാതിരിക്ക്. ഞാൻ ഇപ്പോൾത്തന്നെ പോയി ആലോചിച്ചുനോക്കട്ടെ. പത്തു രൂപയെങ്കിലും ശമ്പളം കിട്ടിയാൽ അതുകൊണ്ട കഴിയുകയാണ് ഈ ഇടികൊണ്ടു കിടക്കുന്നതിലും ഭേദം (കുഞ്ഞൻ പോകുന്നു)

കത്രീന— എടീ നിന്നെ ഞാൻ ശരിപ്പെടുത്തുമെടീ (ആഗ്നസിന്റെ ചെവിയിൽപിടിച്ചുആട്ടികൊണ്ടു് തള്ളുന്നു. ആഗ്നസ് വീഴുന്നു) എഴുന്നേററുപോടി അവിടന്നു്. നീയും നിന്റെ ആങ്ങളയുമാ ഇനിഎന്നെ പഠിപ്പിക്കുവാനിരിക്കുന്നതു് (ആഗ്നസ് എഴുന്നേല്ക്കുന്നു. കരയുന്നു. തോമസ് പ്രവേശിക്കുന്നു. രംഗം വീക്ഷിച്ചുകൊണ്ടു ഒന്നും മിണ്ടാതെ നില്ക്കുന്നു) നിങ്ങൾ എന്തിനു് നടക്കണു്. ഈ ദരിദ്രകോലങ്ങളുടെ കൂടെ പൊറുക്കാൻ എന്നെക്കൊണ്ടാവില്ല. ഈരാൻ വന്നാൽ ചീപ്പില്ല. ആ തെണ്ടിച്ചെക്കനെക്കൊണ്ടു ഇവിടെ ഇരിക്കുവാൻ വയ്യ. എന്നെക്കൊണ്ടാവില്ല. ഞാൻ ഒരു നല്ല വീടെടുത്തു് വേറെ താമസിക്കുവാൻ പോകയാണു്. നിങ്ങൾ പോരുന്നോ അഭിമാനം ഉള്ള ഒരു ഭത്താവല്ല നിങ്ങള് (ആഗ്നസിന്റെ നേരെ തിരിഞ്ഞുകൊണ്ടു്) എന്തെടി നിന്നോടു അകത്തേയ്ക്കു പോകാൻ (ആഗ്നസിനെ അടിക്കുന്നു, ആഗ്നസ് അകത്തേക്കുപോകുന്നു.)

തോമസ്സ്— എന്തുചെയ്യും. ഇവിടെ ആകപ്പാടെ കലഹമാണല്ലോ ഈ സ്ഥിതിയിൽ നാം ഇവിടന്നു് മാറിത്താമസിയാതെ ഗത്യരമില്ല. (ആഗ്നസ് പ്രവേശിക്കുന്നു)

ആഗ്നസ്— വേണ്ടവല്ല്യേട്ടാ. ഞാനാണു് തെററുചെയ്തതു് ഞാൻ ചേടത്തിയുടെ ചീപ്പെടുത്തു തലയിരി. അതെന്റെ തെററാണു്. മേലിൽ ഒരിക്കലും ചെയ്യില്ല.

കത്രീന— അവൾ പിന്നെയും വന്നല്ലോ. എടീ ഇവിടെ നിന്നെ ആരെങ്കിലും വിളിച്ചോ? (കത്രീന ആഗ്നസിനെ തള്ളുന്നു. ആഗ്നസ് കരയുന്നു. പെട്ടന്നു് കുഞ്ഞൻ പ്രവേശിക്കുന്നു.)

കുഞ്ഞൻ— ജേഷ്ഠാ. ഇതു കണ്ടിരിക്കുവാൻ ജ്യേഷ്ഠന്റെ ആണത്തം സമ്മതിക്കുന്നുണ്ടല്ലോ, ജ്യേഷ്ഠന്റെ സ്വന്തം സഹോദരിയെ ജ്യേഷ്ഠന്റെ ഭാര്യ ജ്യേഷ്ഠന്റെ മുമ്പിൽ വെച്ചു ഉപദ്രവിക്കുന്നതു് കാണാൻ ജ്യേഷ്ഠനു് ലജ്ജയില്ലേ?

തോമസ്— ഞാനെന്തുചെയ്യും നിങ്ങളൊാവരും തമ്മിൽ തല്ലുകൂടിയാൽ.

കത്രീന— (കുഞ്ഞനെ നോക്കികൊണ്ടു്) എടാ അധികപ്രസംഗി ആരുടെ ചോറാനീയും ആഗ്നസ്സും തിന്നുന്നതെന്നു് നിനക്കോർമ്മയുണ്ടോ?

കുഞ്ഞൻ— നിങ്ങളുടെ പണത്തിൻെറ ചോറു ഞങ്ങൾക്കിനിവേണ്ടാ.

കത്രീന— (തോമസിനെ നോക്കിക്കൊണ്ട്) ഇതൊന്നും നടപ്പുണ്ടാകുന്ന കാര്യമല്ല ഈ തെണ്ടിച്ചെക്കനും പെണ്ണും ഇവിടന്നു് പോകുകയില്ല. ഇവററങ്ങളുടെ കൂടെ ഈ നരകത്തിൽ കിടക്കാൻ എന്നെക്കൊണ്ടാവില്ല. ഞാൻ എൻെറ വഴിക്കുപോകുകയാണ്. നിങ്ങൾക്കുവേണമെങ്കിൽ പോരെ. ഞാൻ പട്ടണത്തിൽ ഒരു പുതിയ വീടു വാടകക്കെടുത്തു താമസിക്കുവാൻപോകയാണ്. (കത്രീന ഒരു ലതർബാഗ് എടുത്തു ഇറങ്ങി നടക്കുന്നു.)

തോമസ്— ഞാൻ കൂടെപോകാതെ എന്തുചെയ്യും (കത്രീനയുടെ പിന്നാലെപോകുന്നു.)

ആഗ്നസ്— ചേടത്തി. പൊന്നു ചേടത്തി. ദൈവത്തെ ഓത്തു എന്നോടു ക്ഷമിക്കണെ; വല്ലേുടുഞാൻ അറിവില്ലാതെ അങ്ങിനെ ചെയ്തുപോയി. ദൈവത്തെ ഓത്തു നിങ്ങൾ പോകരുതു്

കത്രീന— ഫ. തെണ്ടിപെണ്ണേ (തോമസിനെ നോക്കികൊണ്ടു) നിങ്ങൾ എൻെറ കൂടെപോരുന്നോ. ഞാൻ അരനിമിഷം ഇനി ഇവിടെ നില്ക്കുകയില്ല. ഇവരുമായുള്ള "ബന്ധം എനിക്കൊരു **ബന്ധന**"മാണ്. (കത്രീന മുമ്പും തോമസ് പിന്നിലുമായി പോകുന്നു.)

ആഗ്നസ്— ചേടത്തി (പൊട്ടിക്കരയുന്നു. കുഞ്ഞൻ കോപത്തോടെ രംഗം നോക്കി നില്ക്കുന്നു) നാമിനി എങ്ങിനെ കഴിയും കൊച്ചേട്ടാ.

കുഞ്ഞൻ— എങ്ങിനെയെങ്കിലും കഴിയും. എന്നും ജ്യേഷ്ഠൻെറയും ജ്യേഷ്ഠത്തിയുടേയും കാലുപിടിച്ചുകൊണ്ടു കഴിയുക സാദ്ധ്യമല്ലല്ലൊ. (കുഞ്ഞൻപോകുന്നു )

ആഗ്നസ് (മുട്ടുകുത്തിനിന്നുകൊണ്ടു്) ദൈവമേ അനാഥരായ ഞങ്ങളെ അങ്ങുന്നു കൈവിടല്ലേ. ആരും ആശ്രയമില്ലാത്ത ഞങ്ങളെ അങ്ങു രക്ഷിക്കണെമെ (ആഗ്നസ് ആ മുട്ടു കുത്തിയ നിലയിൽ ഒരു ശോകഗാനം പാടുന്നു. പാട്ടിൻെറ അവസാനം കർട്ടൺ വീഴുന്നു.)

## കർട്ടൺ

## രംഗം 3

(ചാക്കമുതലാളിയുടെ വീട്. സ്റ്റേജിൽ ഒരു ബഞ്ചും രണ്ടുകസേലകളും കിടക്കുന്നു. ചാക്കമുതലാളി കസേലയിൽ ഇരിക്കുന്നു. ചാക്കമുതലാളിക്ക് സാമാന്യം തടിയുള്ള ശരീരം. ഷർട്ടും മുണ്ടും ധരിച്ചിരിക്കുന്നു. കയ്യിൽ വാക്കിങ്ങ് സ്റ്റിക്കുണ്ട്. അമ്പതുവയസ്സും പ്രായം.)

ചാക്ക— (മാണി കയ്യിൽ ബന്ധുതലിസ്റ്റുമായി പ്രവേശിക്കുന്നു) ആരാതു് മാണിയോ

മാണി— അതേ ഞാൻ ഇപ്പോഴാണു തന്നെ ഇങ്ങോട്ടു എത്തിയുള്ളു. അന്നു നമ്മളാപറഞ്ഞവീട്ടുകളിലൊക്കെപോയി. ഒക്കെ പററാവുന്നതാ (ജോസ് മുതലാളിയുടെ മകൻ ഇരുപതുവയസ്സ് പ്രായം ബുഷ്കോട്ടും മുണ്ടും ധരിച്ചിരിക്കുന്നു. കാഴ്ചയിൽ ഒരു യുവകോമളൻ പെട്ടെന്നു് പ്രവേശിക്കുന്നു)

ജോസ്— തനിക്കായിരിക്കും അല്ലേ. (കോപത്തോടെ മാണിയെ നോക്കുന്നു.)

മാണി— അതേയ്, മോനോന്നുപോയികാണു് ആദ്യംതന്നെ ഇത്ര നല്ല കുട്ടികളെഒക്കെയും കണ്ടാൽ വിടാൻപററുമോ പററുല്ല.

ചാക്ക— (ജോസിനെ നോക്കിക്കൊണ്ടു്) ഇവനൊരാളെക്കൊണ്ടു മിണ്ടിക്കില്ലല്ലോ.

ജോസ്— (മാണിയെ നോക്കിക്കൊണ്ടു്) എടോ തരത്തിനൊത്തുവന്ന് ആലോചന പറയാൻ ഇങ്ങോട്ടു വരരുതു് മനസിലായോ.

ചാക്ക— (ജോസിനെ നോക്കിക്കൊണ്ടു്) നീയൊന്നുമിണ്ടാതെ പോയേൻ ഇവിടന്നു് (ജോസ് പോകുന്നു)

മാണി— അവനാപൊക്കോട്ടെ. അവനുള്ളപ്പോഴം എല്ലാകാര്യവും നമുക്കു തുറന്നുപറയാൻ പററുമോ പററുല്ല. ഞാൻ നമ്മുടെ കിട്ടം പടിക്കലെ മുതലാളീടെ വീട്ടിൽപോയിട്ടു ഊണു കഴിച്ചു കാപ്പികുടിച്ചു എന്തൊരു സ്നേഹമുള്ള ജാതിയാ. എന്തൊരു കാപ്പിയാ അവരു് തന്നതു്. ഓരോ നേന്ത്രപ്പഴം വിളമ്പിയേക്കുന്നതു് ആനക്കൊമ്പു് ആനക്കൊമ്പു് പോലെയാ. ഞാനതു മറക്കുല്ല. അതൊരഞ്ചാറെണ്ണം ഞാനടിച്ചു.

ചാക്ക— അപ്പോൾ മാണിക്ക മുറുക്കണോ.

മാണി— പിന്നെ പിന്നെ വേണം വേണം.

ചാക്ക— എടാ എത്തപ്പാ, എടാ എത്തപ്പ (എത്തപ്പൻ അടുക്കളയിൽനിന്നുകൊണ്ടു)

എത്തപ്പൻ— എന്താ

ചാക്ക— എന്തുട്ടകെന്തോ അവൻെറ വിളിക്കോക്കല്യ കേട്ടില്ലേ. ഇങ്ങോട്ടുവരാൻ

എത്തപ്പ— (പ്രവേശിക്കുന്നു. ആകപ്പാടെ പുച്ഛഭാവത്തിൽ മാണിയെ നോക്കുന്നു എന്താ).

മാണി— എന്ത ഇവൻ വെട്ടുപോത്തുപോലെ നോക്കുന്നെ.

എത്ത— തൻെറ ഇരിപ്പിൻെറ ആ തൊലിക്കട്ടി കണ്ടിട്ടുതന്നെ.

ചാക്ക—നീയെന്നുപോയി മുറുക്കാൻകൊണ്ടുവാ.

എത്തപ്പ—അപ്പോൾ ഇയാള്ള മുറുക്കും ഇല്ലേ?

മാണി— എന്നാണു് വിചാരിക്കേണ്ടതു്. ഒന്നും നിർബന്ധമില്ല. ട്ടൊ മുറുക്കുന്നേടത്തുചെന്നു പെട്ടാമുറുക്കും. വലിക്കുന്നേടത്തു് ചെന്നു പെട്ടാ ബീഡിയൊ സിഗ്രട്ടൊ വലിക്കും ചില പ്പൊകിട്ടിയാൽ കഞ്ചാവും വലിക്കും. പൊടി കിട്ടിയാൽ അതും തട്ടും. ചാരായം കിട്ട്യാൽ അതിനുല്ലാട്ടൊ എനിക്കു വിരോധം. അതും തട്ടും അത്രതന്നെ.

എത്തപ്പ— കള്ളെങ്ങിന്യാ. വെറുതെ കിട്ടിയാൽ കുടിക്കുമോ?

മാണി— കള്ള എനിക്കു് രണ്ടു കുപ്പി കിട്ടാഞ്ഞാൽ പററല്ല. അതു കാലത്തും വൈകുന്നേരവുംവേണം അല്ലെങ്കിൽ ആകപ്പാടെ ഒരു സുഖാവില്ല. അപ്പോൾ ഞാൻ കള്ളുകുടിക്യോന്നു ചോദിച്ചാൽ കുടിച്ചില്ലാന്നു പറയാം. എന്നാൽ കുടിച്ചില്ലേ കുടിച്ചൂന്നുംപറയാം. എന്നാൽ അതൊരു കുടിയാണോ അല്ലാന്നുപറയാം. അല്ലാതെ അധികം കുടിക്കാൻ എനിക്കു പററുമോ പററല്ല.

എത്തപ്പ— പിന്നെ കുടിക്കുന്നതു ചക്കാത്താവും അല്ലേ?

മാണി— എവിടന്നു്.

എത്ത— ലോഹ്യക്കാരിൽ നിന്നെ

മാണി— എന്താണെന്നു് നോക്ക. നീയിപ്പോഠം എൻെറ ലോഹ്യക്കാരനല്ലേ. ഒരൊന്നര കുപ്പികുടിച്ചോന്നും പറഞ്ഞു വേടിച്ച തരാൻ നിനക്ക വല്ലപ്പോഴും തോന്നിയോ. ഇതാലോഹ്യക്കാരുടെ സ്ഥിതി.

എത്തപ്പ— എടോ. അപ്പോഠം ഒരു കുപ്പികള്ളകുടിച്ചാൽ എത്തിന്യാ ഈ വഴിലു് വീണ കിടന്നു ശർദ്ദിക്കുന്നതു്. ഓരോ കുപ്പി ഓരോ കുപ്പിയായിട്ടാവും അഞ്ചാറു കുപ്പിയടിക്കുന്നതു്.

ചാക്കു— അതുപോട്ടെ. നീപോയി മുറുക്കാൻകൊണ്ടുവാ (എത്തപ്പൻ പോകുന്നു.)

മാണി— അപ്പോഠം അതൊക്കെ പോട്ടെ പെണ്ണിൻെറ ആങ്ങള ഞായറാഴ്ച കാലത്തു ഇങ്ങോട്ടു വരാമെന്നു് പറഞ്ഞിട്ടുണ്ടു്. അവിടത്തെ ഒരുക്കം വളരെ കേമാന്നു ഇറച്ചികൊണ്ടു വട്ട മുതൽ അവർ ഉണ്ടാക്കിയിട്ടുണ്ടു്. ഹവ് എന്തരു് ജാതിവട്ട

ചാക്കു— ഹറയ്, വട്ടയോ. അതുകട്ട്ലററ ആവും.

മാണി— എന്തായാലും നല്ല സാധനമാ തിന്നാൻ പൊടിയൻ സാധനമാ. ധാരാളമുണ്ടായിരുന്നു താനും. ഞാനതൊരു തട്ടുതട്ടി. അവരു് ഇങ്ങോട്ടു കാണാൻ വരുന്നേന്നു് നമുക്കും ആ സാധനം ഉണ്ടാക്കണം. പത്തിരുപതിനായിരം രൂപയും പത്തു നൂററമ്പതു പവൻെറ സാമാനോം കിട്ടാൻ ചാലുണ്ടു്. അതിനുള്ള പ്ലാനൊക്കെ ചെയ്തിട്ടാ ഞാൻ പോന്നതു്.

ചാക്കു- കുട്ടി ഒരുമാതിരി വാർചാലുണ്ടോ കണ്ടാലു് നല്ലതാ.

മാണി- ഏതവരു് കണ്ടാലും ഒന്നുകൂടിനോക്കും. ഭംഗിയില്ലാത്തന്നേ വല്ലവരും രണ്ടാമതു് നോക്കുമോ?

ചാക്കു- അപ്പോഠം പോയി കാണേണ്ട ആവശ്യമില്ലല്ലോ.

മാണി- വേണ്ടവേണ്ട, എന്നാലും ഒന്നായിക്കോട്ടെ ഇപ്പോഴത്തെ പിള്ളരല്ലേ. അവക്കു് ഒന്നു പോയികാണാഞ്ഞാൽ എത്രയായാലും അത്ര തൃപ്തിയാവില്ല. ഞാൻ പെണ്ണുകെട്ടിയകാല

ത്തു് എൻെറ വല്യപ്പനാ നമ്മുടെ ത്രേസ്യേനെ കാണാൻ പോയതു്. അന്നത്തെ കാലത്ത് അതുമതി. ഇന്നതുപോരാ, മാത്രമല്ല ഇക്കാലത്ത് പെണ്ണുങ്ങളുംകൂടിയാ പെണ്ണു് കാണാൻ നടക്കുന്നതു്. ചെക്കനു് മാത്രം പിടിച്ചാൽ പോരാത്രെ പെണ്ണുങ്ങൾക്കുംകൂടി പോതിക്കണമത്രെ. നോക്ക്യേൻ കാലത്തിൻെറ പോക്കു്.

ചാക്കു– എന്നിട്ടു് ആ കുട്ടി എങ്ങിന്യാ കാഴ്ചക്കു്

മാണി– ഏതു പെൻകുട്ടിക്കു കാഴ്ച കാണാനുള്ള താല്പര്യോ?

ചാക്കു– അല്ലടോ പെൺകുട്ടിയെ കണ്ടാലെങ്ങിന്യാണു്.

ഭാണി– കണ്ടാലു പെണ്ണുതന്നെ രണ്ടു കാലുണ്ടു്. കയ്യിരണ്ടുണ്ടു് ഒരു പെണ്ണിനു് വേണ്ടതൊക്കെയുണ്ടു്.

ചാക്കു– അതല്ലടാ ഒത്തു പൂവോന്നു്

മാണി– അതവരോടു് ചോദിക്കണം.

ചാക്കു– ഇവനൊരുവസ്തും തിരിയില്ല. എടാ ഇവനും അവളുമായിട്ടു ഒരു ചേർച്ചയില്ലേ. അതാ ഞാൻ ചോദിക്കുന്നതു്.

മാണി– അതുണ്ടാവും അവനും സൌമ്യപ്രകൃതിയാ അവളും സൌമ്യപ്രകൃതിയാ. അപ്പോൾ തല്ലൊന്നു മുണ്ടാവില്ല. യോജിച്ചു പോകും. ഒത്തുപോകും.

ചാക്കു– എടാ മരത്തലയാ അതല്ല. എടാ കണ്ടാൽ ഒരു തരമില്ലെ ഒരു ജോഡിപോലെ അതാ ഞാൻ ചോദിക്കുന്നതു്

മാണി– ഹൌ അതില്ല. ഇവൻെറ പൊക്കവും തൂക്കവും അവൾക്കുണ്ടാവില്ല. അല്പമെങ്കിലും കുറയും. അവളു പെണ്ണല്ലേ.

ചാക്കു– എടാ പോത്ത പറഞ്ഞാലറിയോ തേങ്ങറിയാം. ഹൈ ഹൈ എടാ മുഖദൃഷ്ടി എങ്ങിന്യാന്നു്

മാണി– മനുഷ്യനെപോലെതന്നെയാ മൃഗദൃഷ്ട്യാന്നു് ആരും പറയില്ല. അല്ലെങ്കിൽപോയി നോക്ക്യേൻ

ചാക്കു— എടാ ഭംഗിയില്ലേ. അതാ ഞാൻ ചോദിക്കുന്നതു്.

മാണി— അതുശരി. അതല്ലേയുള്ള ഭംഗീന്നു് വെച്ചാലും അമ്പിളിമാച്ചൻ ഉദിച്ചപോലെയാണു്. അത്ര പ്രകാശമാ മുഖത്തു്

അതുകാണണം പറഞ്ഞാലൊക്കെ മനസ്സിലാക്കാൻ പററു മോ പററല്ല. എനിക്കിപ്പോഠം തിരിഞ്ഞു. വലിയ പ്രകാശമാ.

ചാക്കര— എന്നാലും ഒന്നുപറഞ്ഞേതൻ.

മാണി— നല്ല കൂരിരുട്ടത്ത് പൊട്ടനുദിച്ചോണം.

ചാക്കര— എന്തു പൊട്ടനോ.

മാണി— അതേന്നെ. ശുക്രൻ. ഏഴരനാഴികപ്പൊട്ടനില്ലേ അതു ഉദിച്ചോണം.

ചാക്കര— അപ്പോഠം രണ്ടു പേരേയും ഒപ്പം നിത്തിനോക്ക്യാലൊ.

മാണി— ഞാൻ പറഞ്ഞതുതന്നെ. ഇരുട്ടും വെളിച്ചവുംപോലെയാ.

ചാക്കര—അപ്പോഠം എൻെറ ചെക്കൻ ഇരുട്ടുപോലെയാ (കോപത്തോടുകൂടി മാണിയെനോക്കുന്നു.)

മാണി— അങ്ങനെ ഇരുട്ടുപോലെയൊന്നുമല്ല പെട്ടെന്ന് (എത്തപ്പൻ പ്രവേശിക്കുന്നു.)

എത്തപ്പൻ— അപ്പോഠം അവളുവന്നാല് വീടുമുഴുവൻ വെളിച്ചാവും പിന്നെ രാത്രിവെളക്ക് കത്തിക്കണ്ടല്ലോ. ഒന്നും കിട്ടിയില്ലെങ്കിലും അതുതന്നെ നടത്തണം മുതലാളി.

ചാക്കര— നിന്നോടു ചോദിച്ചോ. മാണിമുറുക്ക്യേൻ. (മാണി എത്തപ്പാനിൽൻിന്നു മുറുക്കാൻ വാങ്ങിമുറുക്കുന്നു.)

മാണി— പിന്നെ നമമളുപറഞ്ഞ വീടിൻെറ കിഴക്കേവശത്ത് ഒരു കുട്ടിനില്പുണ്ടു്.

എത്ത— ഇപ്പഴും നില്ക്കുകയണോ. ഒരിക്കലും ഇരിക്കം കിടക്കേം ചെയ്യില്ലേ. അതുകഷ്ടാ.

മാണം— ഹൈ. ഇവനെന്താ പററിയതു്. ഇവനു് ആരാണ്ടു് ഏതാണ്ടു ചെയ്തതാ. നീപോട.

ചാക്കര— എടാ എത്തപ്പാ നിന്നോടുചോദിച്ചാൽപറഞ്ഞാൽമതി.

മാണി— അല്ല. ഈ വേലക്കാരു കേറിമറഞ്ഞാൽ പററുമോ പററല്ല പിന്നെ ഈ കുട്ടീടെഒരാങ്ങളച്ചെക്കൻ കെട്ടാണ്ടു നില്പുണ്ടു്.

എത്തപ്പൻ— അവനും ഒരിക്കലും ഇരിക്കില്ലെ. ഭയങ്കരം ഭയങ്കരം

മാണി— ഇവനെന്താ പററിയതു്. ഇവൻ പൊകലകൊണ്ടുവന്നില്ലല്ലൊ ഒക്കെ പോട്ടെന്നു് വെയ്ക്കുക. അല്ല.

എത്ത— ഒക്കെപോകട്ടെടൊ. എടൊ തൻെറ ഭാൎയ്യതൻെറ മുഖത്തു് പത്തിരുപതു് തന്നുന്നുകേട്ടല്ലോ.

മാണി— ഹേയ് അങ്ങിനെയൊന്നു മുണ്ടായില്ല മുതലാളി. അഞ്ചാറടി പുറത്തു് മാത്രമേ അടിച്ചുള്ളു.

ചാക്ക— അപ്പൊ തൻെറ ഭാൎയ്യ തൻെറ പുറത്തടിച്ചില്ലെ?

മാണി— അടിച്ചു.ന്നെ. അതിനു ആക്കാവേദനിച്ചതു് അവാംക്ക തന്നെ.

എത്ത— അപ്പോംതൻെറകയ്യി കൊളമ്പിനു്പോയെക്കായിരുന്നോ.

മാണി— കയ്യൊക്കെ സ്ഥാനത്തുണ്ടായിരുന്നു. ഞാൻ ചെറുപ്പത്തിലെ ആനക്കാരനായിരുന്നു. ഉറക്കെത്തല്ലിയേ ഞാൻ ശീലിച്ചിട്ടുള്ളു. പതുക്കെ തല്ലിയാൽ ആനയ്ക്കു പററുമോ പററല്ല. ഞാൻ ഒന്നടിച്ചാലു് പിന്നെയവളെ ഒന്നിനും കൊള്ളാതെയാകും. അവളഞ്ചാറടിച്ചു എനിക്കു പററുമോ പററല്ല.

ചാക്ക— അപ്പൊ അടിനടന്നു.

എത്തപ്പൻ— അടിച്ചതുപോകട്ടെ. ഒരാഴ്ചക്ക ഇയാളെ അകത്തിട്ടു വാതിലടച്ചു കഞ്ഞികുടികൊടുക്കാതെയിട്ടതാ അവളുടെ അഹമ്മതി

മാണി— അതു ശരിയല്ല മുതലാളി വാസ്തവം ഇതാ എന്നെ പുറത്തിട്ടാ വാതിലടച്ചതു്. അതും ഒരാഴ്ചയൊന്നും ഉണ്ടായില്ല. അഞ്ചുദിവസേ ഉണ്ടായുള്ളു. അതിനു മുററം മുതിര വെയിലത്തിടാൻ മെഴുകിട്ടുണ്ടായിരുന്നു. എനിക്കു അകത്തുകിടക്കണം എന്നില്ല. ഞാൻ എവിടെ കെടന്നാലും ഉറങ്ങും. ഒറങ്ങാണ്ടിരുന്നാ പററുമോ പററല്ല.

ചാക്ക— നീയപ്പോ നമ്മുടെ പുള്ളൻവീട്ടിൽ പോയില്ല. അതുപറഞ്ഞില്ലല്ലോ.

മാണി– പോയി. ആകപ്പാടെ തക്കേടില്ല. അവരുടെ വൈ ക്കത്തുറകാണണം. പേടിച്ചുപോകും. നെല്ല് കൊറച്ചെത്രാ നാ കേറുന്നതു്. കളം കാണണം ഒരു രാജ്യം മുഴവൻ കളമാ

എത്ത– ഏതു രാജ്യടോ ഇതു കൊളമ്പട്ടത്താ.

മാണി– അല്ലെടാ, അവരുടെ വീട്ടിലെ നെല്ലുവെയിലത്തിടുന്ന ക ളമാ. നീ മര്യാദക്ക ചോദിച്ചാൽ ഞാൻ പറയാം. അവിട ത്തെ കുരുമുളകു് കാണണം. ഓരോ ചക്കക്കുരുവോളമുണ്ടു്. എന്തരു് മൊളകു്. നടണമെങ്കിൽ അത്തരം മുളകുകൊടി ന ടണം എന്നമുണ്ടെങ്കിൽ ഞാൻ അവടന്നു് ഒരു കല്യാണംകൂ ടി കഴിച്ചേനെ പക്ഷേ അതിനു് നമ്മുടെ ജാതിക്ക ഒന്നൊള്ള പ്പോഴം വേറെ പെണ്ണു പറവല്ലല്ലോ.

ചാക്ക– നിനക്കിപ്പാഴം ഇത്ര വയസ്സായിട്ടും ഇനിംവേണന്നുണ്ടോ?

മാണി– ഹേയ്. അതുകൊണ്ടല്ല. ആ രാജ്യത്തിൻെറ ഗുണംകൊണ്ടു പറഞ്ഞുന്നൊള്ളു.

ചാക്ക– അപ്പോഴം അതായാലെന്താ നമുക്ക തരക്കേടു്

മാണി— എല്ലാംകൊണ്ടും പറവം പിന്നെയൊരു കാര്യമുള്ള തു്. അല്ല, ഇക്കാലത്താരും അതു നോക്കാറില്ല. അതൊക്കെ നോക്കിയിരുന്നാൽ നടപ്പില്ല.

ചാക്ക— അല്ലപറയു എല്ലാം അറിയട്ടെ. അല്ലാതെ എങ്ങിനെയാ തീരുമാനിക്ക.

മാണി— കാര്യമിതാ, ഈ കുട്ടീടെ അപ്പാപ്പനു് ഒരു പൊടിക്ക അ രപ്പിരി അഴവുണ്ടേന്നു.

എത്ത— അപ്പോഴം അയാളും കൊളമ്പിനു് പോയോ തന്നെപ്പോ ലെ.

മാണി— (കോപത്തോടെ) എന്തടാ നീ എന്നെപ്പോലെന്നു പറയു ന്നേ എനിക്കങ്ങനെ വല്ലതുമുണ്ടോ?

എത്തപ്പൻ— എന്നാലും മുഴവൻ അഴവുണ്ടായിരുന്നില്ലല്ലോ. പി ന്നെ കള്ളുതീരെ തൊടിക്കാതിരുന്നാൽമതി. ഒരു കുഴപ്പവു മുണ്ടാവില്ല.

മാണി — ഹേയ് അതൊരു ദോഷമായിട്ടു പറഞ്ഞുകൂടാ

എത്ത— ഹേയ് പറഞ്ഞുകൂടാ ദോഷവുമല്ല പാപവുമല്ല.

ചാക്ക — അതുപോട്ടെ എത്രവയസ്സാകും പെങ്കുട്ടിക്ക്

മാണി— കുട്ടികളവന്നാ

എത്തപ്പ— എടോ വന്നതുംപോയതുമല്ല. ഇപ്പോഴത്തെ വയസ്സാ ചോദിച്ചതു്.

ചാക്ക— ഇരുപതിൽ കൂടുമോ?

മാണി— ഒരു പത്തിരുപതു് വയസ്സാകുമായിരിക്കും. എങ്ങിനെയായാലും ചെറുക്കനെക്കാളും അധികംകൂടുകയില്ല. പിന്നെപ്പൊ പഠിക്കുന്ന കിടാങ്ങൾക്കു് പ്രായം നോക്കാനുണ്ടോ. പഠിക്കുമ്പോൾ എപ്പോഴും കുട്ടിയല്ലേ?

എത്തപ്പൻ— ആക്കാ. അവൾടെ തന്തസ്സ്വാവും,

മാണി— നീ പോടാ. നിനക്കാനിശ്ചയം.

ചാക്ക— എടോ എല്ലാ കാര്യവും ശരിക്കൊന്നറിയണം. എന്നിട്ടു വേണം തീരുമാനിക്കാൻ.

മാണി— എന്നാൽ ഞാൻ ഇങ്ങോട്ടുനിക്കട്ടെ. കയ്യിൽ കാശുണ്ടോ വൊ ഒരഞ്ചു രൂപ എടുക്കാൻ

ചാക്ക— കാശില്ല.

മാണി— (തലചൊറിയുന്നു. പിറുപിറുത്തുകൊണ്ടു്) ഇല്ല ഇതു നടക്കാൻ പോണില്ല. (മാണിപോകുന്നു)

എത്തപ്പൻ— അയാളൊരു തല്ലിപ്പൊളിമാപ്പിളയാണെന്നെ.

ചാക്ക— അപ്പോൾ നീയാ. നീയതിലും തല്ലിപ്പൊളിയാ. നീ ഇന്നലെ ആ വടക്കേതിലെ കാന്നോരുമായിട്ടു വഴക്കുണ്ടാക്കിയോ?

എത്തപ്പ— ഇല്ല.

ചാക്ക— പിന്നെയെന്താടാ നീ അയാളെ പ്രാവീന്നും മററുമൊക്കെ അയാളു പരാതി പറഞ്ഞല്ലൊ.

എത്തപ്പ— ഞാൻ ഒരഞ്ചു രൂപ ഒരത്യാവശ്യത്തിനു ചോദിച്ചു. അപ്പോഴുണ്ടു് അയാളു പറയണ് അടുത്തകൊല്ലം അടയ്ക്കുപറിയ്ക്കു

മ്പോ തരാന്നു്. അപ്പോഠം ഞാൻ പറഞ്ഞു കാന്നോരെ ചെതല് വിളിച്ചുതുടങ്ങീന്നു്.

ചാക്കു– എന്തടാ ഈ ചെതല് വിളിക്കുന്നതു്.

എത്ത– ചാവാറായിന്നാ അതിൻെറ അൎത്ഥം.

ചാക്കു– നിനക്കാനിശ്ചയം.

എത്തപ്പ– കൊറച്ചൊക്കെ എനിക്കറിയാം. കാലിന്മേൽ നീരുകണ്ടുതുടങ്ങി. അതിൻെറ അൎത്ഥം ഹാർട്ട്‌വീക്കാന്നാ. എന്നുവെച്ചാ സംഗതീ പോക്കാന്നാ. (ചിരിക്കുന്നു) അടുത്ത ക്രിസ്മസ് കൂടല്ല.

ചാക്കു– ഹൌ ഒരു ചള്ളഡോക്ട്ടറു്.

എത്തപ്പ– അതുപ്പൊ ചാക്കുമുതലാളീനിം ചെതലു് വിളിച്ചുതുടങ്ങി. കാൎയ്യം വന്നുത്തിലുണ്ടെങ്കിലും (ചിരിക്കുന്നു.) അല്പംനീരു് (വിരൽകൊണ്ടു ചാക്കു മുതലാളിയുടെ കാലിന്മേൽ ചൂണ്ടീക്കൊണ്ടു്) കാണാനുണ്ടു്. അടുത്ത ക്രിസ്മസിൻെറ കാകാൎയ്യം കൊറച്ചു....

ചാക്കു– (കോപത്തോടെ) ഇവററയൊക്കെ സ്നേഹമില്ലാത്ത ജാതികളാ. ഞാൻ ചത്തട്ടു് എൻെറ നാളോത്തുണ്ണാനാ നീ ചിരിക്കുന്നതു്. എടാ നിനക്കു നാളോത്തും കല്ല്യാണോം വലിയ ഇഷ്ടമാ ഇല്ലേ?

എത്തപ്പ– അങ്ങനെ ഇഷ്ടമൊന്നുല്ല. നാളോത്തുവന്നുപെട്ടാ അതുംകൂടണ്ടെ. കല്യാണം വന്നാൽ അതുംകൂടും. ഏതായാലും അടുത്തൊരു കല്യാണം ഉണ്ടാവാൻ ചാൻസുണ്ടു്. ഇവിടക്കു ക്ഷണിപ്പില്ലെ മുതലാളി. ഇനി അതു ബാക്കടിക്കില്ല.

മുതലാളി– എതു കല്യാണാ നിൻെറയാണോ?

എത്തപ്പ– ഹേയ്, അതല്ല. നമ്മുടെ കാട്ടൻെറ പെണ്ണിൻെറ കല്യാണമാ.

മുതലാളി– അതു എന്ത ഇത്ര ദീൎഘിച്ചതു്.

എത്ത– അതൊരു രസം പിടിച്ച കാൎയ്യമാ.

മുതലാളി– എന്തടാ അതു്.

എത്ത— ചെറുക്കൻെറ വീട്ടുകാരു്വന്നു പെണ്ണിനെ കണ്ടു കാര്യം ഒറപ്പിച്ചു മൂപ്പതു് പവൻെറ പണ്ടം പറഞ്ഞൊത്തു. മനസ്സമ്മതത്തിനു വന്നപ്പോ പെണ്ണിൻെറ അപ്പൻ പറഞ്ഞു ഇരുപത്തഞ്ചു പവനാ തരുള്ളന്നു് എന്തുണ്ടായെന്നറിയാമുതലാളി.

മുതലാളി— അതല്ലേ അറിയേണ്ടതു്.

എത്തപ്പ— ചെക്കൻെറ വല്ല്യപ്പൻ പറഞ്ഞു മൂപ്പതുപവനിൽ ഒന്നും കൊറച്ചു സംഗതി നടക്കില്ലാന്നു്. പെണ്ണിൻെറ തന്ത അഞ്ചു കൊടുക്കില്ലാന്നും.

മുതലാളി— എന്നിട്ടെന്തായി.

എത്തപ്പ— ചെക്കൻ സമ്മതം നടത്താതെ വന്നകാറില് മടങ്ങി. കുറെ ചെന്നപ്പോഠം കാറിൻെറ ഡ്രൈവറു് പറഞ്ഞു ഇതു കാര്യക്കെയൊണ്ണെങ്കിലും ഡീസണ്ടിന്നു് കുറവാന്നു്. അഞ്ചു പവനെ പ്രതി സംഗതി ബാക്കടിച്ചതു് ശരിയായില്ലാന്നു്. അതുകേട്ടപ്പോ ചെക്കൻെറ വല്യപ്പന്നു് ഒരു തോന്നലു് അതുകാര്യാന്നു് അപ്പോഠംത്തന്നെമടങ്ങി പെണ്ണിൻെറ വീട്ടിൽ ചെന്നു.

മുതലാളി— (ചിരിക്കുന്നു) ഹ ഹ ഹ! അപ്പോ കാര്യം തകിടം മറഞ്ഞു അല്ലേ.

എത്തപ്പൻ— ഇതുകേക്കമുതലാളി. അവരു മടങ്ങിവന്നപ്പോ പെണ്ണിൻെറ ആങ്ങളപറഞ്ഞു ഞങ്ങടെ പെങ്കുട്ടി കുഴപ്പത്തിലല്ലാനില്ക്കുന്നതു്. ഇനി എങ്ങിനെയായാലും നിങ്ങഠംക്കു കെട്ടിച്ചുതരില്ലാന്നു്. അവസാനം ഇരുപതു പവൻ കൊടുത്താലും മതി എന്നുവരെ ചെക്കൻെറ വല്യപ്പൻപറഞ്ഞു. പക്ഷെ നടപ്പുണ്ടായില്ല. അങ്ങിനെ ചിരിഞ്ഞു അത്രയല്ലേ പറയേണ്ടു.

മുതലാളി— എന്നിട്ടു് ഇപ്പോഠം ഉറപ്പിച്ചതുവേറെയാ.

എത്തപ്പൻ— അല്ലാന്നെ ഇതുകേഠംക്കു് മുതലാളി. പിന്നെ പെണ്ണിൻെറ വീട്ടുകാരു് വേറെ കുറെയധികം കല്യാണാലോചനനടത്തിനോക്കി. ഒന്നും നടപ്പില്ല. അവസാനം ഈ പറഞ്ഞ

ന്നതന്നെ നടത്താന്നുംപറഞ്ഞു ചെക്കൻെറ വീട്ടിലേയ്ക്കു ആളെ വിട്ടു. അപ്പോ ചെക്കൻെറ വീട്ടുകാരു് മോളിൽകയറി. അതിനു വേറെആളെ നോക്ക്യാൽ മതീന്നും പറഞ്ഞുവിട്ടു. രണ്ടുകൂട്ടരും വേറെ പലതും ആലോചിച്ചുനോക്കി. എവിടെ നടക്കാനാ ഒന്നും നടന്നില്ല. മൂന്നാലുമാസം ഇങ്ങിനെ കഴിഞ്ഞു. അവസാനം എന്തിനു പറയുന്നു.

മുതലാളി– അതുതന്നെ ഉറച്ചുവോ.

എത്തപ്പ– ഇതുഃകറാംകള മുതലാളി രണ്ടുകൂട്ടരും ആകപ്പാടെ തോററു രണ്ടു കൂട്ടരും ഒരു തീരുമാനത്തിലെത്തി. ഇനി അവരുവന്നാ നടത്താന്നു് ചെക്കൻെറ കൂട്ടരും ഇനിവന്നെങ്കി നടത്താന്നു പെണ്ണിൻെറ കൂട്ടരും ഉള്ളുകൊണ്ടു തീരുമാനിച്ചു. എന്നാലും സംഗതി മുട്ടിക്കണ്ടെ.

മുതലാളി– എന്നട്ടു നീയാക്കുട്ടിമുട്ടിച്ചതു്.

എത്തപ്പ– ഹൈ, അതിനു എന്നെകാക്കണ്ടെ. ഞാൻ ഇവിടെ നന്ന്ക്കുന്നു എന്നു കരുതി ഞാൻ അത്രക്ക സ്ററാൻഡേർഡ് താന്നട്ടില്ല. അത്ര ഭോറനല്ല ഞാൻ.

മുതലാളി– പിന്നെ ആരടാ കൂട്ടിമുട്ടിച്ചെ

എത്ത– ഇതുകേറാംകള മുതലാളി. നമ്മുടെ ചട്ടകമാണിയില്ലേ, തരത്തിനൊത്തു പറഞ്ഞുനടക്കുന്നവൻ ഇവിടെ വരാറുള്ളവനെ.

മുതലാളി– ഉവ്വ അവനാ ശരിപ്പെട്ടത്തിയതു്.

എത്ത– അവൻതന്നെ അതയാളുടെ മിടുക്കൊന്നുമല്ല. രണ്ടുകൂട്ടരും വലഞ്ഞപ്പോ സംഗതി നടക്കാന്നുവെച്ചു. ഇനി ബാക്കടെ ച്ചാ സംഗതി ഔട്ട്തന്നെയാ.

മുതലാളി– നമ്മുടെ ചെക്കൻെറ കല്യാണം അടുത്തുതന്നെ നടത്തണം.

എത്തപ്പൻ– അതു അടുത്തൊന്നും നടക്കല്ല മുതലാളി

മുതലാളി (കോപത്തോടെ) നിനക്കാ നിശ്ചയം. നീ പോട നിന്നെൻെറ വഴിക്കു് (എത്തപ്പൻ പോകുന്നു).

## കർട്ടൺ

## രംഗം 4.

(തോമസും കത്രീനയും പുതുതായി താമസിക്കുന്ന കെട്ടിടത്തിന്റെ മുൻവശം. മുൻവശത്ത് കത്രീന കസേലയിൽ ഇരിക്കുന്നു. കത്രീന പത്രം വായിച്ചിരിക്കുന്നു. സ്റ്റേജിൽ ബഞ്ചു കിടക്കുന്നു. ഐപ്പു കൈനീളംകൂടിയ ഷർട്ടു ധരിച്ചിരിക്കുന്നു. പഴയ കണ്ണാട മൂക്കിന്മേൽ ഇറക്കിവെച്ചിരിക്കുന്നു. നാല്പത്തഞ്ചു വയസ്സു പ്രായം. മുടി കുറേശ്ശെ നരച്ചുതുടങ്ങിട്ടുണ്ട്. മുഖ്യതൊഴിൽ മുതലാളിയുടെ വെളിച്ചെണ്ണപീടികയിൽ കണക്കെഴുത്തും കുറേശ്ശെ കല്യാണപ്പൊരുത്തുമുണ്ട്. ഐപ്പു പ്രവേശിക്കുന്നു).

കത്രീന— കണ്ടിട്ടു കുറച്ചുകാലമായല്ലൊ. എന്തൊക്കെയാണ് നാട്ടുവർത്താനങ്ങൾ. ആ ബഞ്ചിന്മേൽ ഇരിക്ക്.

ഐപ്പു— (ബഞ്ചിന്മേൽ ഇരിക്കുന്നു.) ഞാൻ കുറെ ദിവസമായി ഈ പുതിയ താമസസ്ഥലംഒക്കെ ഒന്നു് കാണണമെന്നു് വിചാരിക്കണു. അതിനു എവിടെ നേരം ചാക്കമുതലാളീടെ വെളിച്ചെണ്ണപീടികയിൽ കണക്കെഴുത്തുണ്ട്. അതിനിടയിൽ പലക്കും വിവാഹം ഏർപ്പാടുചെയ്തുകൊടുക്കണം. പിന്നെയും പലക്കും നല്ല ഉപദേശങ്ങൾ കൊടുക്കണം. അങ്ങിനെ പലപണികളുണ്ട്. എന്നുവെച്ചു് പുതിയ നിങ്ങളുടെ താമസസ്ഥലം ഒന്നു കേറികാണണ്ടെ.

കത്രീന— ഇപ്പോൾ നമ്മുടെ ആഗ്നസും കുരിയനും ഒക്കെ എന്തു ചെയ്യുന്നു. പട്ടിണി കിടന്നു ചത്തോ.

ഐപ്പു— ചത്തട്ടില്ല. ചാവാറായിട്ടുണ്ട്. ഇപ്പോൾ അതിന്റെ ലൈൻ ക്ലീയറായി. ഇന്നലെ ഞാനാവഴിക്കപോയി. ഞാൻ നമ്മുടെ ആഗ്നസ്പെണ്ണിനെ വഴീല്വെച്ചുകണ്ടു. എനിക്കതിനെ കണ്ടിട്ടു മനസിലായില്ല. പട്ടിണികിടന്നു ചടച്ചിട്ടു ഒരു മാങ്ങാപ്പൂള പോലെയായി.

കത്രീന— (ചിരിക്കുന്നു) അങ്ങനെവരണം. അവളുടെ ചോപ്പുനിറമൊക്കെ കരുവാളിച്ചുകാണണം. അവളുടെ ഒരു ഡാഗളം.

ഐപ്പ്– ആദ്യം അതിനെകണ്ടപ്പോഠം എനിക്കു തോന്നിയതു് നമ്മുടെ ആകരോട്ടെ പറമ്പിൽ കിടക്കുന്ന ആ വയസ്സിവള്ളോത്തിപ്പറച്ചിയിില്ലേ അതാണെന്നാ തോന്നിയതു്. ചീകികെട്ടാത്ത മുടീം എല്ലുംതൊലിയും മാത്രമായി. ആകപ്പാടെ മുഷിഞ്ഞവേഷം. കരുവാളിച്ചനിറം. ഇപ്പോഠം അതീൻെറ ലൈൻ ക്ലീയറായി.

കത്രീന– അവഠംക്കു് അതിലപ്പുറം വരണം. അവളുടെ കാലത്തുള്ള കുളിയും പ്രസരിപ്പും ചീകലും മിനുക്കലും അതൊക്കെ അവസാനിച്ചുകാണും. സ്കൂളിൽ പോകുന്നുണ്ടോ?

ഐപ്പ്– സ്കൂളിൽ പോണു്. അതൊക്കെ അന്നേ നിന്നില്ലേ. ഫീസുകൊടുക്കാൻ കാശുണ്ടോ പിന്നെ ആ കുയ്യൻചെക്കൻ തെണ്ടീനടക്കുകയല്ലെ.

കത്രീന– അവനിപ്പോഠം മററുള്ളവരുടെ കട്ടേടത്തിട്ടാകും കഴിയുന്നതു്. എന്നാണു് കേഠംക്കുന്നതു്.

ഐപ്പ്– അവനും വളരെ ക്ഷീണിച്ചിട്ടുണ്ടു്.

കത്രീന– അവൻ കക്കാൻചെന്നിട്ടു വല്ലവരും തല്ലിട്ടാവും. അമ്പടാ അവൻെറയൊരു നടിപ്പു്. അവനു് ഒരാളും ഒരു ജോലി കൊടുക്കാതിരിക്കണെ. എൻെറ കുടുംബത്തെ കാശുകൊണ്ടാ അവനും അവളും വളന്നതു്. എന്നിട്ടു ഞങ്ങളുടെ മെക്കട്ടേക്കാ എടുത്തതു്.

ഐപ്പ്– അതിനിക്കറിയാന്നെ. അതവററ അനുഭവിച്ചോളും എനിക്കതിൻെറ ലൈൻ ക്ലിയറാ.

കത്രീന– ഞങ്ങളുടെ സുഖത്തിൽ അവരിപ്പോഠം അസൂയപ്പെടുന്നുണ്ടാകും. എന്താ കാര്യമുള്ളതു്.

ഐപ്പ്– ഒരു കാര്യോല്ല. കുടുംബത്തു് ഒരു നേരംവെയ്ക്കാൻ വഴി ഇപ്പോഠം അവററക്കില്ല.

കത്രീന– അവളു പിച്ചപ്പാളയെടുത്തു തെണ്ടട്ടേ. വഴിനീളെ തെണ്ടട്ടേ. അപ്പോഠം പഠിച്ചോളും.

ഐപ്പ്– ഇപ്പോഠം പഠിച്ചൂന്നെ നിലവിട്ടു ആരും കളിക്കരുതു്. എന്നിട്ടു നമ്മുടെ തോമസ്സാറു വരാറായില്ലേ.

കത്രീന– ഉവ്വ് ഇപ്പോഠം വരും ഞങ്ങളിന്ന് സിനിമക്ക് പോകാൻ പ്ലാനുണ്ട്. വേണമെങ്കിൽ പോരെ നല്ലകളിയാണെന്നാ കേട്ടത്.

ഐപ്പ്– വേണ്ട, കുറച്ചു കണക്കെഴുതിശരിപ്പെടുത്താനുണ്ട്. ഇന്നു വൈകുന്നേരം ആ കണക്ക് എഴുതണം. അല്ലെങ്കിൽ മുതലാളി കോപിച്ചാലൊ.

കത്രീന– പിന്നെ നമ്മുടെ മുതലാളീടെ വീട്ടിലെ ജോസിൻെറ കല്യാണക്കാര്യമൊക്കെ എങ്ങിനെയിരിക്കുന്നു ശരിയായോ.

ഐപ്പ്– അതല്ലേ ഞാൻ പറയാൻ മറന്നുപോയകാര്യം. പലസ്ഥലത്തും ഞാനതിനുവേണ്ടിപോയി പലപെങ്കുട്ടികളേയും കണ്ടു നല്ല മണിമണികുട്ടികളാ. പലതും പറയാവുന്നതാണു. പക്ഷെ, എന്തിനു് പറയുന്നു. ഇപ്പോഴല്ലെ അതിൻെറ ലൈൻ ക്ലീയറായത്.

കത്രീന– എന്താ അത്.

ഐപ്പ്– എളുപ്പത്തിൽ നടക്കുന്ന മട്ടില്ല. ഞാൻ കിട്ടൻപടിക്കൽ മുതലാളിയുടെ വീട്ടിൽ പോയിരുന്നു. നല്ലമണി കുട്ട്യാ. ഇതുപറയാനിരുന്നാൽ ഒരുപാടു പറയാനുണ്ട്. ഞാൻ കാപ്പികുടിച്ചു അവിടന്ന് പോരാനിരുന്നതാ. അപ്പോഠം അയാളുടെ ഭാര്യപറയണ് ഊണ് കഴിക്കാണ്ട് വിടില്ലാന്ന്. മുതലാളി പറയുന്നു ഊണ് കഴിച്ചിട്ടെ ഇനി പ്രശ്നമുള്ളൂന്ന്. അവരങ്ങനെ പറഞ്ഞസ്ഥിതിക്ക് അതു തട്ടിക്കളയാൻ സാധിക്കുമോ ഹാവ്, എന്തൊരു ക്ഷീണം ചിലദിവസം ഇങ്ങനെയാ. എന്തെങ്കിലും ഇത്തിരി കുടിക്കാൻ.

കത്രീന– ഇവിടെ സ്ഥിരം ഒരു വേലക്കാരനില്ല. രണ്ടുസ്ഥലത്തേക്കുകൂടി ഒരു എത്തപ്പനുണ്ട്. അവന് രണ്ടു വീട്ടിലാപണി. നമ്മുടെ ചാക്കമുതലാളീടെ വീട്ടിലും ഇവിടേയും. ഞങ്ങളുടെ ആദ്യത്തെ തറവാട്ടിൽ ഇപ്പോഠം അവൻ പോകുന്നില്ല. അവൻ വന്നോ ആവോ അറിഞ്ഞുകൂടാ. എടാ എത്തപ്പാ

എത്തപ്പൻ–എന്തോ

കത്രീന– അവൻ വന്നു. ഇങ്ങോട്ടു വരാൻ (എത്തപ്പൻ വരുന്നു)

ഐപ്പു– ആ പെൺകുട്ടിയുടെ കണ്ണുണ്ടല്ലേ നീലക്കണ്ണാ.

എത്തപ്പ– അവളുടെ മൂക്കെങ്ങിന്യാ പച്ചയോ അതോ ചോപ്പോ.

ഐപ്പു– എടാ നിനക്കിതൊക്കെ അറിഞ്ഞിട്ടെന്താ കാര്യം. എവിടെച്ചെന്നാലും ഇവനുണ്ടല്ലോ. ചാക്കു മുതലാളീടെ വീട്ടിലു എപ്പോഴും കാണാം.

കത്രീന– എടാ എത്തപ്പാ നീപോയി ചായ കൊണ്ടുവാ.

ഐപ്പു– അത്തരം പെൺകുട്ടികളെ ആൺകുട്ടികളെക്കൊണ്ടു കെട്ടിയ്ക്കണം.

എത്തപ്പ– പിന്നെ പെൺകുട്ടികളെ പെൺകുട്ടികളെക്കൊണ്ടാ കെട്ടിക്കാറ ഇത്രയും കാലം

ഐപ്പു– എടാ നിനക്ക് ഒരു വിട്ടിൽപോരേ പന്നി

കത്രീന– നീ വേഗംചെന്നു് ചായ കൊണ്ടുവാടാ.

എത്തപ്പൻ– ഞാൻ പൊക്കോളാം. അല്ല ഇയാളുടെ വത്തമാനം കേട്ടാലു അല്ലാതെ എന്താ പറയാ. ഇയാളുവയറിന്മേൽ രണ്ടുകാലുംവെച്ചു വലിഞ്ഞിങ്ങോട്ടുകേറും (പോകുന്നു)

ഐപ്പു– അവാടെ സ്വരം കേൾക്കേണ്ടതുതന്നെയാ നല്ല കിണ്ണത്തിന്മേൽ കൊട്ടുന്ന പോലെയാ. (എത്തപ്പൻ അകത്തുനിന്നു കൊണ്ടു)

എത്തപ്പൻ– അപ്പോൾ മനുഷ്യരുടെമാതിരി ശബ്ദിക്കില്ല അല്ലേ?

ഐപ്പു– അവൻ പോയില്ലെ?

കത്രീന– അവനെ വിളിച്ചതു് ആപത്തായി.

ഐപ്പു– അവനു് വല്ലതുംതിരിയോ. ഇവിടെ വന്നാലും ചാക്കു മുതലാളീടെ വീട്ടിൽച്ചെന്നാലും എപ്പോഴും എനിക്കു ഇവനെക്കൊണ്ടു വലിയ ശല്യമായിരിക്കാ. അവനെന്താ ഇങ്ങനെ തല തെറിച്ചവനായേ?

കത്രീന– അതൊക്കെ പോകട്ടെ. പിന്നെ അവനു് വേറെവല്ല ആലോചനയുമുണ്ടോ?

ഐപ്പ്.— പിന്നെപ്പിന്നെ, എല്ലായിടത്തുനിന്നും ആലോചനയുണ്ട്. എനിക്കു ഇതിനുമാത്രം നടന്നാൽ പോരല്ലോ. അല്ല ഒരു കാര്യം ഞാൻ പറയാൻ മറന്നുപോയി. (രഹസ്യത്തിൽ) ഒരുകാര്യംകേട്ടോ. നേരാണോ എന്നറിഞ്ഞുകൂടാ.

കത്രീനാ— (ജിജ്ഞാസയോടെ) എന്താണ് കാര്യം

ഐപ്പ്.— ഞാനിതു പുറമേ കേട്ടതാ— നമ്മുടെ ആഗ്നസില്ലേ?

കത്രീന— ഉവ്വ്.

ഐപ്പ്.— അവളെ നമ്മുടെ ചാക്കുമുതലാളീടെ മോൻ ജോസ് കെട്ടാൻ പോകുന്നൂന്നു് കേട്ടു.

കത്രീന — (നെടുവീർപ്പിട്ടുകൊണ്ട്) ഇതാരു് പറഞ്ഞു ശരിയാണൊ?

ഐപ്പ്.— എന്നാലും സംഗതി നടക്കുല്ല. മുതലാളി അതിനു സമ്മതിക്കുല്ല. അവൻ അവളെ കെട്ടിയാൽ ഒരു നയാപൈസപോലും മുതലാളി അവനു് കൊടുക്കുല്ല. എനിക്കതിൻെറ ലൈൻ ക്ലിയറാ

കത്രീന— അതു നടക്കില്ല. നടന്നാലും മുതലാളി അവനെ തട്ടി വീട്ടീന്നോടിക്കും.

ഐപ്പ്.— പക്ഷേ, ആ ചെക്കനി ഒരു കാര്യം ഒറച്ചാലു് പിന്നെ മാറുല്ല. അതാ അതിലൊരു കുഴപ്പം.

കത്രീന— അതിനു് അവളുടെ മോന്ത കങ്കാരുൻെറ മാതിരിയാ ഇരിക്കുന്നതു്.

ഐപ്പ്— അതുശര്യാ. ഞാൻ കങ്കാരുൻെറ പടം കണ്ടിട്ടില്ലെങ്കിലും അവളുടെ മൊകം എന്താണ്ട് അങ്ങിനെ തന്നെയാണെന്നാ തോന്നുന്നതു്.

കത്രീന— അവൻ ബി. എ. വരെ പോയി പഠിച്ചിട്ടുണ്ടല്ലോ. ഇവളവെറും ഒമ്പതാംക്ലാസുകാരിയല്ലേ. അതു നടക്കില്ലാ. അതെങ്ങിനെയെങ്കിലും നടക്കാതിരിക്കണം.

ഐപ്പ്.— അതുനടക്കില്ലാന്നെ. അതുപോട്ടെ അപ്പോഴാം ഈ എഫ

യും. ബിഎയും കൊളമ്പട്ടത്തണൊ. ഞാൻ അവിടെയൊന്നും പോയിട്ടില്ലാട്ടൊ.

കത്രീന– അല്ലടോ. അതു ക്ലാസാണ്. അല്ലാതെ സ്ഥലമൊന്നുമല്ല

ഐപ്പു– എനിക്കിപ്പോഴല്ലേ അതിൻെറ ലൈൻക്ലിയറായതു് ഫൌ അവൻ കാപ്പിക്കു് പോയിട്ടു വന്നില്ലല്ലോ.

കത്രീന– എടാ എത്തപ്പാ.

എത്തപ്പൻ– (അകത്തുനിന്നുകൊണ്ടു) ധേ വരണേ (എത്തപ്പൻ ഒരു ഗ്ലാസ് കാപ്പിയുമായി വരുന്നു. ഐപ്പുവിനു്കൊടുക്കുന്നു. ഐപ്പു വാങ്ങി വേഗത്തിൽ കുടിക്കുന്നു. അല്പം കുടിച്ചതിനുശേഷം കോപത്തോടെ).

ഐപ്പു– ഇതു കച്ചിട്ടു പാടില്ല. ഇതിൽ ഉപ്പാണല്ലോ ഇട്ടിരിക്കുന്നതു്. (ഐപ്പു കാപ്പി എത്തപ്പൻെറ മുഖത്തേയ്ക്കൊഴിക്കുന്നു. എത്തപ്പൻ ഐപ്പുവിനെ തല്ലാൻ ഓടിക്കുന്നു. ഐപ്പു ഓടി രക്ഷപെടുന്നു, എത്തപ്പൻ ദേഹത്തുനിന്നു വെള്ളം തട്ടിക്കളയുന്നു.)

എത്തപ്പൻ– ഇനി ഇങ്ങോട്ടുവരട്ടെ. ഞാൻ കാണിച്ചുകൊടുക്കാം.

കത്രീന– എടാ ഇവിടെ പഞ്ചസാര ഉണ്ടായിരുന്നില്ലേ നീയെന്തിനാ ഉപ്പിട്ടതു. പഞ്ചസാരയാണെന്നു് തെററിദ്ധരിച്ചിട്ടാണോ?

എത്തപ്പൻ– അല്ലല്ല. അയാളുടെ തൊലിക്കട്ടികുറയാനാണു്. ഉപ്പുചെന്നാ തൊലിക്കട്ടികുറയുമെന്നു് കേട്ടിട്ടുണ്ടു്.

കത്രീന– നിന്നെക്കൊണ്ടു വിഷമിച്ചു. വല്ലപ്പോഴുമേ അയാളുവരികയുള്ളു. അപ്പോഴും ഇത്തരം പോക്കിരിത്തരങ്ങൾ കാണിക്കും. പിന്നെയെങ്ങിനെ നല്ല മനുഷ്യരു് ഇവിടെ കയറി വരും.

എത്തപ്പൻ– തരത്തിനൊത്തു പറഞ്ഞു തട്ടിത്തിന്നാൻ നടക്കുന്നവരു് ഇനികയറി വരാതിരിക്കാനാ ഇതൊക്കെച്ചെയ്യുന്നതു്.

ഇനി വന്നാല്യ അവനെ ക്ലീയറാക്കിട്ടാ വിട്ട.

കത്രീന– നിന്നെക്കൊണ്ടു വിഷമിച്ചു. നീപോയി എൻെറ ഭത്താവു വരുന്നുണ്ടോന്നു് നോക്കു്. സിനിമക്കുപോകാൻ നേരമായി.

എത്തപ്പൻ– ശരിശരി. സിനിമക്കുപോകാനാ നല്ല സിനിമയാണു്. ഞാനിന്നലെ വൈകുന്നേരം കണ്ടു ആ സിനിമേല്യ് ഒരാള്ള ചേടത്തിയുടെ തനികോപ്പിയാ.

കത്രീന– (ചിരിക്കുന്നു) കള്ളൻ നുണ പറയാ. എടാ അതിലെനായികയാണോ എൻെറ മാതിരി.

എത്തപ്പൻ– അതുപറയാം. ഞങ്ങളുകൂട്ടുകാരു് പലരുംകൂടി സിനിമാകൊട്ടകയിൽ വെച്ചു അതിനെപ്പററി ഡിസ്കഷനായിട്ടുതക്കിച്ചു. ലാസ്ററു ഞാൻ പറഞ്ഞോടത്തു് അവരൊക്കെ സമ്മതിക്കേണ്ടിവന്നു.

കത്രീന– (ചിരിക്കൊണ്ടു) എന്തുഭാഗടാ പറയൂ വേഗം.

എത്തപ്പൻ– അതിലൊരു വേലക്കാരത്തിയുണ്ടു്. അതു അവരൊക്കെ പറഞ്ഞു കരോട്ടെ വള്ളോത്തിപ്പറച്ചിയുടെ ഛായയുണ്ടെന്നു്. ഞാൻ വിട്ടില്ല. ഞാൻ പറഞ്ഞു നമ്മുടെ കത്രീനചേടത്തിയുടെ തനി കോപ്പ്യാണു്. കത്രീനച്ചേടത്തി ചെറപ്പമായോണ്ടു് അല്പംകൂടി കളറുണ്ടു് വണ്ണാവുമുണ്ടു്. ആ നടത്തയും ആട്ടോം കൊഴച്ചിലും നോട്ടവും സൌണ്ടും ഒക്കെ തനി കോപ്പിയാ.

കത്രീന– ഫ. തെണ്ടി. ഞാൻ അതിലെ വേലക്കാരത്തി മുത്തിയേപ്പോലെയാണെന്നു് ശവം.

എത്തപ്പൻ–എന്നെ എന്തു വിളിച്ചാലും വിരോദിമില്ല. പക്ഷേ ശവന്നു് വിളിക്കരുതു്.

കത്രീന– എന്തെടാ വിളിച്ചാല്യ്

എത്തപ്പൻ ഞാൻ ചത്തിട്ടില്ല. അതു തന്നെ.

കത്രീന– ഫ. ചൂലെ. ഇവററകളെ കൂലികൊടുത്തിട്ടെന്താ കായ്യം. നന്ദിയില്ലാത്ത വർഗ്ഗം.

എത്തപ്പൻ– അല്ല അവരു് തക്കിച്ചുപ്പാറം ഞാൻ ഫാക്ടു് പറഞ്ഞുന്നൊള്ളു.

കത്രീന– എടാ ഞാൻ നല്ല കുഡുംബത്തു പിറന്നോളാന്നെന്നു് എൻെറ മൂഖത്തു നോക്കിയാലറിയാം. അതാരും പറയുന്നില്ലെ.

എത്തപ്പൻ– അങ്ങനെ പറയുന്നോരുണ്ടു്. അല്ലാന്നു പറയുന്നോരാ നമ്പർലു് കൂട്ടതലു്.

കത്രീനാ– എടാ എന്നെ കണ്ടാലു് എനിക്കുള്ള ഗ്ഗുണങ്ങളു അറിയാൻ സാധിക്കില്ലെ?

എത്തപ്പൻ— പിന്നെ സൈററിനു് ബ്യൂട്ടിയില്ലെങ്കിലും കുസൃതിയും വേണ്ടാസനവും ധാരാളമുണ്ടെന്നു തോന്നും.

കത്രീന— (കോപത്തോടെ) എടാ മരക്കഴുതേ എൻെറ മുഖഭാവവും മറവും നോക്കി നീയാണോ വിശ്ചയിക്കുന്നതു്. നിനക്കാണോ എൻെറ കായ്യങ്ങളു നിശ്ചയം. പോട അപ്പുറത്തു് (തല്ലാൻ ചെല്ലുന്നു. എത്തപ്പൻ ഓടുന്നു.)

## കർട്ടൺ

## രംഗം 5

(മുതലാളി ചാക്കുവിൻെറ വീട്ട. ചാക്കുവും ഐപ്പും വത്തമാനം പറഞ്ഞിരിക്കുന്നു. മുതലാളി കസേലയിലും ഐപ്പ് ബെഞ്ചിലും ഇരിക്കുന്നു )

ചാക്കു— എടോ തൻ എല്ലാ പണിംകൊണ്ടു നടന്നാൽ കാര്യം നടക്കുകയില്ല. താൻ പീടികക്കാര്യം മാത്രം നോക്കിയാൽമതി.

ഐപ്പ്—അതിനു എൻെറ കാര്യത്തില് കുഴപ്പമില്ല ഈ പീടികപ്പണി കഴിഞ്ഞിട്ടു കിട്ടുന്ന സമയത്താ വേറെ പണിയുള്ളു.

ചാക്കു— പറഞ്ഞാലറിയോ തേങ്ങറിയാം. താൻ ഈ കോക്കിപ്പണി നിത്തിഃക്കാ അതുതന്നെ തൊഴിലായിട്ടു നടക്കുന്ന ചിലരുണ്ടു്. നമ്മുടെ മാണിയുടെ കൂട്ട്. അയാറംക്കാണെങ്കിൽ വേറെ യാതൊരു തൊഴിലും വശമില്ല. തനിക്കു കണക്കെഴുത്തും കുറേശ്ശെ ആധാരമെഴുത്തും അറിയില്ലെ.

ഐപ്പ്—എനിക്കെപ്പോഴും ഒന്നല്ലെങ്കിൽ ഒന്നു വേണം. വെറുതെയിരിക്കാൻ സാധിക്കില്ല.

ചാക്കു—പക്ഷേ പലതൊഴിലായാൽ ഒന്നും തനിക്കു ശരിയായിട്ടു ചെയ്യാൻ സാധിക്കില്ല.

ഐപ്പ്— എന്നാൽ എനിക്കുണ്ടല്ലോ എല്ലാം ശരിയായിട്ടുചെയ്യാൻ സാധിക്കും. ഞാൻ നടത്തിയതൊന്നും ഇതുവരെ മോശമായില്ല.

ചാക്കു — താൻ ഇതുവരെ പലതും ആലോചിച്ചിട്ടും ഒരു ബന്ധുതയല്ലേ ആകെ ഈ വയസ്സിനിടയ്ക്കു് നടത്തിട്ടുള്ളു.

ഐപ്പ്— എന്നാലും അതൊന്നായാലും ഒന്നാംക്ലാസ്സാ.

ചാക്കു — എനിട്ടു അവിടെ അമ്മായമ്മയും മരുമോളുമായിട്ടു എന്നും തല്ലുപിടുത്താന്നു് കേട്ടല്ലോ.

ഐപ്പ്— അതെൻെറ കുററമൊന്നുമല്ല.

ചാക്ക— അപ്പോ൦ മരുമകളുടെ കുററമാണു്. അതുപറയിൻ.

ഐപ്പ്പ്പ്പം—ഹേയ്. എനിക്കതിൻെറ ലൈൻ ക്ലിയറാ.

ചാക്ക— എന്തുട്ടുക്ലിയറന്നാ താൻ പറയുന്നതു്.

ഐപ്പ്പം— അതു അവരു് തമ്മിലുള്ള പൊരുത്തക്കേടാ

ചാക്ക— എന്തു പൊരുത്തക്കേടു്.

ഐപ്പ്പം— അതൊരു ചരിത്രം സൃഷ്ടിച്ച കഥയാ.

ചാക്ക— കേ൦ക്കട്ടെ എന്താ ചരിത്രം സൃഷ്ടിച്ചതു്.

ഐപ്പ്പം.. അവളുകോളേജീന്നു് ഇറങ്ങിയതാ. അവ൦ക്കു കയ്യിന്മേൽ ഒരു വാച്ചുണ്ടാന്നു. അതമ്മായമ്മക്കു പിടിച്ചില്ല.

ചാക്ക— അതു പിടിക്കുല്ലല്ലോ.

ഐപ്പ്പം— ഹ. മുതലാളിക്കറിയാം കാര്യം. മരുമോളു എല്ലാ ദിവസവും വാച്ചുകെട്ടി പള്ളിയിൽപോകും. അതു കാണുമ്പോ അമ്മായമ്മക്കു വലിയ വിഷാദം.

ചാക്ക— എന്തിനു്

ഐപ്പ്പം– വാച്ചില്ലാത്തതുകൊണ്ടു്. എന്നിട്ടു ഒരു ദിവസം അമ്മായമ്മ മകനോടു പറഞ്ഞു വീട്ടിലു് സമയം നോക്കാൻ ഒരു മണിവേണന്നു്. നിര്ബ്ബന്ധമായി. ശല്യമാവുപ്പോ മകൻ പോയി ഒരു അലാറംടൈംപീസ് വാങ്ങിച്ചു ചുമരിന്മേൽ വെച്ചു. അമ്മായമ്മക്കു സന്തോഷമായി. അമ്മായമ്മ എന്തുചെയ്യുന്നറിയാ.

ചാക്ക— അതല്ലേ അറിയേണ്ടതു്.

ഐപ്പ്പം— മരുമോളു വാച്ചുംകെട്ടി കൈയും വീശി ഇങ്ങനെ ഇങ്ങനെ (നടക്കുന്ന ആംഗ്യം കാണിക്കുന്നു) പോയിപ്പോ അമ്മായമ്മ അവളുടെ നാലുകോലു പിന്നിലു് അലാറംടൈംപീസ് മടിയിൽ എടുത്തു വെച്ചു പള്ളിയിലേയ്ക്കു വെച്ചടിച്ചു. എന്തരു് വിയ്യത്തിലാ നടത്തം. നടപ്പുരയിൽ എത്തിപ്പൊ അമ്മായമ്മയുടെ മടിയിലിരിക്കുന്ന അലാറം അടിക്കാ

ൻതുടങ്ങി. പിന്നെയാകെ ഒരു ജകപക. ആളുകളുമുഴുവൻ അമ്മായമ്മയെ നോക്കി ചിരിക്കാനാ തുടങ്ങി. അമ്മായമ്മക്കു ദേഷ്യംവന്നു. ആ മണിയെടുത്തു നീലത്തേയ്ക്കോരു വീക്കു്. അപ്പോഠം എല്ലാവക്കും സംഗതി ക്ലീയറായി. എന്നിട്ടും അമ്മായമ്മ ആരെയാ നോക്കുന്നതെന്നറിയാ.

മുതലാളി— ആരെയാ

ഐപ്പ്— മരുമോളെത്തന്നെയാനോക്കുന്നതു് അവളും ഇരുളട്ടത്തിൽനിന്നു ചിരിക്കുന്നുണ്ടോന്നാ അമ്മായമ്മയുടെ നോട്ടം അപ്പോ അവളും ഇതു കണ്ടു പൊട്ടിച്ചിരിക്കാ. അന്നു തുടങ്ങിയതാ വഴക്കു് എന്നിട്ടു പറയാ നിന്നെ ഞാൻ പഠിപ്പിക്കാടീ.

ചാക്കു— (ചിരിക്കുന്നു) അതു ശരി.

ഐപ്പ്— ഇതിലു ആരുടെ കുററമാ. എന്റെ കുററമാ, അമ്മായമ്മയുടെ കുററമാ. അതോ മരുമകളുടെ കുററമോ ഇപ്പോഠം ലൈൻക്ലീയറായോ. അപ്പോഠം എന്റെ കുററമല്ല.

ചാക്കു— ശരി. അതുകൊള്ളാം.

ഐപ്പ്— അപ്പോഠം എനിക്കു എല്ലാ തൊഴിലും അറിയാം. എല്ലാ ലൈനും അറിയാം. നമ്മുടെ മോന്റെ കാര്യം ഞാനേററു. അതിനു് ഇനിവേറെ ഒരാളും വേണ്ട.

ചാക്കു— മാണി അന്വേഷിച്ച നടപ്പുണ്ടായിരുന്നു.

ഐപ്പ്— ഹേയ് അവനു് ഒന്നും അറിയില്ല. ഞാൻ അവനെ കുററം പറയുകയല്ലാട്ടോ. ഉള്ളതു് പറഞ്ഞൂന്നു മാത്രം.

ചാക്കു— നീയാ തെക്കു് പറഞ്ഞ കാര്യം എങ്ങിനെ അവക്കു കൃഷിയോ. അതോ കച്ചവടമോ.

ഐപ്പ്— അവക്കു എല്ലാതൊഴിലും ഉണ്ടു്. എന്റെ മാതിരിയാ

ചാക്കു— എന്തു് നിന്റെ മാതിരിയോ.

ഐപ്പ്— എന്റെ മാതിരിന്നു് പറഞ്ഞാലു. കൃഷിയുണ്ടു്. കച്ചവടമുണ്ടു്. ഒന്നിലല്ലെങ്കിൽ ഒന്നിലു. അവരു്നേട്ടം.

ചാക്കു– തൊഴുത്തും കന്നുകാലികളും ഒക്കെ ധാരളം കാണും ഇല്ല്യ.

ഐപ്പു്– ഹൌ. അതു പറയാനിരുന്നാൽ ഭരങ്കരാ. ഇവരുടെ വീട്ടിലേയ്ക്കു ഒരു ചെറിയ വഴിയാണു്. ഞാൻ ചെന്ന നേരത്തു് തൊഴുത്തിൽനിന്നു മൂരികളെ അഴിച്ചിട്ട നേരമായിരുന്നു. ഞാൻ പറഞ്ഞാൽ മുതലാളി നുണയാണെന്നു് വിചാരിക്കും. അരമണിക്കൂറിലധികം ഞാൻ മാട്ടത്തിന്മേൽ കയറിനിന്നു മൂരികൾപോയിത്തീരാൻ. അത്രമാത്രം എണ്ണമുണ്ടു്. അതുതന്നെ എന്തരു് ജാതികളും. ഒന്നും നാടനല്ല.

ചാക്കു– പിന്നെ ഒക്കെ ശീമകളാ.

ഐപ്പു്– അതേന്നെ അപ്പടി ശീമകളാ.

മുതലാളി– ശീമകളാണെന്നു് തനിക്കെങ്ങനെ മനസ്സിലായി.

ഐപ്പു്– അതിവിടെ കണ്ടാലറിയാം. അതൊക്കെ കൊളമ്പീന്നു്കൊണ്ടു വന്നതാണെന്നാ പറഞ്ഞെ.

മുതലാളി– ഒപ്പൊ ശീമരാജ്യം കൊളമ്പ.

ഐപ്പു്– ഇല്ല്യ. കൊളമ്പിന്നു് അധികമില്ല്യ ശീമയ്ക്കു. പിന്നെ അവിടെ കുറെ പശുക്കളുണ്ടു്. അതും എന്തരു് ജാതികള്. ഒന്നര പറ പാൽ വീതമാ കറക്കുന്നതു്.

മുതലാളി– ഒരു പശുവിൽ നിന്നോ.

ഐപ്പു്– അതേന്നെ. ഞാനും അതു കേട്ടപ്പോ അതിശയപ്പെട്ടുപോയി. പിന്നെ ഞാൻ നേരിട്ടു കറക്കുന്ന സ്ഥലത്തു്ചെന്നു് കണ്ടു. അപ്പൊ എനിക്കു ലൈൻക്ലിയറായി.

മുതലാളി– അപ്പോൾ എല്ലാംകൊണ്ടും നമുക്കു യോചിക്കും.

ഐപ്പു്– യോചിക്കാന്നോ. അവരുടെ നെല്പാടം കാണണം. അതുതന്നെ എന്തരു് മണ്ണു്. നമ്മുടെ ഇവിടത്തെ മാതിരിമലയും കുന്നും മല്ല. എക്ലാസ്‌മണ്ണാ. എക്ലാസ് ഭൂമിയാ.

മുതലാളി– രണ്ടു പൂവും പണിയാമൊ.

ഐപ്പു്– രണ്ടല്ല എത്ര പൂവെങ്കിലും പണിയാം അത്ര നല്ല മണ്ണാ.

മുതലാളി– പൊഴയുണ്ടോ അവിടെ.

ഐപ്പ്– പൊഴയുണ്ടോന്നോ ഇവരുടെ ഭൂമിയുടെ തൊട്ടു പിന്നീലല്ലേ ഏക്ലാസ് പൊഴ ഒഴുകുന്നതു് അവിടെ ഇഞ്ചൻ വെച്ച നിന്നടിക്കല്ലേ. ഹൌ അതു കാണണം മുതലാളീ. അതല്ലേ അവിടെ അവരുടെ കൃഷി പെഴയ്ക്കാത്തതു്.

മുതലാളി– അവർക്കെത്ര മക്കളാ.

ഐപ്പ്– ഒരാണും ഒരു പെണ്ണും മാത്രം. ഭാരിച്ചഭാരമൊന്നും അവക്കില്ല. ആങ്ങളച്ചെക്കനു് വലിയഭയങ്കര ജോലിയാ. അവൻ മദിരാശീല് മൈസ്രേട്ടാ.

മുതലാളി– പെൺകുട്ടി എത്രക്ലാസു പഠിച്ചിട്ടുണ്ടു്.

ഐപ്പ്– അതു ഞാൻ ചോദിച്ചില്ല. എന്നാലും വലിയ ടീച്ചറാവാൻ പഠിപ്പുണ്ടു്. അതുമതീലൊ.

മുതലാളി– ഈ പണമൊക്കെ അവരു് ഏതു ബാങ്കിലാ ഇട്ടിരിക്കുന്നതു്. അതു നീ ചോദിച്ചോ.

ഐപ്പ്– അതു ചോദിക്കണോ. അതു ഇവിടെ നാട്ടിലൊന്നും ഇടൂല്ല. അതു മദിരാശീലാ ഇടുള്ളു. ചില്ലറ പുളികളാ ഇവിടെ ബാങ്കിലു ഇടുള്ളു.

മുതലാളി– അപ്പോഠം ആവശ്യത്തിനു മേടിക്കാൻ മദിരാശിക്കു പോണ്ടേ.

ഐപ്പ്– എന്തിനാ വേടിക്കുന്നതു്. എന്നും ആദായം വരുന്നുണ്ടല്ലോ. ബാങ്കിലിട്ടതു് പിന്നെ ഒരിക്കലും ഇടുക്കേണ്ട ആവശ്യമില്ലല്ലോ. ചില്ലറക്കാക്കല്ലേ എപ്പോഴും വേടിക്കേണ്ടിവരുന്നതു്.

മുതലാളി— അപ്പോഠം അവരു് ചില്ലറക്കാരല്ല.

ഐപ്പ്— ചില്ലറയോ. ഹേയ്. ഭയങ്കരമല്ലേ. ഏതുലൈൻ നോക്കിയാലും അവരു് ഭയങ്കരമല്ലേ. അവരുടെ ഒരു ചെറിയ കശുമാവിൻ തോപ്പിനു് പിടിക്കോ ഇവിടെയുള്ള സകല മഹാന്മാരുടെ മുതലുംകൂടിയാലു്.

മുതലാളി— താമസിക്കുന്ന വീടെങ്ങിനെ. വലിയതാ.

ഐപ്പു— വീടല്ല. അതൊരുമാളികപോലത്തെ ബങ്കാളാവാ. അത്രുവല്ലീതാ. ഇന്നാട്ടിലെ ഏററവും വലിയവൻെറ കെട്ടിടം അവരുടെ തൊഴുത്തിനോളമുള്ള. അതാ സ്ഥിതി. പുലിയും എലിയും പോലെയാ കാര്യം കിടക്കുന്നതു്. അത്തരം നല്ല വീടുകളിലൊക്കെപോയി ആലോചിക്കാൻ മാണിയെക്കൊണ്ടു സാദ്ധ്യമല്ല. എനിക്കതിൻെറ ലൈൻക്ലിയറാ (മാണി പ്രവേശിക്കുന്നു.)

മാണി— എന്നെക്കൊണ്ടു ഒന്നും അവുല്ലാന്നൊ. അത്രയ്ക്കൊന്നും പറയണ്ട. താൻ ഇതുവരെ ഈ നാട്ടില് ഒരു കല്യാണമല്ലേ ആകപ്പാടെ നടത്തിതു്, എനിക്കെല്ലാ മാസത്തിലും നൊയമ്പു കാലമൊഴിച്ചു കല്യാണമുണ്ടു്.

ഐപ്പു— എന്നാലും താൻ നടത്തിയ നൂറു പിച്ചക്കല്ല്യാണങ്ങളിലും ഭേദം അതൊരെണ്ണമാണു്.

മുതലാളി— എനിക്കൊരു കാര്യമറിയാം. ഈ കോക്കിജാതി ഒള്ളതുപോലെ പറയില്ല. ഒന്നിനു് പത്തുന്നാ പറയുക. കഴിഞ്ഞകൊല്ലം ഒരിക്കൽ ഇവിടെ മൂന്നു കോക്കികഷ ഒരുമിച്ചു വന്നു. എന്നിട്ടു മൂന്നിനുംകൂടി കാലത്തു് ഒരുമിച്ചു കഞ്ഞികൊടുത്തു. ഒരു വീട്ടിലെ കാര്യം മൂന്നാളും പറഞ്ഞു. പക്ഷേ മൂന്നുംമൂന്നു വിധത്തിലാ പറഞ്ഞതു്. ഈ കല്യാണക്കോക്കികളൊക്കെ ഒരു ഒരു തല്ലിപൊളിസെററാ. വായിട്ടത്താ നുണയേ പറയുള്ള.

മാണി— പക്ഷേ ഞാനങ്ങനെയല്ല മുതലാളി. ഈ ഐപ്പുവിനു് ചിലപ്പോാം അങ്ങനെയൊരു സ്വഭാവമുണ്ടു്. നുണ പറഞ്ഞാൽ പറരുമോ പററല്ല.

ഐപ്പു– എടോ ആ സ്വഭാവം തനിക്കാണെന്നു് പറയിൻ തനിക്കതുപറയാതെ കഴിയില്ല. എനിക്കതില്ലെങ്കിലും കഴിയാം. എനിക്കു വേറെ പലതൊഴിലും അറിയാം.

മാണി– എന്നാൽ തനിക്കു് ഈ തൊഴില് എനിക്കു മാത്രം വിട്ടുതന്നു ആധാരമെഴുത്തിനു് പൊയ്ക്കൂടെ.

ഐപ്പു് അതു നീയാണൊ തീരുമാനിക്കാൻ. (എഴുന്നേല്ക്കുന്നു. മാണിയെ അടിക്കാൻ ഓങ്ങുന്നു.)

മുതലാളി— ഇവിടെവെച്ചു തല്ലൊന്നും വേണ്ട. പുറത്തുപോവിൻ നായ്ക്കളേ.

മാണി— അല്ല, ഇവൻ വേണ്ടാസനം പറഞ്ഞാലൊ.

ഐപ്പു്— എടാ മാണി ഏറ്റിമറിഞ്ഞാൽ ഞാലിയാ

മുതലാളി— രണ്ടുപേരും പോയേൻ എൻെറ വീട്ടീന്നു്. വേഗംപോകാൻ. പുറത്തേയ്ക്കു ഇറങ്ങി നിന്നിട്ടാവട്ടെ. നായ്ക്കള. പറഞ്ഞാലറിയോ തേങ്ങേറിയാം.

## കർട്ടൺ

## രംഗം 6.

(മുതലാളിയുടെ വെളിച്ചെണ്ണ പീടിക. ഒരു മേശയും ഒരു കസേലയുമുണ്ട്. കണക്കെഴുത്തുകാരൻ ഐപ്പ് കസേലയിൽ ഇരുന്നു ചില പെൺകുട്ടികളുടെ പടങ്ങളെ എടുത്തുനോക്കിക്കൊണ്ടിരിക്കുന്നു. കണക്കെഴുത്തുപുസ്തകവും പേനയും അടുത്തിരിക്കുന്നു. പഴയകണ്ണാടി മൂക്കിന്മേൽ ഇറക്കിവെച്ചുകൊണ്ട് തന്നത്താൻ പറയുന്നു.)

ഐപ്പ് (ഒരു പടം എടുത്തുനോക്കിയശേഷം) ഇതാകുറച്ചുകൂടി ഭേദം. നല്ലമുഖശ്രീയുണ്ട്. തടി പോടിക്കുകുറവാ. സാരമില്ല. നിറത്തിലുണ്ട്. (അടുത്തതുവേറൊരുപടം എടുത്തുനോക്കുന്നു) ഇവള്മംഗലപ്പുറത്തു വീട്ടിലേയാണ്. മോശല്ല. വലിയപൈസക്കാരാ. പിതൃക്കന്മാരാ. കുട്ടിതടിയുണ്ട്. ഇരുനിറമുള്ള. അത്രക്കൊന്നും നോക്കാനില്ല. നല്ലമുഖദൃഷ്ടിയാണ്. ഇതു നടന്നാൽ കാര്യം പിതൃക്കന്മാരാണെങ്കിലും നൂറവക്ക് നമുക്കൊരു രണ്ടരവെച്ചു എടപ്പെഴത്ത് പോരും. (ചിരിക്കുന്നു) വേറെയുള്ളതൊന്നും അത്ര നിറമുള്ളതല്ല (പെട്ടെന്ന് ചാക്കുമുതലാളി പ്രവേശിക്കുന്നു. പടങ്ങളിലേക്കു ശ്രദ്ധിച്ചുനോക്കുന്നു).

ചാക്കു— (കോപത്തോടെ) കണക്കെഴുതാൻ പറഞ്ഞയച്ചിട്ട താനെന്തുനോക്കിയാ ഇരിക്കുന്നത് (ഐപ്പ് എഴുന്നേല്ക്കുന്നു) കണ്ണിൽ കണ്ട പെണ്ണുങ്ങളുടെ പടത്തിൽ നോക്കിയിരിക്കാ

ഐപ്പ്— അല്ല, ഞാൻ ഏതാ നമുക്ക് പറവകയെന്ന് നോക്കുകയാണ്.

ചാക്കു— തനിക്കോ! ഈ വയസ്സുകാലത്തൊ!

ഐപ്പ്— അല്ലാന്നെ നമ്മുടെ ചെക്കന്

ചാക്കു— തന്റെ ചെക്കനോ

ഐപ്പ്— അല്ല മുതലാളീടെ മോനാ.

ചാക്കു— അതൊക്കെ തന്റെ വീട്ടില്. പീടികയിൽ പീടികക്കാര്യം ബന്ധുത്തക്കാര്യമല്ല. (പടങ്ങളെ ഓരോന്നും എടുത്തുനോക്കുന്നു. കൈകൊണ്ടുതട്ടുന്നു) മണ്ണാങ്കട്ടയും മുഖദൃഷ്ടിയും.

ഐപ്പ്‌.– ഞാനൊന്നു നോക്കീന്നൊള്ള.

ചാക്കു– താൻ ഇവിടെ വന്നാൽപ്പിന്നെ അതൊന്നും നോക്കണ്ട (കണക്കുപുസ്തകം തുറന്നുനോക്കുന്നു.) താനെന്തടോ ഇതിൽ എഴുതിയിരിക്കുന്നതു്.

ഐപ്പ്‌.– അതിൽ പണയത്തിന്റെ കാര്യമാ.

ചാക്കു– (വായിക്കുന്നു) വണ്ടൻ പണയം വെച്ചതിനു് കൊടുത്തതു്. എന്തടോ ഈ വണ്ടൻ പണയം.

ഐപ്പ്‌.– അതുകൊറച്ച് വലിയപണ്ടാ. അതുകൊണ്ടെഴുതിയതാ വണ്ടനന്നു്.

ചാക്കു– സ്വർണ്ണപണ്ടം പണയം വെച്ചതിനു്പകരം താനെന്തോത്താ എഴുതുന്നെ പെണ്ണുങ്ങളുടെ പടത്തിൽനോക്കിയിരുന്നാ എഴുതുന്നതു്. ബോധം പടത്തിലാ.

ഐപ്പ്‌.– പക്ഷേ, എനിക്കതുമതി അറിയാൻ.

ചാക്കു– കണക്കെഴുതിയതു് തനിക്കുമാത്രമറിഞ്ഞാൽ മതിയോ. ഈ പടങ്ങളൊന്നും ഇനി ഇവിടെ കണ്ടുപോകരുതു്. പറഞ്ഞാലറിയോ തേങ്ങറിയാം.

ഐപ്പ്‌.– ഇപ്പോഴാ ലൈൻ ക്ലീയറായി. ഇനി നോക്കിക്കൊള്ളാം.

ചാക്കു– എന്തു പെണ്ണുങ്ങളുടെ പടത്തിലോ.

ഐപ്പ്‌.– അല്ല പണ്ടം പണയത്തില്ല്

ചാക്കു– കണക്കു് കണക്കായിരിക്കണം. (പിന്നെയും പുസ്തകത്തിൽ വായിക്കുന്നു) കിട്ടുംപുള്ളിപറവ അഞ്ചു റോവക്കു. എന്തടോ ഇതു്.

ഐപ്പ്– അതുകിട്ടും കിട്ടുന്നപുള്ള്യാ അതുകൊണ്ടല്ലേകിട്ടുംപുള്ളീന്നെഴുത്യേ. അല്ലെങ്കിൽ കിട്ടാപ്പുള്ളീന്നെഴുത്യേനില്ലേ.

ചാക്കു— എടാ മരമണ്ട. ഇതു കല്യാണക്കാര്യമൊന്നുമല്ലടോ. ആളുടെ ശരിയായ വീട്ടുപേരും പേരുംവെച്ചെഴുതിയുള്ളതുടെ കിട്ടുംപുള്ളിം കിട്ടാപ്പുള്ളിം പറഞ്ഞിരിക്കുന്നതു്. (പിന്നെയും വാ

യിക്കുന്നു) മുററത്തെ കരോട്ടെവീട്ടിൽ താമസിക്കുന്നവൻ പറവ ഒരുപാട്ട വെളിച്ചെണ്ണ. എന്തടോ ഇതു്.

ഐപ്പ്— അതു മുററത്തെകരോട്ടെ വീടാണു്. ഒരു പാട്ടവെളിച്ചെണ്ണ കൊണ്ടുപോയി.

ചാക്കു— അതാണു് താൻ ഒരു പാട്ടവെളിച്ചെണ്ണാന്നു് എഴുതിയതു്. എന്തുട്ട തേങ്ങടോ താനെഴുതുന്നതു്. ഒരു പാട്ടവെളിച്ചെണ്ണാന്നു് തിരിച്ചെഴുതിക്കൂടെ. പറഞ്ഞാലറിയോ തേങ്ങറിയാം.

ഐപ്പ്— അതറിയാം.

ചാക്കു— എന്തു തേങ്ങറിയാന്നൊ. തൻെറ ബോധം പെണ്ണുങ്ങളുടെ പടത്തിലാ. തൻെറ വണ്ടൻ പണയോം കിട്ടും പുള്ളിം ഒരു പാട്ടവെളിച്ചെണ്ണയും. ഏററുപോട ശവി. (ചാക്കു പടങ്ങൾ കൈകൊണ്ടു നിലത്തേക്കു തട്ടുന്നു. ഐപ്പ് പടങ്ങൾ പറുക്കിയെടുക്കുമ്പോൾ ഐപ്പുവിൻെറ മടിയിൽനിന്നു ഒരു പടംകൂടി താഴെവീഴുന്നു. മുതലാളി ആ പടം സൂക്ഷിച്ചുനോക്കുന്നു) കാണട്ടെ. ഈ പടം എതാ. (ചാക്കു പടം വാങ്ങി സൂക്ഷിച്ചുനോക്കിചിരിക്കുന്നു). ഇതു നമ്മുടെ ചെക്കനൊന്നു ആലോചിച്ചാലോ.

ഐപ്പ്— ഇപ്പഴല്ലേ ലൈൻ ക്ലീയറായതു്. ഏതുവയസ്സനും നല്ലതു കണ്ടാ അവിടെ വീഴന്നെ. അതല്ലേ ഞാൻ ആലോചിച്ചു പറയാനിരുന്നതു്. അപ്പഴും മുതലാളി തിരക്കുകൂട്ടിട്ടല്ലേ.

ചാക്കു— ആരു തെരക്കു്കൂട്ടി. എന്തുസ്ത്രീധനം കിട്ടും.

ഐപ്പ്— അതു പത്തിരുപതിന്നു് അപ്പുറം നോക്കിയാൽ മതി. ആഭരണം വേറേയും കിട്ടും.

ചാക്കു— (ചിരിക്കുന്നു) ആകപ്പാടെ ഒരാനച്ചന്തമുണ്ടു്. ഒരു ശ്രീയുണ്ടു് നോക്ക്യാലു്. പിന്നെ നല്ലവകയും കിട്ടുല്ലോ. നീയവിടെ പോയോ.

ഐപ്പ്— പോകണ്ട. എനിക്കറിയാം. അവരു് നല്ല സ്ഥിതിക്കാരാണു്. അവരുടെ ആനയല്ലെ കഴിഞ്ഞ കൊല്ലം നമ്മളു കൊടുത്ത മാവിൻ തടിപിടിക്കാൻ വന്നെഹെ. എന്തൊ

രാനാ. പൂരങ്ങാംകക് അവൻ ഒന്നാമനാ. കോലം വെച്ചാ പ്പിന്നെ അവൻെറ തലഉയന്നാ നില്ലുക. അതുകാണണ്ടതു് തന്നെയാ.

ചാകള— നീ ഇന്നുതന്നെ അവിടെപോകണം. എന്നിട്ടു വിവരം എന്നോടു ഇന്നു തന്നെ പറയണം.

ഐപ്പു— ഞാൻ ഇവിടെയിരുന്നു് അതുതന്നെയല്ലെ ആലോചിച്ചതു് ഇതിലൊരു വക ഇടപ്പഴുതു് പോരും.

ചാകള— ആക്കു് തനിക്കോ.

ഐപ്പു— എനിക്കു നൂററക്കഞ്ചു ഫീസാണേ

ചാകള— ആക്കു തനിക്കു ഫീസോ. താൻ അന്വേഷിച്ചിട്ടു പീടിക കണക്കു് എഴുതിയോന്നം ആവുമോ.

ഐപ്പു— ഫേയ് കമ്പം പറയേ. ഞാനതു നടത്തിതരാം യാത്രച്ചി ലവിനു് ഒരഞ്ചു രൂപവേണമല്ലോ.

ചാകള— (ഒരു രൂപ എടുത്തു നീട്ടുന്നു) ഇനിയുമാകാലൊ ഇപ്പോഠം ഇതു മതിന്നെ.

ഐപ്പു— ഇതംങ്ങാട്ടെത്താൻ തന്നെ കമ്മ്യാ. പിന്നെ ഇങ്ങോട്ടു പോരണ്ടെ (ഐപ്പു നീരസത്തോടെ രൂപ വാങ്ങുന്നു)

ചാകള— ഇങ്ങോട്ടു പോരാൻ അവിടന്നു് വേടിക്കണം.

ഐപ്പു— (നീരസ ഭാവത്തിൽ പിറുപിറുക്കുന്നു) എവടെ ഇതു നട ക്കാൻ പോണില്ലാന്നെ എനിക്കതിൻെറ ലൈൻക്ലിയറാ.

## കർട്ടൺ

## രംഗം 7

(ചാക്കു മുതലാളിയുടെ വീട്. മുതലാളി മുൻവശത്ത് ഒരു ചാരുകസേലയിൽ കിടക്കുന്നു. ഒരു ബഞ്ചും സ്റേറജിലുണ്ട്).

ചാക്കു— എടാ ജോസേ. എടാ ജോസേ (ജോസ് അകത്ത്നിന്നു)

ജോസ്— എന്തോ.

ചാക്കു—ഇങ്ങാട്ടു വരാൻ. (ജോസ് പ്രവേശിക്കുന്നു)

ജോസ്— എന്താ അപ്പൻ വിളിച്ചതു്.

ചാക്കു— എന്നിട്ടു നീയെന്തു തീരുമാനിച്ചു.

ജോസ്— എന്തു കാര്യമാ

ചാക്കു— കല്യാണക്കാര്യടാ. അല്ലാതെ ഇവിടെ എന്തു കാര്യമാ തീരുമാനിക്കാനുള്ളതു്.

ജോസ്— ആ കാര്യത്തിൽ അപ്പൻ എന്നെ നിർബ്ബന്ധിക്കരുതു്.

ചാക്കു— പിന്നെ നീയാണോ നിൻെറ വിവാഹം തീരുമാനിക്കുന്നതു്.

ജോസ്— വിവാഹം ചെയ്യുമ്പോൾ പണത്തേയും പ്രൌഢിയേയു മല്ല മാനദണ്ഡമായി കണക്കാക്കേണ്ടതു്.

ചാക്കു— പിന്നെ എന്താണ്. ദാരിദ്ര്യമാണോ കണക്കാക്കേണ്ട തു്. പറഞ്ഞാറിയോ തേങ്ങറിയാം.

ജോസ്— ബാക്കിയെല്ലാ ഗുണങ്ങളുമുണ്ടെങ്കിൽ സമ്പത്തില്ലായ്മ ഒരു ന്യൂനതയല്ല.

ചാക്കു— നീ നന്നായി ആലോചിച്ചാണോ പറയുന്നതു്.

ജോസ്— ഞാൻ നന്നായി ആലോചിച്ചാണ് പറയുന്നതു്.

ചാക്കു— അപ്പോൾ പണത്തിൻെറ കാര്യത്തിൽ നിനക്കൊരു വിലയുമില്ല.

ജോസ്— അപ്പൻ ഇപ്പോഴും പണത്തിൻെറ പിന്നിൽ ഒരടിമയായായിത്തിരിയുകയാണ്. പണത്തിന് ഉള്ളതിനേക്കാൾ കൂടുതൽ വില പണത്തിന് കല്പിയ്ക്കരുതു്. പണം ഒരു കാലത്തുണ്ടാവുന്നു. മേറൊരു കാലത്ത്നശിക്കുന്നു. അത്രയേയുള്ളു.

ചാക്കു— എന്തടാ നീയിങ്ങനെ തല തിരിഞ്ഞു പോയ്യെ.

ജോസ്— എനിക്കു യാതൊരു തല തിരിച്ചലുമില്ല. ഞാൻ സുബോധത്തോടു കൂടിയാണ് സംസാരിക്കുന്നതു്. എനിക്കിത്രയേ പറയുവാനുള്ളു. ഞാൻ പോകുന്നു (ജോസുപോകുന്നു. മാണി പ്രവേശിക്കുന്നു.)

മാണി— എന്താ മുതലാളി ദേഷ്യപ്പെട്ടിരിക്കുന്ന മാതിരി

ചാക്കു— ഒന്നുമല്ലടോ

മാണി— ഞാൻ നമ്മളു പറഞ്ഞ വീട്ടിൽ പോയി ആലോചിച്ചു അതു നടക്കും മുതലാളി പത്തിരുപതിനായിരവും ആഭരണം വേറെയും കിട്ടും.

ചാക്കു— അവർ ഇങ്ങോട്ടു വരാമെന്നു് പറഞ്ഞിട്ടുണ്ടോ

മാണി— വരുന്ന ഞായറാഴ്ച ഊണിന്നു് മുമ്പു വരും

ചാക്കു— അതു നന്നായി പക്ഷേ നാം ആലോചിക്കുന്ന കാര്യങ്ങൾ അവനു് പിടിക്കുന്നില്ലല്ലോ പക്ഷേ അവസാനം തീരെ തട്ടിക്കളയില്ല അവനവന്റെ മോനല്ലേ

മാണി— ഹേയ് അതില്ല

ചാക്കു— (കോപത്തോടെ) അവനവന്റെ മോനല്ലാന്നോ (എഴുനേല്ക്കുന്ന മാണിയെ അടിക്കാനോങ്ങുന്നു) നിന്നെ ഞാനടിക്കും നായേ

മാണി— ഹേയ് അതല്ല നമ്മൾ ആലോചിച്ചതു് അവൻ തട്ടിക്കളയില്ലാന്നു് (ചാക്കു കസേലയിൽ ഇരിക്കുന്നു)

ചാക്കു— ഇപ്പോഴത്തെ പിള്ളേർക്കു് ആലോചിക്കുന്നതൊന്നും പിടിക്കില്ല എന്തൊരു തല്ലിപ്പൊളി സ്വഭാവമാ തോററു

മാണി— പിള്ളരു് മുഴവൻ തല്ലിപ്പൊളിയാന്നെ

ചാക്കു— എന്റെ മോനെ നിന്നെ ഞാൻ ചവുട്ടും (എഴുനേല്ക്കുന്നു)

മാണി— ഹേയ് ജോസല്ല മററുള്ള പിള്ളരുടെ കാര്യമാ ഞാൻ പറഞ്ഞതു്

ചാക്കോ— അവൻ നല്ലവനാ അവനെൻെറ മോനല്ലേ (കസേലയിൽ ഇരിക്കുന്നു)

മാണി— (ഒരു രഹസ്യം പറയുന്ന മട്ടിൽ) ഞാനൊരു വർത്തമാനം അങ്ങാടീന്ന് കേട്ടു

ചാക്കോ— എന്തു വർത്തമാനാ

മാണി— നമ്മുടെ ജോസ് ആ കുഞ്ഞൻെറ പെങ്ങളുകുട്ടി ആഗ്നസില്ലേ ആ വെളുത്ത കുട്ടി അതിനെ കല്യാണം കഴിക്കാൻ ആലോചനയുണ്ടെന്ന് കേട്ടു

ചാക്കോ— (കോപത്തോടെ ചാടി എഴുനേല്ക്കുന്നു) എടോ തെണ്ടിമാപ്പിളെ തന്നോടു ഈ കാര്യം പറഞ്ഞതാരാ ഇത്തരം തല്ലിപ്പൊളി വർത്തമാനങ്ങൾ തനിക്കെവിടുന്നാ കിട്ടുന്നത് തൻെറ മോന്തയ്ക്കടിക്കണ്ടേ നായേ

മാണി— അയ്യോ മുതലാളി ഞാൻ കേട്ടതാ മകനെ വിളിച്ചൊന്നു ചോദിച്ചോ

ചാക്കോ— എനിക്കു ചോദിക്കണ്ട എൻെറ മോൻ അത്ര പെഴയൊന്നുമല്ല അവൻ എൻെറയാ മോൻ

മാണി— അതുകൊണ്ടാ എനിക്കു സംശയം

ചാക്കോ— ഏതുകൊണ്ട്

മാണി— നമ്മുടെ മോനായോണ്ട്

ചാക്കോ— അപ്പോൾ എൻെറ കുററമാണോ ഹേയ് അതുപോ അവൻ അതിനെ കെട്ടുമെന്നോ? ഇപ്പോൾത്തന്നെ ചോദിക്കാം എടാ ജോസേ എടാ ജോസേ

ജോസ്— (അകത്തുനിന്നുകൊണ്ട്) എന്തോ

ചാക്കോ— ഇങ്ങോട്ടുവരാൻ (ജോസ് പ്രവേശിക്കുന്നു) എടാ നീ വല്ല കല്യാണക്കാര്യവും ഉറപ്പിച്ചിട്ടുണ്ടോ?

ജോസ്— ഉറപ്പിച്ചിട്ടില്ല

ചാക്കോ— അതല്ലട ഞാൻ ആലോചിക്കുന്നതൊഴികെ വേറെ കല്യാണം കഴിക്കുവാൻ ആഗ്രഹിക്കുന്നുണ്ടോന്ന്

ജോസ്— അപ്പൻ ആലോചിക്കുന്ന പന്നത്തിന്നു് മാത്രമുള്ള വിവാഹം ഞാൻ ഇഷ്ടപ്പെടുന്നില്ല

മാണി— അതാ ഞാൻ കേട്ടതു്

ചാക്ക— താൻ പോടൊ മനുഷ്യ തന്നോടു ചോദിച്ചോ

ജോസ്— അപ്പൻ ഈ മനുസ്യനെ വരുത്തി എനിക്കുവേണ്ടി വിവാഹാലോചന നടത്തണമെന്നില്ല അതു നടപ്പുണ്ടാവുകയില്ല

മാണി— അതാ ഞാൻ പറഞ്ഞതു്

ചാക്ക— താൻ പോടൊ മനുഷ്യാ എടാ ജോസേ നീയാ ആഗ്നസിനെ കല്യാണം കഴിക്കാൻ പോകുന്നുണ്ടോന്നു്

ജോസ്— എന്റെ ആഗ്രഹം അതാണു്

മാണി— അതാ ഞാൻ കേട്ടതു്

ചാക്ക— താൻ പോടൊ മനുഷ്യാ തന്നെ ഞാൻ അടിക്കും

ജോസ്— സ്വത്തൊഴികെ എല്ലാ യോഗ്യതകളും ഒത്തൊരുമിച്ചുള്ള ഒരുത്തമ കത്തോലിക്കായുവതിയാണവൾ. അതിൽ കൂടുതലൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല.

ചാക്ക— (വളരെ കോപത്തോടെ) എടാ നീയവളെ കല്യാണം കഴിക്കുകയാണെങ്കിൽ ഇന്നുമുതൽ നീയെന്റെ മകനല്ല ഞാൻ നിന്റെ അപ്പനുമല്ല എന്റെ സ്വത്തിൽ ഒരു നയാപൈസ പോലും ഞാൻ നിനക്കു തരുകയില്ല

മാണി— അതാണു് അതിന്റെ ശരി

ചാക്ക— പോടൊ മനുഷ്യാ

ജോസ്— അപ്പൻ ഇത്തരം ഉഗ്ശാന്ധ്യങ്ങൾ എന്തിനു് പറയുന്നു

ചാക്ക— നീയെന്റെ മുമ്പീന്നു് പോയേൻ (ജോസ് പോകുന്നു)

മാണി— ഇല്ല അവൻ അതു സമ്മതിച്ചോളും

ചാക്ക— താൻ പോടൊ തന്നെ എനിക്കിനി കാണേണ്ട തല്ലിപ്പൊളി മാപ്പിള തെണ്ടി നടക്കുകയാണു്

മാണി— ഞാൻ പൊക്കോളാം അവൻെറ ആഗ്രഹം അവൻ പറ ഞ്ഞതിനു് എന്തിനാ മുതലാളി എന്നോടു കോപിക്കുന്നെ

ചാക്കു— താനിപ്പോഠം ഇങ്ങനെ നടന്നിട്ടു എന്താ കാര്യമുണ്ടായതു് രണ്ടുകൊല്ലം മുമ്പ് അവൻെറ കഴുത്തിൽ മുട്ടി കെട്ടേണ്ടതാ യിരുന്നു

മാണി— എന്തു മുട്ടി കെട്ടുകയോ

ചാക്കു— അല്ലടോ കഴുതേ കല്യാണം

മാണി— അതു ശര്യ കല്യാണം സമയത്തിന്നു് നടത്താതിരുന്നാൽ പിള്ളരു് ഓരോന്നു് വേണ്ടാത്തതു അനാഷിച്ചുണ്ടാക്കും പിന്നെ നമ്മഠം പിടിച്ചാടത്തു് കിട്ടുല്ല

ചാക്കു— ഇല്ല അങ്ങനെ ഞാൻ പഠിപ്പിക്കും

മാണി— അല്ല അവൻ ബി. എ. വരെ പഠിച്ചതല്ലേ

ചാക്കു— എടാമരക്കഴുതേ അതല്ല അവനെ ഞാൻ കാണിച്ചു കൊ ടുക്കും

മാണി— അതുവേണം നല്ല പെൺകുട്ടികളെ കാണിച്ചു കൊടുക്കണം

ചാക്കു— അതല്ലടോ മനുഷ്യാ കാശില്ലാണ്ടു അവൻ അവളും കെ ട്ടി കഴിയുന്നതു് ഞാനൊന്നു കാണട്ടെ എത്രയെത്രനന്നാംതരം കല്യാണാലോചന വന്നതാ ഒക്കെപ്പെഴച്ചില്ലെ

മാണി— നമ്മുടെ കാര്യമാ അധികം പെഴച്ചതു്. ഒരു കല്യാണം പോലും ഈ തുലാമാസത്തിൽ നടന്നിട്ടില്ല. കഷ്ടം! കാശു ണ്ടോ ഒരഞ്ചുറുപ്പയെടുക്കാൻ

ചാക്കു— ഇനി ഇപ്പോഴൊന്നും നടക്കണ്ട. അവൻെറ മട്ടറിയട്ടെ. തനിക്കെപ്പോഴും കാശുവേണം. ഇവിടെ കാശുകായ്ക്കുന്ന മരമു ണ്ടോ.

മാണി— എന്നാൽ, ഞാൻ ഇങ്ങോട്ടു നിക്കട്ടെ (പോകുന്നു) ഇയാഠം ക്കു ഇതിലും വല്ലതുവരണം.

ചാക്കു— എടാ ജോസേ

ജോസ്— (അകത്തു്നിന്നു) എന്തോ

ചാക്കു— ഇങ്ങോട്ടുവരാൻ (ജോസ് പ്രവേശിക്കുന്നു) എടാ തൻെറട ക്കാരാ. നിനക്കു കാൻഭക്തിയുണ്ടോടാ. ചൊവ്വുള്ള പിള്ളേ

ദു് കാന്നവന്മാരു നിശ്ചയിക്കുന്ന പെണ്ണിനെയാണു് കെട്ടുക അല്ലാതെ കണ്ട ദരിദ്രവാസികളേയും ആഭരണംപോലുമില്ലാതെ വലിച്ചുകൊണ്ടുവരികയല്ല ചെയ്യുന്നതു്.

ജോസ്— അവറംക്കു് ധനമില്ലെങ്കിലും ഒരു യഥാർത്ഥ കത്തോലിക്കാ യുവതിക്കു വേണ്ടതായ എല്ലാ യോഗ്യതകളുമുണ്ടപ്പാ. ധനവും ആഭരണവും അവറംക്കില്ല. ശരിതന്നെ. പക്ഷെ കുലീനതയും സൽസ്വഭാവവും ഭക്തിയും ആഭരണത്തേക്കാറം ഉപരിയായ സൌന്ദര്യ്യമാകുന്ന അലങ്കാരവും അവറംക്കുണ്ടു്. അതിനേക്കാറം ഉപരിയായി സ്വത്തിനേയും ആഭരണത്തേയും ഞാൻ കണക്കാക്കിട്ടില്ല.

ചാക്കു— (പുച്ഛഭാവത്തിൽ) ഹാവൂ. സ്വത്തുംആഭരണവുമില്ലാതെ കണ്ടുകൊണ്ടിരുന്നാൽ മതി. എടാ പണത്തിലും വലുതായകിയ്യം ഈ ലോകത്തിലില്ലടാ.

ജോസ്— പണത്തിനേക്കാറം വലുതായി ഈ ലോകത്തിൽഒന്നുമില്ലേ എങ്കിൽ അപ്പൻെറ ആശയത്തോടു ഞാൻ യോജിക്കുന്നില്ല. ഞാൻ പണത്തേക്കാളും ആഭരണത്തേക്കാളും കാര്യ്യമായി കരുതുന്നതു് നിർമ്മലസ്നേഹം തുളുമ്പുന്ന ഒരു യുവതിയുടെ ഹൃദയത്തെയാണു്.

ചാക്കു— എടാ പെഴപ്പെട്ടവനേ നിനക്കു വകതിരിവില്ല. നിനക്കു വേണ്ടി ഏതു നാട്ടിലെയും ഏററവും ധനമുള്ളവരുടെ കുട്ടികളെയാണു് ആലോചിച്ചതു്.

ജോസ്— പക്ഷേ, ഞാൻ ധനത്തെ എൻെറ ജീവിതാന്ത്യമായി കണക്കാക്കിയിട്ടില്ല.

ചാക്കു— പിന്നെ നീയെന്തിനെയാണു് കണക്കാക്കിയിട്ടുള്ളതു്. കൊലംകെട്ട പട്ടിണികോലത്തിനെയാണോ പറ ന്നതാലറിയോ തേഞ്ഞറിയാം.

ജോസ്— അപ്പാ, പണം നശിച്ചാലും നിർമ്മലമായ സ്നേഹം നശിക്കുകയില്ല. അതു എന്നെന്നും നിലനില്ക്കും. ഞാൻ അതിൽ അടിയുറച്ചവനാണു്.

ചാക്കു— എടാ ഞാൻ പറഞ്ഞിട്ടു നീയാ വീടുകളിൽപോയി ആ കുട്ടികളെ ഒന്നു കാണുകകൂടി ചെയ്യോടാ.

ജോസ് — ഞാൻ ആ വീടുകളിൽനിന്നു വിവാഹം കഴിക്കുവാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ എന്തിന്നു് പെൺകുട്ടികളെ കാണാൻ നടക്കുന്നു. അതിൻെറ ആവശ്യമില്ലല്ലോ.

ചാക്കു — അതാണു് ഞാൻ പറഞ്ഞതു് നീ തന്നിഷ്ടക്കാരനാണെന്നു്

ജോസ് — ഞാൻ ഒരിക്കലും അപ്പനെ കീഴ്‌വഴങ്ങാതിരുന്നിട്ടില്ലി പക്ഷേ ഈ ഒരു കാര്യത്തിൽ എനിക്കിഷ്ടമുള്ള ഒരാളെ വിവാഹംചെയ്യാൻ പൂർണ്ണ സ്വാതന്ത്ര്യമുണ്ടെന്നാണു് ഞാൻ ഇന്നേവരേയും ധരിച്ചിട്ടുള്ളതു്.

ചാക്കു — ആ കിട്ടൻ പിടിക്കൽ മുതലാളിയുടെ മകളെ നിനക്കായി എത്രപ്രാവശ്യം ആലോചിച്ചതാ. അയാളുടെ കുഡുംബത്തു ആന രണ്ടോ മൂന്നോ ഉണ്ടു്. കാറു ലോറി ഒക്കെ വേണ്ടതുണ്ടു്. പറഞ്ഞാലറിയോ തേങ്ങറിയാം.

ജോസ് — കുഡുംബത്തെ ആനയും ലോറിയും നോക്കിട്ടല്ലേ പെണ്ണുകെട്ടുന്നതു്?

ചാക്കു — പിന്നെ പെണ്ണിനെ മാത്രം നോക്കിയാ കെട്ടുന്നതു്. എന്താ ഇവൻെറയൊരു ശാസ്ത്രം കേട്ടോ. ആനയും ലോറിയുമൊക്കെ ഇവനു പുല്ലാ.

ജോസ് — ഞാൻ പണത്തിന്നു് അതിനില്ലാത്ത വില കല്പിച്ചിട്ടില്ല. അതുണ്ടാവുകയുമില്ല. ഇത്രമാത്രമേ എനിക്കതിനപ്പററി പറയുവാനുള്ളു.

ചാക്കു — മതി. ഇറങ്ങിക്കോളൂ. നീ ഇനിമേൽ ഇവിടെ വരുവാൻ പാടില്ല. എവിടെയെങ്കിലും പോയിതുലയു്. സ്വത്തില്ലാതെ നീ നന്നാകുവാൻ പോകുന്നില്ല.

ജോസ് — ഞാൻ പോകുന്നു. പക്ഷേ പണത്തിൻെറ ശരിയായ സ്ഥാനം ശരിക്കു മനസ്സിലാക്കുവാൻ ബോധം അപ്പനുണ്ടാകട്ടെ. എന്നാണെൻെറ പ്രാർത്ഥന (പോകുന്നു).

ചാക്കു — ഇതെന്തൊരു കാലക്കേടാന്നു് നോക്കു. ഒന്നിനും സുബോധമില്ലെന്നാ തോന്നുന്നേ പറഞ്ഞാലറിയോ തേങ്ങറിയാം.

## കർട്ടൺ

## രംഗം 4.

(ആഗ്നസിൻെറയും കുയ്യൻേറയും വീട്. കുയ്യൻ ഒരു കസേ ലയിൽ ചിന്തയിലാണ്ടിരിക്കുന്നു. ജോസ് പ്രവേശിക്കുന്നു)

കുയ്യൻ— ഇരിക്കണം മിസ്ററർ ജോസ്. എന്തൊക്കെയുണ്ട് വിശേഷങ്ങൾ.

ജോസ്— ആകപ്പാടെ വിഷമം പിടിച്ച ഒരു ഘട്ടത്തിൽ ഞാൻ എത്തിരിക്കയാണ്. ഞാൻ ആഗ്നസിനെ വിവാഹം കഴിക്കുകയാണെങ്കിൽ അപ്പൻ എനിക്കു അവകാശമായി യാതൊരു സ്വത്തും തരികയില്ലെന്നു തീർത്തുപറഞ്ഞു.

കുയ്യൻ— അങ്ങനെയാണ് അപ്പൻെറ തീരുമാനമെങ്കിൽ ഇനി എന്തുചെയ്യും.

ജോസ്— എൻെറ നിശ്ചത്തിൽ നിന്നു ഒരിക്കലും ഞാൻ പിന്മാറുകയില്ല. മാത്രമല്ല വിവാഹം ഉടനെ നടത്തിയില്ലെങ്കിൽ പിന്നീട് ഒരു പക്ഷേ എൻെറ ആഗ്രഹവും ആഗ്നസിൻെറ ആഗ്രഹവും നിറവേറിയില്ലെന്നും വരും.

കുയ്യൻ— പക്ഷേ എങ്ങിനെ അത്രപെട്ടെന്ന് നടത്തും.

ജോസ്— വിവാഹം യാതൊരാഡംബരവും കൂടാതെ രണ്ടാഴ്ചക്കുള്ളിൽ നടത്തുകതന്നെ. നിൻേറയും ആഗ്നസിൻെറയും ഇഷ്ടംപോലെ ദിവസം തീർച്ചപ്പെടുത്താമെന്നാണു ഞാൻ തീരുമാനിച്ചിട്ടുള്ളതു്.

കുയ്യൻ— നമുക്കു് ആഗ്നസിനെ വിളിച്ചു കാര്യം പറയാം. അവൾക്കതിനു് സമ്മതമാണെങ്കിൽ ഉടനെ നടത്തുകതന്നെ. ആഗ്നസേ, ആഗ്നസേ

ആഗ്നസ്— (അകത്തുനിന്നുകൊണ്ട്) എന്തോ.

കുയ്യൻ— നീ ഇങ്ങോട്ടു വന്നേൻ. (ആഗ്നസ് പ്രവേശിക്കുന്നു.) ജോസുമായുള്ള നിൻെറ വിവാഹം തീരുമാനിക്കാനാണ് നിന്നെ വിളിച്ചതു്. ജോസും അപ്പനും തമ്മിൽ പിണക്കത്തിലാണ്. നിങ്ങൾ തമ്മിലുള്ള വിവാഹത്തിനു് ജോസിൻെറ അപ്പൻ എതിരാണ്

ജോസ് — അപ്പൻ യാതൊരു സ്വത്തും തരികയില്ല. അതു തീർച്ചയാണ്. നമ്മുടെ വിവാഹം ആർഭാടരഹിതമായി നമുക്ക് അടുത്തുതന്നെ നടത്തണമെന്നാണ് ഞാൻ വിചാരിക്കുന്നത്. ആഗ്നസിന്റെ അഭിപ്രായമെന്താണ്.

ആഗ്നസ് — അങ്ങനെ ഇപ്പോൾ ധൃതികൂട്ടി എന്തിനാണ് നടത്തുന്നത്. നാം എങ്ങിനെ കഴിഞ്ഞുകൂടും അങ്ങേയ്ക്കു ഇവിടെ എങ്ങിനെ ജീവിക്കുവാൻ സാധിക്കും

കുഞ്ഞൻ — ആകപ്പാടെ വലിയ വിഷമ പ്രശ്നമാണ്

ജോസ് — അതെല്ലാം എങ്ങിനെയെങ്കിലും നടക്കും വിവാഹത്തിന് ശേഷം ഞാൻ ബോമ്പയിൽ പോയി ഏതെങ്കിലും ജോലിയിൽ പ്രവേശിക്കും എനിക്കവിടെ പല സ്നേഹിതന്മാരുമുണ്ട് അവർ ശ്രമിച്ചാൽ എനിക്കു ജോലി കിട്ടാതിരിക്കയില്ല അപ്പോൾ നമുക്കെല്ലാവർക്കും ബോമ്പയിൽത്തന്നെ താമസിക്കാം

കുഞ്ഞൻ — പക്ഷേ ജോസ് ഇവിടം വിട്ടുപോയാൽ ഇന്നാട്ടിലെ നമ്മുടെ ശത്രുക്കൾ നമ്മെ ഏതു വിധത്തിലെങ്കിലും നശിപ്പിക്കുവാൻ ശ്രമിക്കും എന്റെ ജേഷ്ഠന്റെ ഭാര്യ കത്രീനച്ചേടത്തിമാത്രം മതി അപവാദങ്ങൾ പറഞ്ഞു പരത്തുവാൻ ഒരു പക്ഷേ ഞാനും ആഗ്നസും പട്ടിണികിടന്നു മരിച്ചുവെന്നും വരാം. എല്ലാം നന്നായിട്ടു മനസിലാക്കിയിട്ടു തീരുമാനിച്ചാൽ മതി

ജോസ് — അതൊന്നുമില്ല ദൈവ പരിപാലനയിൽ ആശ്രയിക്കുക എല്ലാം ശുഭമാകും.

ആഗ്നസ് — അത്ര ധൃതികൂട്ടി വേണ്ടെന്നാണ് എന്റെ അഭിപ്രായം എന്നാലും ഞാൻ അതിന് എതിരല്ല. നിങ്ങളുടെ തീരുമാനം എനിക്കു സമ്മതമാണ്

ജോസ് — ഇപ്പോൾ നടത്താതിരുന്നാൽ ഇനിയും തടസ്സങ്ങൾ കൂടി വരികയേയുള്ളു ഒരു പക്ഷേ നമ്മെ രണ്ടുപേരേയും നശിപ്പിച്ചുപോലും നമ്മെ എന്നന്നേയ്ക്കുമായി വേർപെടുത്തുവാൻ ചില കരുത്ത കൈകൾ പ്രവർത്തിക്കാതിരിക്കയില്ല

കുഞ്ഞൻ– എന്നാൽ നമുക്ക് വേണ്ട ഒരുക്കങ്ങൾ നടത്തുക്തന്നെ ഉടനെ വിവാഹം നടക്കട്ടെ പുറം ചിലവുകളെല്ലാം വേണ്ടെന്നു് വെയ്ക്കുക

ജോസ്– (ആഹ്ലാദത്തോടെ) വിവാഹം വേഗം നടക്കട്ടെ നിർമ്മലവും പരിശുദ്ധവുമായ സ്നേഹം എന്നും നിലനില്ക്കുന്നു അതു ഏതു വിഷമങ്ങളും തരണം ചെയ്യും അതു ഏതു ത്യാഗവും സഹിക്കുവാൻ തയ്യാറാണു് അതു വെറും അലങ്കാര വിഭൂഷണങ്ങളിലോ വെറും ജഡിക സൌന്ദര്യത്തിലോ അല്ല നിലകൊള്ളുന്നതു് അതു സ്ഥായിയായി ആത്മാവിൽ നിലകൊള്ളുന്നു അതിൻെറ ശോഭ അതേ സത്യത്തിൻെറ സൌന്ദര്യം കുറയുകയില്ല ദൈവം നമ്മെ അനുഗ്രഹിക്കട്ടെ

ആഗ്നസ്– സർവ്വശക്തൻ നമ്മോടുകൂടെയുണ്ടെങ്കിൽ നാം എന്തിനു് ഭയപ്പെടുന്നു എല്ലാം ശുഭമാകും

കുഞ്ഞൻ– അടുത്ത ചടങ്ങുകൾ ഉടനെ നടത്തുക തന്നെ

ജോസ്– എന്നാൽ ഞാൻ പോകട്ടെ (പോകുന്നു)

ആഗ്നസ്– ദൈവം അനുഗ്രഹിച്ചാൽ എല്ലാം നടക്കും (മാണി പ്രവേശിക്കുന്നു)

മാണി– മക്കളെ ഞാൻ അങ്ങാടീന്നു് ഒരു വർത്തമാനം കേട്ടു ലൊ അതു ശരിയാണോ (ആഗ്നസ് അകത്തേയ്ക്കു പോകുന്നു)

കുഞ്ഞൻ– എന്താടോ താൻ കേട്ടതു്

മാണി– ഈ ആഗ്നസ് പെണ്ണിനെ ആ ജോസ് കെട്ടാൻ പോണുന്നു്

കുഞ്ഞൻ– അതിനു് തനിക്കെന്തു് വേണം

മാണി– എനിക്കൊന്നും വേണ്ട അവരു് പണക്കാര നമ്മള് സാധുക്കളാ അപ്പോൾ പററുമോ പററല്ല

കുഞ്ഞൻ– അതു പററിക്കാൻ താൻ വരണ്ട അതു ഞങ്ങള് തീരുമാനിച്ചോളാം

മാണി– അതു നടന്നാൽ മുതലാളി അവനു് ഒരു നയാപൈസയു

ടെ മുതല് കൊടുക്കില്ലാന്നാ പറഞ്ഞതു് അതുകൊണ്ട മക്കളെ വല്ലീതു നോക്കണ്ട കൊക്കിലൊതുങ്ങിയതാ കൊത്താവൂ അതു നടക്കില്ല മോൻ ചെറപ്പാ അതുകൊണ്ട ഞാൻ ഒള്ള വിവരം അറിയിക്കാനാ വന്നതു്

കുര്യൻ– ഏതായാലും തൻെറ ഉപദേശമൊന്നും വേണ്ട അതൊക്കെ കയ്യിലിരുന്നോട്ടെ

മാണി– മോനെ ഒള്ളോരുടെ മാതിരി ഇല്ലാത്തവരു് ചാടൃാ പറവമോ പറവല്ല

കുര്യൻ– ഇക്കാര്യത്തിൽ വേണ്ടതു് ചെയ്യാൻ ഞങ്ങൾക്കറിയാം അതിനു് തൻെറ വലിയ ഉപദേശം ആവശ്യമില്ല

മാണി– മോനേ ഒമാൻ ദേഷ്യപ്പെടാതിരിക്കു് അവൾക്കു് ഞാനൊരു ബന്ധുത കണ്ടിട്ടുണ്ടു്

കുര്യൻ– ആ ബന്ധുത ഇവിടെ പറയണ്ട

മാണി– മോനെ ചെക്കൻ മഹാ യോഗ്യനാ ഒരാളും ഒരററ കുററം പറയില്ല വലിയ ജോലിക്കാരൻ മാഷാ

കുര്യൻ– എടോ വലിയ ജോലിക്കാരൻ മാഷൊന്നും ഇവിടെ ആവശ്യമില്ല

മാണി– മോനെ അവനു് ജോലി എവിടെയാണെന്നറിയാ ഉസ്കൂറിലാ അവിടത്തെ ഏററവും വലിയ മാഷാ

കുര്യൻ– താൻ ഏതായാലും ഇതും പറഞ്ഞു നടക്കണ്ട

മാണി– അതു വേണ്ടെങ്കിൽ വേണ്ട വേറെയുണ്ടു് നമ്മടെ കൈയ്യിൽ സ്റ്റോക്കു്

കുര്യൻ– ഇപ്പോൾ കയ്യിലുണ്ടോ കാണട്ടേ

മാണി– മോനേന്തായീ പറയുന്നതു് ചെക്കൻ കയ്യിലാ ഇരിക്കാ നമ്മടെ അറിവിലുണ്ടെന്നാ പറഞ്ഞതു്

കുര്യൻ– പോടൊ മനുഷ്യ ഉസ്കൂറും വലിയ മാഷും താൻ വേഗം പോയേൻ ഇവിടന്നു്

മാണി– ഹാവു് എന്തൊരു ക്ഷീണം എന്തെങ്കിലും തിരികുടിക്കാൻ എനനണ്ടാവോ

കുര്യൻ– ഇപ്പോൾ തല്ക്കാലം നോക്കണ്ട ഒരു എനവുമില്ല

മാണി– എന്നാൽ ഒരെട്ടണ എടുക്കുവാൻ പറവുമോ .

കുര്യൻ– തല്ക്കാലം പററില്ല

മാണി– ഒരു മര്യാദ വേറെണ്ട ഒരെട്ടണ ചോദിച്ചാതരില്ല എന്നാൽ കഞ്ഞികുടിക്കേണ്ട നേരത്തു് ഒരാള വന്നാ കഞ്ഞികുടിക്കാന്നു് പറയാ അതുമില്ല

കുര്യൻ– എടോ ഇവിടെ കഞ്ഞി കുടിക്കേണ്ട നേരമായില്ല പിന്നെയെങ്ങനെ കഞ്ഞി കുടിച്ചോന്നു പറയും?

മാണി— മോനൊന്നും ഇനി പറയണ്ട. എല്ലാം മനസിലായി.

കുര്യൻ– അതു ഏതായാലും നന്നായി. എല്ലാം മനസിലായല്ലോ. ഇനി ഇങ്ങോട്ടു കേറരുതു്. മനസിലായോ.

മാണി— ഇല്ല. കാര്യം മോനുവേഗംതിരിഞ്ഞോളും അല്ലാത്ത പറവുമോ. പറവല്ല. (മാണി പോകുന്നു ആഗ്നസു പ്രവേശിക്കുന്നു)

ആഗ്നസ്– (ചിരിച്ചുകൊണ്ടു്) അയാളുപോയി ഇല്ലേ. ശല്യം വെറുതെ തട്ടിത്തിന്നാൻ നടക്കുകയാണു്.

കുര്യൻ— അവസാനം അയാളു പോയി. ആ ശല്യം തീൻു. ആ ജോസു മഹാ ധൈര്യവാൻ തന്നെ.

ആഗ്നസ്– തീർച്ചയായും നാം വളരെ കഷ്ടപ്പെടേണ്ടിവരും. സാരമില്ല.

കുര്യൻ– എനിക്കൊരു ജോലി കിട്ടിയെങ്കിൽ ഒന്നും സാരമില്ലായിരുന്നു.

ആഗ്നസ്— ജ്യേഷ്ഠൻ ദുഃഖിക്കാതിരിക്കണം. നാം ദൈവത്തിൽ ശരണപ്പെടുക

കുര്യൻ– ഞാൻ പുറത്തേയ്ക്കു ഒന്നു ഇറങ്ങിവരട്ടെ. (പോകുന്നു ആഗ്നസു മുട്ടുകുത്തിനിന്നുകൊണ്ടു ഒരു ഗാനം പാടുന്നു. ഗാനത്തിൻെറ അവസാനത്തിൽ കർട്ടൺ വീഴുന്നു)

## കർട്ടൺ

## രംഗം 9

(തോമസിൻെറ പുതിയ വാടകക്കെട്ടത്തറവീട്ട്. കത്രീന കസേലയിൽ എന്തോ വായിച്ചുകൊണ്ടിരിക്കുന്നു. സ്റ്റേജിൽ ഒരു ബെഞ്ചുണ്ട്. ഐപ്പ് പ്രവേശിക്കുന്നു)

കത്രീന– എന്തടോ കല്യാണം ഭംഗിയായായില്ലേ?

ഐപ്പ്– അതതിനെയല്ലെ ആവുകയുള്ളു. ഇന്നലെയല്ലെ കല്യാണം കഴിഞ്ഞതു്. ഇവിടേയ്ക്കു അറിയിപ്പുണ്ടായിരുന്നോ?

കത്രീന– അറിയിപ്പുണ്ടായിരുന്നു. ആരുപോകുന്നു ഈ പിച്ചകളുടെ കല്ല്യാണത്തിന്നു്.

ഐപ്പ്— അതിനു് പോകുന്നതുതന്നെ വല്ലവരും കണ്ടാൽ മഹാ കുറച്ചിലാ. (ബെഞ്ചിൽ ഇരിക്കുന്നു)

കത്രീന– എന്നിട്ടു എങ്ങിനെ കഴിയാൻ പോണു് അവററ ഹൌ എന്തരു് പോകു്. ഇനി മണവാളനും മണവാട്ടിയുമായി കഴിയുന്നതു കാണട്ടെ. കാണാലൊ പട്ടിണികിടന്നു ചത്തോളും (പുഛഭാവം നടിക്കുന്നു)

ഐപ്പ്– അതു കണിശമാ.

കത്രീന– ഇനി എന്തുചെയ്യാൻ പോകുന്നു.

ഐപ്പ്– ബോംബെക്കു് ജോസ് ജോലി അന്വേഷിച്ചുപോകുന്നുവെന്നാ കേട്ടതു്.

കത്രീന– ഹാവൂ, അവനവിടെ ജോലി എടുത്തുവെച്ചിരിക്കയോ. അവളേയും കൊണ്ടുപോകുന്നുണ്ടോ വല്ലതും പറഞ്ഞുകേട്ടോ.

ഐപ്പ്– ഇല്ല ജോലി കിട്ടിയതിനുശേഷം അവളേയും കൊണ്ടുപോകുമത്രേ.

കത്രീന– (പുഛഭാവത്തിൽ) അപ്പോഴേയ്ക്കും അവളു പട്ടിണികിടന്നു ചത്തോളും.

ഐപ്പ്– അതു ശര്യാവും എങ്ങിനെ കഴിയാനാണ്.

കത്രീന– ഇങ്ങോട്ടുവന്നാൽ ഞാൻ ഒരു തുള്ളി പച്ചവെള്ളംപോലും കൊടുക്കുല്ല.

ഐപ്പ്.– കൊടുക്കരുതു്. അതിൻെറ ആവശ്യമില്ലല്ലോ.

കത്രീന– കല്യാണത്തിന്നു് ആരൊക്കെയുണ്ടായിരുന്നു.

ഐപ്പ്.– അച്ചനും കപ്യാരും ചെക്കനും പെണ്ണും ഉണ്ടായിരുന്നു. ഒരു സാക്ഷി കപ്യാരായിരുന്നുവെന്നാ കേട്ടതു്. പിന്നെ ഒരു മാപ്പിളകൂടി ഉണ്ടായിരുന്നു.

കത്രീന— അതു വല്ല ഭ്രാന്തന്മാരുമാകും

ഐപ്പ്– അല്ലാതെ ബോധമുള്ളവരു് അതിന്നു സാക്ഷി നില്ക്കുമോ എനിക്കതിൻെറ ലൈറ്റ്ക്ലിയറാ.

കത്രീന– കല്യാണത്തിന്നു്ശേഷം ഐപ്പ്. മുതലാളിയെ കണ്ടോ.

ഐപ്പ്.– പിന്നെ. ഞാൻ ഇന്നലെ വൈകുന്നേരം അവിടെ പോയിരുന്നു.

കത്രീന– എന്തു പറയുന്നു.

ഐപ്പ്.– അവനു് അവകാശമായിട്ടു ഒരു നയാപൈസപോലും കൊടുക്കില്ലാന്നാ പറഞ്ഞതു്. എൻെറ മുഖത്തവൻ കരി തേച്ചില്ലെ. എന്നാണു് പറയുന്നതു്.

കത്രീന– (ചിരിക്കുന്നു.) കൊടുക്കില്ലാന്നു് തീർത്തു പറഞ്ഞു ഇല്ലേ?

ഐപ്പ്.– മാത്രമല്ല. വേണ്ടിവന്നാ ഒരു കെട്ടും കൂടി ചാക്കു മുതലാളി കെട്ടുമത്രെ അതിലും സന്തതിയില്ലാതെ വന്നാൽ ആ ഭാര്യയുടെ പേരിൽ ഉള്ള മുതലുമുഴുവൻ എഴുതി വച്ചിട്ടാ മരിക്കുള്ളു. എന്നുകൂടെ പറഞ്ഞു. ആളുടെ കാര്യം അത്ര കണ്ടീഷനാ. എന്നാലും അവനു് ഒരു നയാപൈസപോലും കൊടുക്കുകയില്ലാന്നു് തീർത്തു പറഞ്ഞു.

കത്രീന– (ചിരിക്കുന്നു) അപ്പൊ മുതലാളി ഇനിയും കെട്ടാൻ പോകുകയാണോ.

ഐപ്പ്.– എന്താ വയസ്സായാലും അദ്ദേഹത്തിന്നു നല്ല ആരോഗ്യമുണ്ടു്. വേണ്ടിവന്നാ അത്രയും കൂടിചെയ്യാൻ ഒരുക്കമാണെന്നർത്ഥം എന്നാലും അവനുകൊടുക്കില്ല. എന്നിട്ടു നമ്മുടെ തോമസ്സു സാറുവന്നില്ലല്ലോ (തോമസു പ്രവേശിക്കുന്നു.)

തോമസ്— എന്ത ഐപ്പേട്ട വത്തമാനങ്ങൾ.

ഐപ്പ്.— ഞങ്ങള് ഇന്നലത്തെ കല്യാണക്കാര്യം പറഞ്ഞിരിക്കുക യായിരുന്നു.

കത്രീന— നിങ്ങളുകേട്ടോ ആ ജോസു ബോമ്പേയ്ക്കു പോകാൻ ഒരു ങ്ങിയിരിക്കയാണെന്ന്.

തോമസ്— (ദുഃഖത്തോടെ) എന്നിട്ട ആഗ്നസും കുരിയനും എ ങ്ങിനെ കഴിയും.

കത്രീന— നിങ്ങൾക്കതാ ചിന്ത. അവരെങ്ങിനെയെങ്കിലും കഴി ഞ്ഞോട്ടെ. അതെന്തിനാ നമ്മളറിയുന്നതു.

തോമസ്— എന്നാലും എൻെറ അപ്പൻ മരിക്കുമ്പോൾ ഒരു കാര്യ മേ പറഞ്ഞുള്ളൂ. നീ അവരെ ഒരു സ്ഥാനത്താക്കണമെന്ന്.

കത്രീന— നിങ്ങളതും പറഞ്ഞിരുന്നോ. അതിനു തെല്ല് ഭാഗ്യം ആ മക്കൾക്കുംവേണം.

തോമസ്സ്— ഭാഗ്യത്തിൻെറ കുറവൊന്നുമില്ല. ഞാൻ നീ പറഞ്ഞ തും കേട്ട നടന്നു. ഇതൊന്നും ശരിയാവാനല്ല.

ഐപ്പ്.— മോനൊന്നും പേടിക്കേണ്ട മക്കൾക്കു ഗുണംവരും.

തോമസ്സ്— കാണാമല്ലോ.

കത്രീന— ഈ മനുഷ്യൻെറ കൂടെ താമസിക്കാൻ മഹാ പ്രയാസം. എന്നും വലിയ ആവലാതിയാണ്. അവരെങ്ങനെ ജീവി ക്കും അവരെങ്ങനെ ഭക്ഷിക്കും. എന്നാൽ നാം എങ്ങനെ സമ്പാദിച്ചു സുഖിച്ചു ജീവിക്കണം എന്നൊരു വിചാരവുമി ല്ല. ഈ മനുഷ്യനെക്കൊണ്ട തോററു. ഒരു മരപ്പാവ. ഒരു ധൈര്യമൊക്കെ എല്ലാററിനും വേണ്ടേ.

തോമസ്— എന്തു ധൈര്യന്നാ നീ പറയുന്നതു്. അവരും എ ൻെറ അപ്പൻെറ സന്താനങ്ങൾതന്നെയാണ്.

കത്രീന— എന്നു വെച്ചു നമ്മൾ പട്ടിണികിടന്നു അവരെ തീററി പ്പോററണോ.

തോമസ്— അതൊന്നുംവേണ്ട. നാം അവരെ മറക്കുവാൻ പാടില്ല.

കത്രീന — മറക്കണ്ട എപ്പോഴും ഓത്തുകൊണ്ടിരുന്നോ.

ഐപ്പ് — തോമാസേ അങ്ങനെ നോക്ക്യാ ജീവിക്കാൻ സാദ്ധ്യല്ല മോനേ.

തോമസ് — എപ്പോഴും ഓത്തുകൊണ്ടിരിക്കണമെന്നല്ല ഞാൻ പറയുന്നതു്. അവർ ഒരു സ്ഥിതിയിലാകുന്നതുവരെ അവരെ രക്ഷിക്കേണ്ട ചുമതല നമ്മുടേതല്ലേ.

കത്രീന — അങ്ങനെ വല്ലവരുടേയും മക്കളെ രക്ഷിക്കേണ്ട ചുമതല നമുക്കുണ്ടെന്നു ഞാൻ കരുതുന്നില്ല. അതുണ്ടാവുകയുമില്ല.

തോമസ് — പക്ഷേ അങ്ങനെ അവരെ രക്ഷിക്കേണ്ട ചുമതല നമുക്കുണ്ടെന്നാണു് എൻെറ മനസ്സാക്ഷി എന്നോടു പറയുന്നതു്. നിനക്കിഷ്ടമായാലും ഇല്ലെങ്കിലും.

കത്രീന — എന്നാൽപ്പിന്നെ എന്തിനാ അവരെ വിട്ടുപോന്നതു്.

തോമസ് — അതാണു് ഞാൻ പറയുന്നതു് ഞാൻ എൻെറ മനസ്സാക്ഷിക്കെതിരായി നിനക്കുവേണ്ടി പ്രവൎത്തിച്ചുവെന്നു്.

ഐപ്പ് — ഈ ലോകത്തു് ഈ മനസ്സാക്ഷീം പറഞ്ഞിരുന്നാ കാൎയ്യം നടപ്പില്ല. എല്ലാവൎക്കും ഒരു ബിസിനസ് മനസ്ഥിതിയാ വേണ്ടതു്. എനിക്കതിൻെറ ലൈൻ ക്ലീയറാ.

തോമസ് — എന്തു ബിസിനസ് മനസ്ഥിതിയാടോ ഇതു്.

കത്രീന — നിങ്ങൾക്കതു തിരിയില്ല. അതാ നിങ്ങളുടെ കൂടെ പൊറുക്കാൻ പ്രയാസം.

ഐപ്പ് — മററുള്ളവരുടെ കാൎയ്യം അവനവൻെറ കാൎയ്യം കഴിഞ്ഞിട്ടു്. അതാ ഈ ബിസിനസ് മനസ്ഥിതി. ഇപ്പോ ലൈൻ ക്ലീയറായോ

തോമസ് — മററുള്ളവരെപ്പോലെ കണക്കാക്കിയാൽ മതിയോ സ്വന്തപ്പെട്ടവരെ.

കത്രീന — നിങ്ങൾക്കാരാ സ്വന്തപ്പെട്ടവരു്. ഞാനോ അതോ ആ തെണ്ടിപ്പിള്ളരോ

ഐപ്പ് — എനിക്കൊരുകാൎയ്യം അറിയാം. തോമസിനു് കത്രീന കഴിഞ്ഞിട്ടു ദൈവംതമ്പുരാനുംകൂടിയുള്ളു.

കത്രീന — (ചിരിക്കുന്നു) അങ്ങിനെ പറഞ്ഞുകൊടുക്കുക കാര്യം. നിങ്ങൾക്കറിവില്ലെങ്കിൽ ഞാൻ പറഞ്ഞതു കേൾക്കണ്ട. വിവരമുള്ളവരു് പറയുന്നതുകേൾക്കണം.

തോമസ് — ഈ പറയുന്ന അറിവൊന്നും ഗുണം പിടിക്കാനല്ല.

കത്രീന — ഈ മനുഷ്യൻെറ വത്തമാനംകേട്ടാൽ നമ്മളൊക്കെ ചത്തിട്ടായാലും അവരെ പോററണന്നാ.

ഐപ്പ് — എന്തായാലും ഞാൻ കത്രീനയുടെ ഭാഗത്താ.

തോമസ് — താൻ ഏതു ഭാഗത്തായാലും വേണ്ടില്ല. എൻെറ കാര്യമാ ഞാൻ പറഞ്ഞതു്.

കത്രീന — നിങ്ങളു കാന്നോരുടെ അന്ത്യവാക്യം പറഞ്ഞുനടന്നോ നിങ്ങൾ അവററക്കു ഒരു നയാപൈസ സഹായിച്ചാലു് ഞാനെൻെറ പാട്ടിനു് പോകും.

ഐപ്പ് — അതുവേണം. ഇന്നുണ്ടല്ലോ മോനേ പഴയകാലല്ലട്ടോ. പെണ്ണുങ്ങളു പറഞ്ഞതു് കേക്കണം.

കത്രീന — ലോകം പരിഷ്കരിച്ചതു് ഈ മനുഷ്യൻ അറിഞ്ഞില്ല അതാ ഈ പൊരുത്തക്കേടു്മുഴവൻ.

ഐപ്പ് — അതു ശരി. തോമസു ഒരു പഴയമട്ടുകാരനാ അതൊക്കെ പോട്ടെ മോനെ

തോമസ് — എന്തുപോട്ടേന്നാ താൻ പറയുന്നതു്. ജോസ് ബോമ്പേയിൽ പോയാൽ ആഗ്നസും കുരിയനും പട്ടിണികിടന്നുമരിക്കും. ഞാനതു് എങ്ങിനെ കണ്ടിരിക്കും.

കത്രീന — നിങ്ങളു അതു അറിയാനുംപോണ്ട കാണാനും പോണ്ട. വെറുതെയിരുന്നാൽ മതിട്ടോ.

ഐപ്പ് — അതുകാര്യം മോൻ ഇനി ഗുമസ്തപ്പണിക്കും പോണ്ട.

കത്രീന — എന്തിനാ ഈ ഗുമസ്തൻെറ ജോലി എൻെറ കുടുംബത്തുനിന്നു ഇരുപത്തയ്യായിരത്തിൽപ്പരം രൂപ കൊണ്ടുവന്നിട്ടുണ്ടു് നല്ലവാടക കിട്ടുന്ന കെട്ടിടങ്ങൾ വാങ്ങണമെന്നാ എൻെറ പ്ലാൻ.

തോമസ് — അതിനൊന്നും ഞാൻ എതിരല്ല. പക്ഷേ ജോലി എന്തിനാ ഉപേക്ഷിക്കുന്നതു്

ഐപ്പ്.— ഹേയ് മോശം ഇത്രവകയുള്ളൊരു ജോലിക്കുപോണതു മ ഹാ മോശം.

കത്രീന.— ഈ മനുഷ്യനു് വല്ലതും തിരിയുമോ. എന്നാൽ വിവരമു ള്ളവർ പറയുന്നതു് കേൾക്കുമോ അതുമില്ല. തോററു.

തോമസ്.— നീ പറഞ്ഞിട്ടു ഞാൻ എന്താ കേൾക്കാതിരുന്നേ.

കത്രീന.— എന്നാൽ ഞാൻ പറയുന്നു. നിങ്ങൾ നാളെമുതൽ ഗ്രമ സ്ഥജോലിക്കു പോകേണ്ടെന്നു്.

ഐപ്പ്.— അതു കാര്യം മോനേ. മോൻ പോകണ്ട. അല്ലാതെ ഉണ്ട ല്ലോ വേണ്ടതു് നിങ്ങൾക്കും നിങ്ങൾക്കുണ്ടാവുന്ന മക്കൾക്കും തിന്നാൻ.

തോമസ്.— എനിക്കിതൊന്നും മനസ്സിലാകുന്നില്ല. ആ ആഗ്നസ് സ്കൂളിൽ പോകാതെ പഠനംനിർത്തി. പട്ടിണിമൂലം വാടിക്കരിഞ്ഞു. എന്നാലും ദൈവം അവരെ കൈവെടിയു കയില്ല.

കത്രീന.— പിന്നെ നമ്മെ കൈവെടിയുമോ.

തോമസ്.— അതെനിക്കറിഞ്ഞുകൂടാ ആഗ്നസ് എത്രയോ നല്ല കുട്ടിയാ. എന്തൊരു നിർഭാഗ്യം. സർവ്വരും അങ്ങാടിയിൽ ഇരുന്നു എന്നെ കുററം പറയുകയാണു് ഞാൻ നിൻെറ കൂടെ ഒരു പെട്ടകാരനായി ഇറങ്ങിപ്പോന്നുന്നും പറഞ്ഞു. എന്തതു് മാനക്കേട്.

ഐപ്പ്.— മോനെന്താ പ്രാന്തു പിടിച്ചോ ഇങ്ങനെ പറയാൻ.

തോമസ്.— ഇല്ല. പ്രാന്തു ഇപ്പോൾ പിടിച്ചിട്ടില്ല. ഈ പോക്കി നു് പ്രാന്തു് പിടിക്കും.

കത്രീന.— ഇതെന്തൊരു ശല്യം നിങ്ങളു അതുമിതും അന്വേഷിച്ചു നടക്കണ്ട. ഞാൻ പറഞ്ഞതു് കേട്ടു നടത്താൽമതി.

ഐപ്പ്.— അതു ശര്യാ. കത്രീന പറഞ്ഞതാ കാര്യം. അവരെ ര ക്ഷിക്കാനൊന്നും മക്കളുനോക്കണ്ട. എനിക്കതിൻെറ ലൈ ൻക്ലിയറാ. എന്നാൽ ഞാൻ ഇങ്ങോട്ടു നിക്കട്ടെ (ഐപ്പ്. പോകുന്നു.)

## കർട്ടൺ

## രംഗം 10.

(കുര്യൻെറയും ആഗ്നസിൻെറയും വീട്. കഴുത്തിൽ താലി ച്ചെയിനും താലിയും കൈയ്യിന്മേൽ വളകളുമുണ്ട്. ആഗ്നസ് സാരി ധരിച്ചിരിക്കുന്നു. കസേലയിൽ ഇരിക്കുന്നു. ജോസ് ബോംബേയ്ക്കു പോകുന്നതിനുള്ള ഒരുക്കത്തിൽ ഒരു ലതർബാഗും കൈയ്യിൽ പിടിച്ചു പ്രവേശിക്കുന്നു. ആഗ്നസ് ജോസിനെ കാണുമ്പോൾ എഴുന്നേല്ക്കുകയും പുഞ്ചിരിക്കുകയും ചെയ്യുന്നു.)

ജോസ്— ഞാൻ അടുത്ത എക്സ്പ്രസ് വണ്ടിക്കു ബോംബേയ്ക്കു പോകുകയാണ്. ആഗ്നസേ നീയും കുരിയനും ദുഃഖിക്കാതിരിക്കുവാനാണ് ഞാൻ പോകുന്നത്. നിൻെറ ദുഃഖം ഞാൻ അറിയുന്നുണ്ട്. വിധി നമ്മോടു കഠിനമായി പ്രവർത്തിക്കയില്ല. ഏതുവിഷമഘട്ടത്തിലും ദൈവത്തിൻെറ പരിപാലനയിൽ നീ വിശ്വസിക്കുക. അതിൽ മാത്രം നീ സമാശ്വസിക്കുക. ഇനി ഈ ജീവിതമാകുന്ന കടലിലെ യാത്രയിൻ നീ കുരിശാകുന്ന നമ്മുടെ പാമരം വഹിച്ചു കൊച്ചു പ്രത്യാശയാകുന്ന നമ്മുടെ നങ്കൂരമിട്ടുകൊണ്ടു് കടൽക്കള്ളന്മാരായ നമ്മുടെ ശത്രുക്കളെ നേരിട്ടുകൊണ്ടു വിജയത്തെ ലക്ഷ്യം വെച്ചു മുന്നോട്ടു പോകുക.

ആഗ്നസ്— അങ്ങേക്കുവേണ്ടി എന്തു സഹിക്കുവാനും ഞാൻ തയ്യാറാണ്. ഇന്നു മുതൽ അങ്ങയുടെ തിരിച്ചു വരവുവരെ ഈ കുടുംബത്തിൽ വേദനയുടെ നിമിഷങ്ങളേ ഉണ്ടാവുകയുള്ള അതങ്ങു മറക്കാതിരുന്നാൽമതി.

ജോസ്— ആഗ്നസേ നീ പറയുന്നതെല്ലാം ഞാൻ നന്നായി മനസ്സിലാക്കുന്നുണ്ട്. ലോകം അപവാദങ്ങൾ പറഞ്ഞു പരത്തിയേക്കാം. ഞാൻ തിരിച്ചു വരികയില്ലെന്നു പ്രചരണം നത്തിയേക്കാം. ആ പെണ്ണു കഷ്ടത്തിലായെന്നു് നാടൊട്ടുക്ക് പലരും പ്രചരണം നടത്തിയേക്കാം. എന്നാൽ നീ അചഞ്ചലയായി നിലകൊള്ളുക ദുഃഖങ്ങളും ക്ലേശങ്ങളും കഴിഞ്ഞു നാം കണ്ടുമുട്ടുന്ന ദിവസം വിദൂരമല്ല.

ആഗ്നസ് — ജോലി കിട്ടാതെയായാൽ അങ്ങുടനെ മടങ്ങിവരണം അങ്ങടുത്തുള്ളപ്പോഠ ദാരിദ്ര്യത്തിൽക്കിടന്നു് മരിച്ചാലും ആ മരണം എനിക്കു സന്തോഷകരമാണു് എൻെറ ചേട്ടൻ കുഞ്ഞിനെക്കൊണ്ടു ഈ ഘട്ടത്തിൽ ഒന്നും സാദ്ധ്യമല്ലെന്നും അങ്ങേക്കറിയാമല്ലോ.

ജോസ് — തീർച്ചയായും എനിക്കു ബോംബേയിൽ ചെന്നാൽ ജോലി കിട്ടാതിരിക്കയില്ല. എൻെറ പല സ്നേഹിതന്മാരും അവിടെ പല ഉന്നതമായ ജോലിയിലുണ്ടു് ആ സ്ഥിതിക്കു് വളരെ താമസിയാതെ തന്നെ ഞാൻ ജോലിയുമായി തിരിച്ചുവരും.

ആഗ്നസ് — ഇന്നുമുതൽ കത്രീനച്ചേടത്തി എനിക്കെതിരായി പ്രചരണം ആരംഭിക്കും. വല്ല്യേട്ടൻ ചേടത്തിയുടെ കയ്യിലെ ഒരു പാവയായിത്തീൎന്നിരിക്കുകയാണു്.

ജോസ് നീ പറഞ്ഞതു് വാസ്തവമാണു് ആഗ്നസേ. നിൻെറ വല്ല്യേട്ടൻ ഭാര്യയുടെ വാക്കുകഠ അതേപടി അനുസരിച്ചതുകൊണ്ടാണല്ലോ ഈ കുഴപ്പങ്ങഠക്കെല്ലാം കാരണം.

ആഗ്നസ് — വല്ല്യേട്ടൻ നല്ലവനാണു്. പക്ഷേ എന്തുചെയ്യാം ഒന്നിനും സാദ്ധ്യമല്ലാത്ത ഒരു വ്യക്തിയായി മാറിപ്പോയി.

ജോസ് — എല്ലാം ദൈവം കണ്ടുകൊണ്ടിരിക്കുന്നുണ്ടു്. ഇന്നല്ലെങ്കിൽ നാളെ അതിൻെറ ഫലം അനുഭവിക്കാതിരിക്കയില്ല. ലോകത്തു് ആർ നമ്മെ നശിപ്പിക്കാൻ മുതിൎന്നാലും ദൈവം നമ്മെ തോല്പിച്ചെങ്കിലേ നാം തോല്ക്കുകയുള്ളു.

ആഗ്നസ് — ഞാൻ ഒരു ദ്രോഹവും ചെയ്തിട്ടല്ല ജേഷ്ടത്തി ഇവിടംവിട്ടുപോയതു്.

ജോസ് — ഞാൻ എല്ലാം അറിഞ്ഞു ആഗ്നസേ. അഹങ്കാരവും പണത്തിൻെറ തള്ളിപ്പും ചെറുപ്പത്തിൻെറ വീണ്ടുവിചാരമില്ലായ്മയും കത്രീനച്ചേടത്തിയെ ഒരു ഭയങ്കരിയാക്കിമാററി.

ആഗ്നസ്— എന്നെ തല്ലിയതും ഉപദ്രവിച്ചതും സാരമില്ല. എന്റെ അപ്പനേയും മററും നിന്ദിച്ചു പറയുന്നതായിരുന്നു എനിക്കു അധികംവേദനയുളവാക്കിയതു്.

ജോസ്— അതിനേക്കാറം ഭയങ്കരമാണു് സ്വന്തം ഭർത്താവിനെ അനുസരിക്കാത്ത കത്രീനച്ചേടത്തിയുടെ അഹമ്മതി.

ആഗ്നസ്— ജ്യേഷ്ഠനു് ഞങ്ങളെ സഹായിക്കണമെന്നു് വിചാരമില്ലാഞ്ഞിട്ടല്ല. കത്രീനച്ചേടത്തി പിരിഞ്ഞുപോയെങ്കിലോ എന്നുഭയപ്പെട്ടിട്ടാണു്.

ജോസ്— തെററില്ലാത്ത കാര്യങ്ങളിലെല്ലാം ഭാര്യ ഭർത്താവിനെ അനുസരിക്കേണ്ടവളാണു്. അതിനുപകരം ഭാര്യ ചെയ്യുന്ന തെററുകറംക്കു് അദ്ദേഹം കൂട്ടുനില്ക്കുകയാണു് ചെയ്യുന്നതെന്നാണു് ഞാൻ മനസിലാക്കിയിട്ടുള്ളതു്.

ആഗ്നസ്— എന്റെ അപ്പൻ മരിച്ചതല്ലേ എല്ലാററിനും കാരണം ഇതു ദൈവനിശ്ചയമാണു്. ഞാൻ ദുഃഖിക്കാൻവേണ്ടി പിറന്നവളാണു്. എനിക്കതിൽ പരാധിയില്ല.

ജോസ്— അതൊന്നും സാരില്ല ആഗ്നസേ. കഠോരമാകുന്ന ഹേമന്തം മാറി ആനന്ദമേകുന്ന പുഷ്പങ്ങറം നിറഞ്ഞ വസന്തകാലം വരും. പ്രിയപ്പെട്ട ആഗ്നസേ സന്താപസമ്മിശ്രമായ ഒരു ഹൃദയമാണു് ഇപ്പോറം നിനക്കുള്ളതെന്നു് ഞാൻ മനസ്സിലാക്കുന്നു. നീ ശാന്തമായിരിക്കുക. നിന്റെ ദുഃഖം വെടിയുക. കാർമേഘത്തിന്റെ പിന്നിലായി ഇപ്പോഴും ആദിത്യൻ ജ്വലിച്ചു പ്രകാശിച്ചുകൊണ്ടിരിക്കുന്നുണ്ടു്. നിന്റെ ദുഃഖം എന്റെ ദുഃഖംതന്നെയാണു്. ഓരോരുത്തരുടേയും ജീവിതത്തിലേയ്ക്കു കുറെ മാരിപെയ്യണം. കുറെനാളുകറം ഇരുളടഞ്ഞതും ദുഃഖപൂരിതവുമായിരിക്കാം. ഇരുളു നീങ്ങി പ്രഭാതം അടുത്തു തുടങ്ങി. നീ ശാന്തമായിരിക്കുക. (കുര്യൻ പ്രവേശിക്കുന്നു.) അളിയാ ഞാൻ യാത്രപറയുവാനാണു് വന്നിരിക്കുന്നതു്. നിനക്കും ആഗ്നസിനും എന്റെ വേർപാടു്

വ്യസനകരമായിരിക്കുമെന്നും എനിക്കറിയാം. എന്തുചെയ്യാം. വേറെ ഗത്യന്തരമൊന്നുമില്ലല്ലോ.

കുഞ്ഞൻ– എനിക്കാകപ്പാടെ മനസ്സിൽ ഒരു സമാധാനമില്ല. ഇനി ഞങ്ങൾ ഇവിടെ താമസിക്കുന്ന ഓരോ ദിവസവും മററുള്ളവരുടെ പരിഹാസങ്ങൾ കൊണ്ടും അപവാദങ്ങൾകൊണ്ടും നിറഞ്ഞതായിരിക്കും. പട്ടിണിമൂലം ഞങ്ങൾ കഷ്ടപ്പെട്ടും. അതു അളിയൻ മറക്കരുതു്.

ജോസ്– അളിയാ എല്ലാം പറയാതെതന്നെ ഞാൻ അറിയുന്നുണ്ടു്. അടുത്ത വണ്ടിക്കു പോകുകയാണു്.

ആഗ്നസ്– എത്ര ദിവസംകൊണ്ടു അവിടെയെത്തും

ജോസ്– രണ്ടോ മൂന്നോ ദിവസത്തിനകം എത്താതിരിക്കയില്ല. ജോലി കിട്ടിയാൽ ആറുമാസത്തിനകം എങ്ങിനെയെങ്കിലും തിരിച്ചു വന്നു ആഗ്നസ നിന്നേയുംകൊണ്ടു പോകാം. നമുക്കെല്ലാവക്കും ബോംബേയിൽ താമസിക്കാം.

കുഞ്ഞൻ– എത്തിയാലുടനെ എഴുത്തയയ്ക്കണം.

ആഗ്നസ്– അങ്ങയുടെ തിരിച്ചുവരവിനെ ഞാൻ ഓരോ നിമിഷവും കാത്തിരിക്കും.

ജോസ്– എത്തിയാലുടനെ എഴുത്തയയ്ക്കാം. ദൈവം നമ്മെ കൈവെടിയുകയില്ല. (ജോസ് കൈ ആഗ്നസിൻെറ ഉരത്തിന്മേൽ വെച്ചുകൊണ്ടു്) പരിശുദ്ധമായ സ്നേഹം വിരഹംകൊണ്ടു മായുകയില്ല. ഈ വേർപാടു് നമ്മുടെ സ്നേഹത്തെവദ്ധിപ്പിക്കയേയുള്ളു. (ജോസ് കൈവിട്ടു മേശമേലുള്ള ബാഗു എടുത്തുകൊണ്ടു) എന്നാൽ ഞാൻ പോയിവരട്ടെ. (ജോസും കുഞ്ഞനും കൂടിപോകുന്നു. അവർ പോകുമ്പോൾ ആഗ്നസ് വിങ്ങിവിങ്ങിക്കരയുന്നു. അതിനുശേഷം ആഗ്നസു മുട്ടുകുത്തിനിന്നുകൊണ്ടു ഒരു ശോകഗാനം പാടുന്നു. ഗാനത്തിൻെറ അവസാനം കർട്ടൺ വീഴുന്നു.)

## കർട്ടൺ

## രംഗം 11.

(മുതലാളി ചാക്കുവിൻെറ വീട്ട്)

ചാക്കു— (ആത്മഗതം) എന്തൊരു കാലക്കേട്. എല്ലാം ഗതികേടി ൻെറ കാലം. ഞാൻ എന്തു കരുണയില്ലാത്തവൻ എൻെറ മ കൻ ജീവിച്ചിരിപ്പുണ്ടോ? അതോ മരിച്ചുപോയാവൊ. എ ത്രമാത്രം താലോലിച്ചു വളത്തിയതാ. അമ്മയില്ലാത്ത ദുഃഖം അറിയാതെ അവനെ വളത്തി പക്ഷേ എന്തുഫലം. അനാ വശ്യമായ പണത്തിൻെറ ആഗ്രഹംമൂലം അവൻെറ വിവാ ഹത്തിന്നു ഞാൻ തടസ്സമായിനിന്നു. ഈ സ്വത്തുമുഴുവൻ ആ ക്കുവേണ്ടി ഞാൻ സൂക്ഷിക്കുന്നു. (കരയുന്നു) ദൈവമേ, ഒരു പിതാവിന്ന് തൻെറ പുത്രനോടുള്ള കടമ ഞാൻ ചെയ്തിട്ടില്ല. ഞാൻ എന്തിന്ന് ജീവിച്ചിരിക്കുന്നു. അമിതമായ ധനമോഹം എൻെറ പ്രിയപ്പെട്ട മകനേപ്പോലും ഉപേക്ഷിക്കുന്നതിന്ന് ഇ ടയാക്കി. എന്തിനുവേണ്ടി. എൻെറ അന്ത്യവും അടുത്തുവ രികയാണ്. എൻെറ മകനെ എൻെറ വീട്ടിൽ അവൻെറ വിവാഹത്തിന്നുശേഷം താമസിക്കുവാൻ ഞാൻ അനുവദിച്ചി ല്ല. നവദമ്പതികളായി ജീവിക്കേണ്ടവരെ ഞാൻ ഒ റ്റപ്പെടുത്തി (പൊട്ടിക്കരയുന്നു) എല്ലാം എൻെറ വിവേകമില്ലായ്മയുടേയും അഹങ്കാരത്തിൻേറയും ഫലമാണ് ദൈവമേ ക്ഷമിക്കണേ ഞാൻ മരിക്കുന്നതിനു മുമ്പ് അ വൻ മടങ്ങിവന്ന് കാണാൻ ഇടവരുത്തേണമെ എൻെറ സ്വ ത്ത് അവൻേറയും അവൻെറ ഭാര്യയുടേയും പേക്ക് എഴുതി വെച്ചു മരിക്കുകതന്നെ (പൈലപ്പ ഒരെഴുത്തും കൊണ്ടു പ്രവേ ശിക്കുന്നു)

പൈലപ്പ.— എന്താ ചാക്കുചേട്ട തന്നത്താൻ ഇരുന്നു പറയുന്നത് മുതലാളിക്ക് ഒരെഴുത്തുണ്ടാൻ ഞാൻ ഇവിടേയ്ക്കാണെന്ന് പറഞ്ഞപ്പോൾ ഇവിടെ തരുവാൻ പറഞ്ഞു നമ്മുടെ പോ സ്റ്റുമാൻ തന്നതാ

ചാക്ക— (ജിജ്ഞാസയോടെ) കാണട്ടെ (എഴുത്തു ചാക്കവാങ്ങിച്ചു നോക്കുന്നു) ഇതെന്റെ പൊന്നുമോന്റെ എഴുത്താകും എത്ര പട്ടിണികിടന്നു് വിഷമിച്ചാവൊ (പൊട്ടിച്ചു വായിക്കുന്നു ചിരിക്കുന്നു) ഇതെന്റെ മോന്റെ കയ്യക്ഷരം തന്നെ ഏതു സ്ഥലത്തു നിന്നാണെന്നു് എഴുതിയിട്ടില്ലല്ലോ "പ്രിയപ്പെട്ട അപ്പാ, ഞാൻ ഇവിടെ എത്തിയിട്ടു കുറച്ചു നാളായി ജോലി ഒന്നും ആയിട്ടില്ല. ജോലി കിട്ടിയതിനുശേഷമേ മടങ്ങുകയുള്ള ഞാൻ ഇവിടെ എന്റെ ഒരു സ്നേഹിതന്റെ കൂടെ താമസിക്കുകയാണു്. അപ്പൻ എന്നെ വെറുക്കുന്നെങ്കിലും ഞാൻ അപ്പനെ വെറുക്കുകയില്ല (തല ഉയർത്തിക്കൊണ്ടു്) ഇല്ലട മോനെ നിന്നെ ഞാൻ വെറുക്കുന്നില്ല (പിന്നെയും വായിക്കുന്നു) ഞാൻ അപ്പനെ ദുഃഖിപ്പിച്ചതിൽ ക്ഷമിക്കണം അപ്പന്റെ മാനസാന്തരത്തെ ഞാൻ കാത്തിരിക്കുകയും പ്രാത്ഥിക്കുകയും ചെയ്യുന്നുണ്ടു്. (തല ഉയർത്തിപ്പിടിച്ചുകൊണ്ടു) എന്റെ പൊന്നുമോനെ ഞാൻ മാനസാന്തരപ്പെട്ടട (പിന്നെയും വായിക്കുന്നു) എന്നു സ്നേഹപൂർവ്വം

ജോസ്

കഷ്ടം! എന്റെ ദൈവമേ എന്റെ മകൻ ഒന്നു എത്തിക്കാണാൻ അവൻ എത്രയോ നല്ലവൻ എന്റെ ക്രൂരതക്ക ഇങ്ങനെ ഒരെഴുത്തു കിട്ടുവാൻ ഞാൻ യോഗ്യനല്ല എന്റെ മകൻ ഒരു ദിവസം തിരിച്ചു വരും മേൽവിലാസമുണ്ടെങ്കിൽ ഉടനെ രൂപ അയച്ചു അവനെ വരുത്താമായിരുന്നു. കഷ്ടം എന്നെപ്പോലെ ഇത്ര ക്രൂരമായി പെരുമാറിയ ഒരു പിതാവുണ്ടാകുമോ അവൻ എത്ര നല്ലവൻ ഒരു സാധുവിനേയും അവൻ വെറുംകയ്യോടെ മടക്കി വിട്ടിട്ടില്ല ഞാനോ എത്ര പേരെ പററിച്ചു കുടിയിറക്കിവിട്ടു എത്ര പേരുടെ വക കവർന്നെടുത്തു. അവൻ ആ ഘട്ടങ്ങളിൽ കരുണയോടുകൂടി പ്രവർത്തിക്കുവാൻ എത്രമാത്രം എന്നെ ഉപദേശിച്ചു എന്റെ പ്രകൃതിയുടെ സ്ഥിതിക്കു് ഒരു മകൻ നല്ലവനായിത്തീരുക എളുപ്പമല്ലായിരുന്നു. മകനേ അന്നു് നീ സവ്വരുടേയും കണ്ണിലുണ്ണി

യായിരുന്നു ഇന്നു എന്റെ മകനെ നിന്റെ തിരിച്ചുവരവി നെ അവരും കൂടി കാത്തിരിക്കുകയാണ്. ഞാൻ നീതി പറ യുകയോ പ്രവൎത്തിക്കുകയോ ചെയ്തിട്ടില്ല എന്നാൽ എന്റെ മോൻ നീതി ചെയ്യുന്നവരിൽ മാതൃകാപരമായി പ്രവൎത്തി ച്ചില്ലേ ദൈവഭക്തിയിൽ വളൎന്ന അവനെ ഞാൻ ലൌകി കാശയങ്ങൾ കൊണ്ടു നിറയ്ക്കാൻ ശ്രമിച്ചു എന്നാൽ ദൈവ മേ നീ അവനെ കൈവിട്ടില്ല മകനേ നീ ധനത്തിന്റെ അ ടിമയായില്ല ആകുകയുമില്ല മകനേ നിന്റെ എഴുത്തിൽ ഞാൻ മനസ്സു തിരിയുവാൻ പ്രാൎത്ഥിച്ചുവെന്ന് എഴുതീട്ടുണ്ട ല്ലോ മകനേ നിന്റെ പ്രാൎത്ഥനയാണ് എന്നെ മനസ്സു തി രിച്ചതു്. ഇനി ഞാനൊരിക്കലും പണത്തിന്റേയും കോപ ത്തിന്റേയും ഒരടിമയാകുകയില്ല. കഷ്ടം മകനേ ഒരു പക്ഷേ ഞാൻ മരിച്ചിട്ടാകും നീ മടങ്ങി വരുക (കരയുന്നു) കഷ്ടം മകനെ ഇനി നിന്നെ ഞാൻ കാണുകയില്ലേ?

ഐപ്പു.– ചാക്കുചേട്ടൻ കരയാതിരിക്ക് അവൻ വന്നോളും

ചാക്കു– ഒരാളെ വിട്ടു ബോംബയിൽ ഒന്നന്വേഷിച്ചാലോ ഞാൻ മരിക്കുന്നതിനു് മുമ്പ് അവനെ വരുത്തണം. ഇല്ല അവൻ വ രാതിരിക്കയില്ല. അവൻ നല്ലവനാണ്. (കരയുന്നു) ദൈവമേ നീയെന്റെ കണ്ണുനീര് കാണേണമേ!

## കർട്ടൺ

## രംഗം 12

(ആഗ്നസിൻെറയും കുര്യൻെറയും വീട്. കുര്യൻ രോഗിയായി കട്ടിലിൽ കിടക്കുന്നു ആഗ്നസു അടുത്തു നില്ക്കുന്നു.)

കുര്യൻ— (ദീർഘശ്വാസം വിടുന്നു) ഞാൻ അടുത്തുതന്നെ മരിക്കും. ഞാൻ മരിച്ചാൽ നീയും..........

ആഗ്നസ്— അങ്ങനെ പറയാതിരിക്കചേട്ടാ

കുര്യൻ— എല്ലാം നമ്മുടെ വിധി ബോംബേയിൽനിന്നു ജോസഫിൻെറ ഒരെഴുത്തുപോലും വന്നില്ലല്ലോ. ജോലികിട്ടാഞ്ഞിട്ടാവും

ആഗ്നസ്— (കുപ്പിയിൽനിന്നു മരുന്നു വെള്ളിക്കയിലിൽ ഒഴിച്ചു കുര്യൻെറ വായിൽ ഒഴിച്ചുകൊടുന്നു.) ചേട്ടൻ അനങ്ങാതെ കിടക്കു്.

കുര്യൻ— ഇതുകൊണ്ടൊന്നും ഞാൻ ഇതിൽനിന്നു രക്ഷ പ്രാപിക്കയില്ല. ഇനി ഒന്നും ചെയ്യേണ്ടതില്ല നമുക്കുള്ള കിണ്ടിയും തളികയും ഓട്ടു സാമാനങ്ങൾ എല്ലാം വിററു തീർന്നില്ലേ എൻെറ ചികിത്സക്കുവേണ്ടി. ഇനി ഒന്നും വില്ക്കുവാനില്ല. ഇനി നാം തെണ്ടണം. അതു സാദ്ധ്യമല്ല. അതിലും ഭേദം ഞാൻ വേഗം മരിക്കുകയാണു്.

ആഗ്നസ്— അങ്ങിനെ പറയാതിരക്കു് ചേട്ടാ.

കുര്യൻ— നമുക്കു ഭാഗ്യമില്ല അനുജത്തി. നമ്മുടെ രണ്ടുപേരുടേയും മരണം കാണാൻ കൊതിക്കുന്ന ഒരു ജേഷ്ഠത്തി നമുക്കുണ്ടു്. ജേഷ്ഠത്തി പറയുന്നതു് മാത്രം കേട്ടു നടക്കുന്ന ഒരു ജ്യേഷ്ഠൻ നമുക്കുണ്ടായതല്ലേ നമ്മുടെ കാലക്കേട്.

ആഗ്നസ്— ജ്യേഷ്ഠൻ അതുമിതും പറയാതിരിക്കു് രോഗംകൂടും.

കുര്യൻ— ഞാൻ മരിച്ചാലും നിനക്കൊരു നല്ലനാളെ വരുന്നുണ്ടു് അനുജത്തി.

ആഗ്നസ്— (കരയുന്നു) ജ്യേഷ്ഠൻ മരിച്ചിട്ടു എനിക്കൊരു നല്ല നാളെവേണ്ട ജ്യേഷ്ഠാ.

കുര്യൻ— എന്നായാലും നാം ഒരിക്കൽ മരിക്കണം. സാരമില്ല. നീ ദുഖിക്കാതിരിക്കുക.

ആഗ്നസ്— ജ്യേഷ്ഠൻ സംസാരിക്കാതിരിക്കു്.

കുര്യൻ— എന്നാലും ജ്യേഷ്ഠൻ ഇങ്ങനെയൊരു തന്റേടമില്ലാത്തവനായല്ലോ. (തോമസ് പ്രവേശിക്കുന്നു. കുര്യൻ തോമസിനെ കാണുമ്പോൾ ഉടനെ മുഖംതിരിച്ചു മറുവശത്തേയ്ക്കു തിരിഞ്ഞു കിടക്കുന്നു)

തോമസ്— എന്താ ആഗ്നസേ കുരിയന് സുഖക്കേട്. (ആഗ്നസു ഒന്നുംമിണ്ടുന്നില്ല. അല്പംകഴിഞ്ഞു തോമസ് പിന്നെയും ചോദിക്കുന്നു. ഓരോ ചോദ്യം കഴിഞ്ഞു അല്പം നിൎത്തുന്നു.) പനിയുണ്ടോ? (നിശ്ശബ്ദം) ഡോക്ടരുടെ മരുന്നാണൊ കഴിക്കുന്നതു (നിശ്ശബ്ദം) കാപ്പിവേണോ (നിശ്ശബ്ദം) എന്താ കുര്യാ നീയൊന്നും മിണ്ടാത്തതു്. കാപ്പിവേണമെങ്കിൽ തരാം

കുര്യൻ— (കിടന്നകിടപ്പിൽത്തന്നെ തോമസിനെ നോക്കാതെ) ജ്യേഷ്ഠൻ അഭിമാനമുള്ള ഒരു ഭൎത്താവായാൽ മതി.

തോമസ്— (അല്പസമയം ഒന്നുംമിണ്ടാതെ ഇരുന്നതിനുശേഷം ആഗ്നസിനെ നോക്കികൊണ്ടു) എന്താ ആഗ്നസേ നീയൊന്നും മിണ്ടാത്തതു്. (ആഗ്നസ് തോമസിന്റെ മുഖത്തേക്കു ദയനീയമായി നോക്കികൊണ്ടു ഉടനെ വിമ്മിവിമ്മികരഞ്ഞുകൊണ്ടു് അകത്തേയ്ക്കു പോകുന്നു. അതിനുശേഷം പൊട്ടിക്കരയുന്ന ശബ്ദം കേൾക്കുന്നു.) ആഗ്നസേ നീയെന്നോടൊന്നും മിണ്ടുകയില്ലേ നീയെന്നോടുപിണക്കമാണോ. (നിശ്ശബ്ദം) ഞാനെന്തുചെയ്യും (കുറച്ചുസമയംകൂടി തോമസ് അവിടെ ചിന്തിച്ചിരുന്നശേഷം) ഞാൻ ഇങ്ങോട്ടുപോകുകയാണ് (ആരും ഒന്നും ഉത്തരം കൊടുക്കുന്നില്ല. തോമസ് പോകുന്നു. തോമസ് പോയിക്കഴിഞ്ഞശേഷം കുര്യൻ നീവന്നു കിടന്നുകൊണ്ടു്)

കുര്യൻ— അനുജത്തി ഇതു ദൈവവിധിയാണു്. നാം എന്തിനു് ഇത്രമാത്രം പരീക്ഷിക്കപ്പെടുന്നു. നാം രണ്ടുപേരും ജനിച്ച

പ്പോഠംത്തന്നെ മരിക്കേണ്ടവരായിരുന്നു. എന്തിന്നു് ഈ പരീക്ഷ. നമ്മുടെ കുരിശുകഠം ആരു് കാണാൻ. ദൈവത്തിൻെറ ഹിതം അതാണെങ്കിൽ അതു നടക്കട്ടെ.

ആഗ്നസ്– ജ്യേഷ്ടൻ സംസരിക്കാതിരിക്കു രോഗം കൂടും.

കുയ്യൻ അനുജത്തി. ഈലോകത്തു് നന്മ കുറവാണു്. ബന്ധപ്പെട്ടവരെല്ലാം നമ്മുടെ ശത്രുക്കളാണു്. ഓർമ്മവെച്ച നാഠം മുതൽ നാം രണ്ടു പേരും ഈ കയ്പുനീർകുടിക്കുവാൻ തുടങ്ങി. അനുജത്തി അതവസാനിക്കാറായി. ഈ ശോകാന്തരീക്ഷം എൻെറ മരണത്തോടുകൂടി അവസാനിക്കും.

ആഗ്നസ്– ജേഷ്ടൻ എന്തിന്നു് ഇതെല്ലാം പറയുന്നു.

കുയ്യൻ— വേദനിക്കുന്ന എൻെറ ഹൃദയം ഇനി അധികം സംസാരിക്കുകയില്ല. അതുവേഗം നിശ്ചലമകും.

ആഗ്നസ്– ജ്യേഷ്ടാ ഇനിയും കത്തുന്നതിയിൽ എണ്ണയൊഴിക്കാതിരിക്കു്.

കുയ്യൻ– അനുജത്തി നിന്നെ ദുഃഖിപ്പിക്കാൻ പറയുന്നതല്ല എൻെറ ഹൃദയവേദന പറഞ്ഞെന്നു് മാത്രം. ഇനി ഞാൻ അധികം മിണ്ടുകയില്ല. എനിക്കു പോകേണ്ട സമയമായി.

ആഗ്നസ്– ജ്യേഷ്ടൻ സമാധാനത്തോടെയിരിക്കു്. ദൈവം നമ്മെ കൈവെടിയുകയില്ല. (ഞാൻപോയി മരുന്നു്കൊണ്ടുവരാം അകത്തേക്കുപോകുന്നു.)

കുയ്യൻ– എന്തുചെയ്യാം ദൈവതിരുമനസ്സു നിറവേറട്ടെ (എത്തപ്പൻ ഒരു പത്രവുംകൊണ്ടു് ഓടിക്കിതച്ച വരുന്നു) ഈ പത്രത്തിൽ എന്താണു്.

എത്തപ്പൻ– ഇതിൽ ദുഃഖകരമായ ഒരു വാർത്തകണ്ടു ഞാൻ വായിക്കാം (എത്തപ്പൻ വായിക്കുന്നു.) "ബോംബേയിൽ താമസിച്ചിരുന്ന ജോസ്എന്ന ഒരു ഇരുപത്തിരണ്ടുകാരൻ ജോലികിട്ടാതെ നിരാശനായി വിഷം കുടിച്ചു ആത്മഹത്യചെയ്തിരിക്കുന്നു ടിയാൻെറ വിവാഹം സ്വന്തം നാടായ കേരളത്തിൽ

വെച്ച ഒരു മാസം മുമ്പാണ് നടന്നതെന്നുള്ളതും പ്രസ്താവ്യ മാണ്.—

കയ്യൻ— ഞാനെന്താണീകേൾക്കുന്നതു് കഷ്ടം! ആഗ്നസേ ഇങ്ങോട്ടു വന്നേൻ (ആഗ്നസ് വരുന്നു) ഇതുവായിച്ചുനോക്കു (ആഗ്നസ്സ് പതുക്കെ പത്രം വാങ്ങിവായിക്കുന്നു.)

ആഗ്നസ്— (കരഞ്ഞുകൊണ്ടു്) അയ്യോ എന്താണീ കാണുന്നതു് അങ്ങു മരിച്ചുപോയോ. ദൈവമേ ഞാൻ ഭാഗ്യഹീനയാണ്. (നിലത്തോട്ടു കമിഴ്ന്നുവീഴുന്നു. പൊട്ടിക്കരയുന്നു. അണിയറയിൽ ശോകഗാനം ഉയരുമ്പോൾ ഉടനെ കർട്ടൺ വീഴുന്നു. ശോകഗാനം കുറച്ചുനേരം പിന്നെയും പാടുന്നു.)

## കർട്ടൺ

## രംഗം 13.

(ആഗ്നസിൻേറയും കുയ്യൻേറയും വീട്ട്. ആഗ്നസ് ഒരു തുണി തുന്നിക്കൊണ്ടിരിക്കുന്നു. കുയ്യൻ അടുത്തുകസേലയിൽ ഇരിക്കുന്നു)

ആഗ്നസ് (കരഞ്ഞുകൊണ്ടു്) എല്ലാം എൻെറ ഭാഗ്യദോഷമാണ്. ദൈവേഷ്ടം നിറവേറട്ടെ. ഞാനെന്തിന്നു് വിവാഹിതയായി. ദൈവമേ നീ ഇതു കാണുന്നില്ലേ.

കുയ്യൻ– നമ്മൾ ഭാഗ്യമില്ലാത്തവരാണു് അനുജത്തി. അല്ലെങ്കിൽ ഇങ്ങനെയെല്ലാം സംഭവിക്കണോ. എങ്കിലും ദൈവം എന്നെ ഈ കഴിഞ്ഞ സുഖക്കേടിൽനിന്നു രക്ഷിച്ചു. ഞാൻ അതിൽ മരിക്കാറായതായിരുന്നു, ദൈവം നമ്മെ പരിപാലിക്കുന്നുണ്ട്.

ആഗ്നസ്– ദൈവപരിപാലനയിൽ നമുക്കിന്നും ശരണപ്പെടാം നല്ലവനായ ദൈവം നമുക്കു് നന്മയെ മാത്രമേ ചെയ്യുകയുള്ളു

കുയ്യൻ– എനിക്കൊരു ജോലികിട്ടിയെങ്കിൽ നാം എങ്ങിനെയെങ്കിലും കഴിയുമായിരുന്നു. നിന്നെ രക്ഷിക്കുവാനാണു് ദൈവം എന്നെ രക്ഷപെടുത്തിയതു്. എനിക്കു ജോലി കിട്ടാതിരിക്കയില്ല ആഗ്നസേ.

ആഗ്നസ്– മരിച്ചുപോയ എൻെറ ഭത്താവു് എത്രയോ സ്നേഹസമ്പന്നനായിരുന്നു. (കരയുന്നു.) അദ്ദേഹം ആത്മഹത്യചെയ്തുവെന്നു് എനിക്കു വിശ്വാസമില്ല ജോലികിട്ടാതെ ദുഃഖത്താൽ ഹൃദയംപൊട്ടി മരിച്ചതായിരിക്കും ദൈവമേ ഇനി എന്തുചെയ്യും

കുയ്യൻ– നീ ദുഃഖിക്കാതിരിക്കുക. നീ കരഞ്ഞാൽ ഞാനും കരയും.

ആഗ്നസ്— ഞാൻ കരയുന്നില്ല ചേട്ടാ. എന്നാലും നമ്മുടെ വിധി ഇതായല്ലോ. ആരെ പഴിക്കുന്നു. നമ്മുടെ ഭാഗ്യമില്ലായ്മ. നമ്മുടെ എല്ലാ സാധനങ്ങളും വിററുതീൎന്നു.

കുയ്യൻ– ഒരെഴുത്തെങ്കിലും അവിടെ എത്തിയ വിവരത്തിന്നു ജോസ് എഴുതിയില്ലല്ലൊ.

ആഗ്നസ്— ഒരെഴുത്തും അയച്ചില്ല. അതെനിക്കു വിശ്വസിവാൻ സാധിക്കുന്നില്ല ചേട്ടാ

കുയ്യൻ– ഒരു പക്ഷേ നമുക്കുള്ള എഴുത്തുകൾ വേറെ വല്ലവരും വാങ്ങിയോ ആവോ ദൈവത്തിന്നറിയാം.

ആഗ്നസ്— എനിക്കും അതാണ് വലിയ സംശയം.

കുയ്യൻ— നമുക്കതു് ശരിയായി ഒന്നന്വേഷിക്കണം (എത്തപ്പൻ പ്രവേശിക്കുന്നു) എന്താ എത്തപ്പാ നീ വന്നതു്.

എത്തപ്പൻ– മുതലാളിക്കു് തീരെ സുഖമില്ല. കിടന്ന കിടപ്പിൽ നിന്നു എഴുന്നേല്ക്കുന്നില്ല. മോൻ മരിച്ചൂന്നു് പത്രത്തിൽ വായിച്ചതിൽപ്പിന്നെ കഞ്ഞിംവേണ്ട ചോറുംവേണ്ടാന്നും പറഞ്ഞു കിടപ്പുതന്നെ.

ആഗ്നസ്– എത്ര ദിവസമായി.

എത്തപ്പൻ— അഞ്ചാറു ദിവസമായി തീരെ കിടപ്പായിട്ടു്. മാത്രമല്ല ആഗ്നസു കുഞ്ഞിനേയും കുയ്യനേയും കാണണമെന്നു് രണ്ടു മൂന്നുവട്ടം പറഞ്ഞു അതു പറയാനാ ഞാൻ വന്നതു്

കുയ്യൻ— ആരാ ചികിത്സിക്കുന്നതു്.

എത്തപ്പൻ – ആരും ചികിത്സിക്കേണ്ടെന്നാ പറയുന്നതു്. ആകപ്പാടെ നിരാശയാ മുഖത്തു് നിഴലിക്കുന്നതു.

കുയ്യൻ— ഞങ്ങൾ വരാമെന്നു് പറയു.

ആഗ്നസ്— ഇപ്പോൾ ഓമ്മക്കേടുണ്ടോ.

എത്തപ്പൻ– ചിലപ്പോൾ ഓമ്മക്കേടുണ്ടു. എല്ലാം മഹാ കുഴപ്പമായി. നിങ്ങളുടെ രണ്ടുപേരുടെ കാര്യമാ നാട്ടിലാകെ സംസാരം.

ആഗ്നസ്— (കരയുന്നു) എന്തിനു് പറയുന്നു. ഞങ്ങൾ ഭാഗ്യമില്ലാത്തവരാണു് ഇനി ഞങ്ങൾ വേഗം മരിക്കുകയാണു് നല്ലതു് ഇനി വില്ക്കുവാൻ യാതൊന്നുമില്ല.ഇനി പിച്ചതെണ്ടണം. അതു സാദ്ധ്യമല്ല.

കുര്യൻ– എനിക്കൊരു ജോലികിട്ടിയാൽ നമ്മുടെ കാര്യം ജയിച്ചു ആഗ്നസേ. നീ ദുഃഖിക്കാതിരിക്കു്.

എത്തപ്പൻ– എല്ലാം മുതലാളിതന്നെ വരുത്തിവെച്ചതാ.

കുര്യൻ– നീ പൊയ്ക്കോളു എത്തപ്പാ ഞങ്ങൾ നാളെ വരാം. (എത്തപ്പൻ പോകുന്നു)

ആഗ്നസ്– വയസ്സുകാലത്ത് ആ കാരണോരു ദുഃഖിച്ചുമരിക്കും. ഞാൻ കാരണം അദ്ദേഹവുംകൂടി മകനെ കാണാതെ മരിക്കേണ്ടിവരുന്നു. എന്തൊരു കഷ്ടം. (പെട്ടെന്നു് പുറത്തു്നിന്നു ഒരാൾ കടന്നുവരുന്ന ശബ്ദംകേട്ടു ആഗ്നസും കുരിയനും തിരിഞ്ഞുനോക്കുന്നു. ജോസു് പാൻഡും കോട്ടും ഷൂസ്സും ധരിച്ചു ഒരു ബാഗുമായി പുഞ്ചിരിച്ചുകൊണ്ടു പ്രവേശിക്കുന്നു. ആഗ്നസു ജോസിൻെറ മുഖത്തേക്കു് സൂക്ഷിച്ചുനോക്കി പുഞ്ചിരിച്ചു. സന്തോഷാശ്രുക്കൾ പൊഴിക്കുന്നു. ആഗ്നസ് ഇടറിയ സ്വരത്തിൽ പറയുന്നു) ഞാനെന്താണീ കാണുന്നതു്. അങ്ങു മരിച്ചിട്ടില്ല. ജീവിച്ചിരിപ്പുണ്ടു്. ഞാൻ സ്വപ്നം കാണുകയാണോ?

ജോസ്– അല്ല ആഗ്നസേ ഞാൻ ജോലിയുമായി മടങ്ങിയെത്തി.

ആഗ്നസ്– (കരഞ്ഞുകൊണ്ടു്) അങ്ങു മരിച്ചുവെന്നാണല്ലോ അറിഞ്ഞതു് (നിലത്തോട്ടു ജോസിൻെറ പാദത്തിങ്കൽ വീഴുന്നു)

ജോസ്– (ആഗ്നസിനെ പിടിച്ചു എഴുന്നേല്പിക്കുന്നു.)
ഞാൻ നിന്നേയും കുര്യനേയും ബോംബെയ്ക്കു കൊണ്ടുപോകാനാണു് വന്നതു്. നീ കരയാതിരിക്കു്.

ആഗ്നസ്– പ്രാണനാഥ ഞാൻ കരയുന്നില്ല. (ചിരിക്കുന്നു)

കുര്യൻ– ഒരെഴുത്തുപോലും ഞങ്ങൾക്കുകിട്ടിയില്ലല്ലോ

ജോസ്– പല എഴുത്തും വിട്ടിരുന്നു. പക്ഷേ എഴുത്തുകളെല്ലാം ചിലർ സൂത്രത്തിൽ ചിലപ്പോൾ തട്ടിയെടുക്കുമെന്നു് ഞാൻ ഊഹിച്ചതു് ഇപ്പോൾ ശരിയാണെന്നു് മനസിലായി. ആഗ്നസേ നീ വളരെ ക്ഷീണിച്ചുപോയല്ലോ. ഞാൻ നിന്നെ മറന്നിട്ടൊന്നുമില്ല. ആഗ്നസേ.

കുര്യൻ— ഒരു കൊട്ടങ്കാററ അവസാനിച്ചു. ദൈവത്തിന്നു സ്തുതിയായിരിക്കട്ടെ.

ആഗ്നസ്– ഇപ്രകാരം പത്രത്തിൽ എഴുതിപ്പിച്ചതു് ആരായിരിക്കും

ജോസ്— നമ്മുടെ ശത്രുക്കളുടെ കറുത്തകൈകൾ അതിൽ പ്രവൎത്തിച്ചിട്ടുണ്ടാകും. സംശയമില്ല. സാരമില്ല. ഞാൻ പറഞ്ഞില്ലേ. നമ്മെ നശിപ്പിക്കുവാൻ ചില കറുത്ത കൈകൾ പ്രവത്തിക്കുമെന്നു്. നന്മചെയ്യുന്നവരേയും ദൈവത്തിൽ ആശ്രയിക്കുന്നവരേയും ദൈവം വെടിയുകയില്ല. ദുഃഖദുരിതങ്ങളെ അവസാനിപ്പിക്കുവാൻ ദൈവത്തിന്നു് ഒരു നിമിഷം വേണ്ട.

കുര്യൻ– ബോംബേയിൽ ഒരു ജോലി എനിക്കും ഏർപ്പെടുത്തിത്തരണം ഞാൻ ഈ നാട്ടിൽ നില്ക്കുവാൻ ഇഷ്ടപ്പെടുന്നില്ല.

ജോസ്— നമുക്കെല്ലാവൎക്കും ബോംബേയ്ക്കുപോകാം എനിക്കു നല്ല ശമ്പളമുണ്ടു്.

ആഗ്നസ്– അങ്ങയുടെ പിതാവിനു് സുഖമില്ല. അങ്ങയുടെ വേർപാടിനുശേഷം ആ പിതാവു് ദുഃഖിച്ചു കരയുകയായിരുന്നു. അങ്ങയുടെ മരണവാർത്ത ആ പിതാവിനെ നിരാശനാക്കി. മരണവാർത്തകേട്ടതിൽപ്പിന്നെ ഭക്ഷണംപോലും കഴിക്കുന്നില്ല എന്നാണു് കേട്ടതു്. എന്നെ ഏററവും അധികം ദുഃഖിപ്പിച്ചതു് അങ്ങയുടെ ആത്മഹത്യയെപ്പററി അറിഞ്ഞപ്പോഴാണു്. അങ്ങു ആത്മഹത്യചെയ്യുമെന്നു് എനിക്കു വിശ്വസിക്കുവാൻ സാധിച്ചില്ല.

ജാസ്– അതു ഒരു ദൈവവിശ്വാസിക്കു സദ്ധ്യമല്ല. എന്നെ ശരിക്കു മനസ്സിലാക്കിയ നീ അതു വിശ്വസിക്കയില്ല. അതെല്ലാംപോകട്ടെ നമുക്കുടനെ എൻെറ വീട്ടിലേയ്ക്കുപോകാം.

കുര്യൻ– ഇന്നലെ ഞങ്ങളോടു അങ്ങോട്ടുചെല്ലാൻ പറഞ്ഞു എത്തപ്പൻ വന്നിരുന്നു. ഞങ്ങൾ പോകാൻ വിചാരിച്ചിരിക്കയാ

യിരുന്നു. (പെട്ടെന്നു് ഐപ്പു പ്രവേശിക്കുന്നു. ഐപ്പു ആകപ്പോടെ ജോസിനെ മിഴിച്ചു നോക്കിക്കൊണ്ടു)

ഐപ്പു— ഇതെന്താ ഇതു് മോൻ മരിച്ചൂന്നു് കേട്ടിട്ടു് മോൻ വന്നൂല്ലെ. എനിക്കിപ്പോഴല്ലെ അതിൻെറ ലൈൻക്ലിയറായതു്.

ജോസ്— അങ്ങിനെ പലതും ക്ലിയറാവുടൊ മനുഷ്യാ.

ഐപ്പു— മോനറിഞ്ഞോ ഒരു കാര്യം മോൻെറ അപ്പനു് സൂവേട്ക്കുട്ടതലാ. മോൻപോകുന്നില്ലെ അങ്ങോട്ടു്.

ജോസ്— ഇപ്പോഠംതന്നെപോകുകയാണു്.

ആഗ്നസ്—നമുക്കു വീട്ടിലേയ്ക്കുപോകാം.

കുര്യൻ— ജോസളിയൻെറ അപ്പൻ നിരാശപ്പെട്ടു കഴിയുകയാണു്. ജോസിനെ കണ്ടാൽ അപ്പൻ തന്നെ എഴുന്നേല്ക്കും. അതു തീർച്ചയാണു്.

ജോസ്— നമുക്കുപോയി ആ പിതാവിനെ സമാശ്വസിപ്പിക്കാം.

(എല്ലാവരും പോകുമ്പോൾ.)

ഐപ്പു— ഇനി ലൈൻക്ലിയറാവും

(കർട്ടൻ)

## രംഗം 14

(ചാക്കു മുതലാളിയുടെ വീട്ട്. മുതലാളിസുഖമില്ലാതെ കട്ടിലിൽ കിടക്കുന്നു. എത്തപ്പൻ അട്ടത്തു നില്ക്കുന്നു.)

മുതലാളി— ഇതെല്ലാം ഞാൻ വരുത്തിവെച്ചതാണ്. ഞാനിതൊക്കെ കാണേണ്ടിവന്നല്ലോ. എനിക്കെന്തിനാ ഈ സ്വത്തും ധനവുമെല്ലാം. ഞാൻ മരിക്കാറായി. എൻെറ പൊന്നുമോൻ മടങ്ങിവന്നു കാണാൻ ഞാൻ എത്ര ആഗ്രഹിച്ചു സാധിച്ചില്ല. അവൻ നിരാശനായി.ബോംബേയിൽ കിടന്നു ആത്മഹത്യചെയ്തു. (കരയുന്നു.) ഇനി എൻെറ രോഗം മാറുകയില്ല. മാറണമെന്ന് എനിക്കു ആശയുമില്ല. എനിക്കൊരു സമാധനവുമില്ല.

എത്തപ്പൻ— വന്നതെല്ലാം വന്നു. ഇനി അതിനെപ്പററി ദുഃഖിച്ചിട്ടെന്താ കാര്യം

മുതലാളി— ഇനി എൻെറ സ്വത്തുംധനവും അവൻെറ ഭാഗ്യഹീനയായ ഭാര്യ ആഗ്നസിൻെറ പേക്ക് എഴുതിവെച്ചു മരിക്കുക തന്നെ.

എത്തപ്പൻ— ഇനി മുതലാളി അതു മാത്രമേ ചെയ്യാനുള്ളു. ഈ കുഴപ്പമെല്ലാം മുതലാളിതന്നെ വരുത്തി വെച്ചതല്ലേ.

മുതലാളി— അതേ എല്ലാം എൻെറ കുററം തന്നെയാണ്. ഞാൻ ഒരു പിതാവിൻെറ കടമ നിർവ്വഹിച്ചിട്ടില്ല. എൻെറ മകനേയും അവൻെറ നവവധുവിനേയും നശിപ്പിച്ചവനാണ് ഞാൻ.

എത്തപ്പൻ— ജോസ് മരിച്ചില്ലെങ്കിൽ തീർച്ചയായും മടങ്ങിവരുമായിരുന്നു.

മുതലാളി— എന്തിനാണ് ഇനി അതെല്ലാം പറയുന്നതു്. അവൻ ജീവിച്ചിരുന്നെങ്കിൽ മടങ്ങിവന്നേനെ. അവൻ നല്ലവനായിരുന്നു. അവൻ ഒരെഴുത്തേ എഴുതിയുള്ളുവെങ്കിലും അതു അവൻ എത്ര നല്ലവനായിരുന്നുവെന്ന് തെളിയിക്കുന്നുണ്ട്.

എത്തപ്പൻ– ഒററയെഴുത്തുപോലും ആഗ്നസ്സ്കുഞ്ഞിനു് ജോസ് എഴുതീട്ടില്ലെന്നാ കേട്ടതു്.

മുതലാളി– അങ്ങനെവരാൻ ന്യായമില്ലല്ലോ. അവൻ അത്ര ചീത്തയല്ലല്ലോ.

എത്തപ്പൻ— ഒരുപക്ഷേ എഴുതിയാലും അതു ആഗ്നസിന്നു കിട്ടുന്നതിനുമുമ്പ് വേറെചില ദുഷ്ട കൈകളിൽ കിട്ടിയാൽ അതു ചീന്തിക്കളെയും

മുതലാളി— ആരാണു് അത്ര ദുഷ്ടത പ്രവൃത്തിക്കുക.

എത്തപ്പൻ— നമ്മുടെ കത്രീനച്ചേടത്തി മതി അതിലപ്പുറം ചെയ്യാൻ. ആ ചേടത്തി പല കൃത്രിമങ്ങളും ആഗ്നസിനെ നശിപ്പിക്കാൻ ചെയ്യുന്നുണ്ടെന്നാ കേഠംക്കുന്നതു്. പത്രത്തിൽ ജോസിൻെറ മരണവാത്ത കണ്ടു് അടുത്തുള്ളവരെയൊക്കെ വിളിച്ചുകൂട്ടി സന്തോഷിക്കുന്നതു കണ്ടു.

മുതലാളി– അങ്ങിനെ സന്തോഷിക്കാൻ എന്തു കായ്യം.

എത്തപ്പൻ— കായ്യമെന്തെന്നറിഞ്ഞുകൂടാ. ഈ കാണുന്നതിലും കേഠംക്കുന്നതിലുമെല്ലാം എന്തോ വലിയ രഹസ്യങ്ങളുണ്ടെന്നാ എനിക്കുതോന്നുന്നതു്.

മുതലാളി– എന്തു രഹസ്യം മരിച്ചവൻ ജീവിക്കുമോ എന്നാലും മരിച്ച വിവരം ബോംബയിൽ നിന്നു ആരും അറിയിച്ചില്ലല്ലോ അവൻ ഇവിടത്തെ മേൽവിലാസം ഒരാഠംക്കുപോലും അവിടെ കൊടുക്കാതിരിക്കുമോ

എത്തപ്പൻ– പല കള്ളപ്പണികളും ഈ നാട്ടിൽ നടപ്പുണ്ടു് അവസാനം സത്യം ജയിച്ചോളും

മുതലാളി– ഏതായാലും നീ പോയി ആഗ്നസിനോടും കുഞ്ഞനോടും ഒന്നിച്ചൊട്ടു വരാൻ പറയു. ഞാൻ മരിക്കുന്നതിനു്മുമ്പ് എനിക്കുള്ള ഒരാഗ്രഹമാണതു് നീ ഇന്നുതന്നെ വിവരം പോയി പറയണം

എത്തപ്പൻ— ഞാൻ ഇന്നലെ പറഞ്ഞു എന്നാൽ ഒന്നുകൂടി പോയി പറയാം എന്നാൽ ഞാൻ പോകുന്നു (എത്തപ്പൻ പോകുന്നു)

മുതലാളി— എന്തൊരു നിർഭാഗ്യം (പെട്ടന്നു് ജോസും ആഗ്നസും പ്രവേശിക്കുന്നു മുതലാളി കിടന്നകിടപ്പിൽ ജോസിനെ ആകമാനം പകച്ചു നോക്കുന്നു എഴുന്നേല്ക്കുന്നു ജോസിനെ സൂക്ഷിച്ചു നോക്കിക്കൊണ്ടു് നടന്നു ജോസിനെ സമീപിക്കുന്നു ഇടറിയ സ്വരത്തിൽ) ഇതെൻെറ പൊന്നുമോൻ ജോസല്ലേ (ജോസിനെ കെട്ടിപ്പിടിക്കുന്നു വിടുന്നു)

ജോസ്— (കരഞ്ഞുകൊണ്ടു്) അപ്പാ ഈ മകനോടു ക്ഷമിക്കണം ഞാൻ അപ്പനെ വയസ്സുകാലത്തു് ദുഃഖിപ്പിച്ചതിൽ ക്ഷമിക്കണം എല്ലാം അപ്പൻ മറക്കണം എൻെറ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ഞാൻ അപ്പനെ വേദനിപ്പിച്ചതിൽ ക്ഷമിക്കണം അപ്പനെ ദുഃഖിപ്പിച്ചതിൽ ഞാൻ പശ്ചാത്തപിക്കുന്നു.

മുതലാളി— മോനെ നീയല്ലാ എന്നെ ദുഃഖിപ്പിച്ചതു് ഞാനാണു് മോനെ ദുഃഖിപ്പിച്ചതു് (ആഗ്നസിൻെറ നേരെ തിരിഞ്ഞുകൊണ്ടു്) മോളേ ദൈവം നിന്നെ അനുഗ്രഹിച്ചു മോൻ പോയ നാളുമുതൽ ഞാൻ ദുഃഖിച്ചു പശ്ചാത്തപിച്ചു മോൻെറ തിരിച്ചുവരവിനെ പാർത്തിരുന്നു പത്രത്തിൽകണ്ട മരണവാർത്ത ശരിയാണെന്നു് ഞാൻ വിശ്വസിച്ചു

ജോസ്— അതു നമ്മുടെ ചില ശത്രുക്കളുടെ പ്രവൃത്തിയാണു് അതു താനെ പുറത്തു വന്നുകൊള്ളും

ആഗ്നസ്— അപ്പൻ ഒന്നുകൊണ്ടും ഇനി വിഷാദിക്കേണ്ട

ജോസ്— അപ്പാ എനിക്കു ബോംബയിൽ ജോലികിട്ടി

മുതലാളി— എൻെറ പൊന്നുമോൻ ഇനി ജോലിക്കൊന്നും പോകണ്ട എല്ലാവരും ഇനി ഇവിടെ താമസിക്കുക മക്കളെ നിങ്ങളെ ഞാൻ അനുഗ്രഹിക്കുന്നു നീതിമാനായ ദൈവം മക്കളെ കൈവെടിയുകയില്ല ഇനി എനിക്കു സമാധാനത്തിൽ മരിക്കാം

ജോസ് — നമ്മുടെ തോമാസു ജേഷ്ഠനും കത്രീനച്ചേടത്തിയും എന്തെടുക്കുന്നു എവിടെ താമസിക്കുന്നു ഉദ്യോഗം ഇപ്പോഴുമുണ്ടോ (മുതലാളി കസേലയിൽ ഇരിക്കുന്നു)

മുതലാളി— ഉദ്യോഗം ഉപേക്ഷിച്ചുവെന്നാ കേട്ടതു് അവർ മോളെ വളരെ കഷ്ടപ്പെടുത്തി ഇല്ലേ

ആഗ്നസ് — ഇല്ലപ്പാ സാരമില്ല

മുതലാളി— ആരുമില്ലാത്ത ആഗ്നസിനേയും കുഞ്ഞിനേയും തനിച്ചാക്കിയല്ലേ അവർ ഇറങ്ങിപ്പോയതു് അതു നീതിയല്ലല്ലോ ഇല്ല അതിൻെറ ഫലം അവർ അനുഭവിച്ചോളും

ജോസ് — പണവും പ്രതാപവും മനുഷ്യനെ പലപ്പോഴും മൃഗത്തേക്കാൾ അധഃപതിക്കാറുണ്ടു് (എത്തപ്പൻ പ്രവേശിക്കുന്നു ആകപ്പാടെ ആ രംഗം സൂക്ഷിച്ചുകൊണ്ടു്)

എത്തപ്പൻ— തത തതേയ് ഇതെന്തതു് മരിച്ചുന്നു കേട്ടിട്ടു്. ദൈവംതമ്പുരാൻ ജോസു മരിക്കാൻ സമ്മതിക്കാ ഞാനപ്പഴും പറഞ്ഞിരുന്നു ഇതിലൊക്കെ എന്തോ രഹസ്യമുണ്ടെന്നു്

ജോസ് — ഞാൻ അങ്ങിനെയൊന്നും മരിക്കയില്ല എത്തപ്പാ

മുതലാളി— എൻെറ മോൻ നല്ലവനാ അവൻ ജീവിച്ചിരിപ്പുണ്ടെങ്കീ മടങ്ങി വരാതിരിക്കയില്ലാന്നു് ഞാൻ പറഞ്ഞില്ലേ

എത്തപ്പൻ— ഞാൻ ആഗ്ഗനസിൻെറ വീട്ടില് വിളിക്കാൻ പോയപ്പോൾ അവിടെ ആരേയും കണ്ടില്ല മടങ്ങി ഇവിടെ വന്നപ്പഴല്ലേ സംഗതി അറിഞ്ഞേ ആട്ടെ നന്നായി ഇനി നമ്മുടെ മുതലാളി അങ്ങത്തൊന്നും കായ്യല്ല ഇനി നമുക്കു ഒരു കൊഴപ്പോം വേണ്ടാട്ടോ

മുതലാളി— എല്ലാം ശരിയായി ദൈവത്തിന്നു് സ്തുതിയായിരിക്കട്ടെ

ആഗ്നസ് — എല്ലാററിന്നും നമുക്കു് ദൈവത്തെ സ്തുതിക്കാം (പെട്ടെന്നു് മാണി പ്രവേശിക്കുന്നു രംഗം നോക്കികൊണ്ടു്)

മാണി— ഹ ഹ ഹ ഇതുപററി അപ്പോൾ മോൻ ചത്തട്ടില്ലല്ലേ ശരി ശരി ശരി ഇപ്പഴല്ലേ കാഴ്യം അറിഞ്ഞതു്

എത്തപ്പൻ– ഇല്ലടോ കുറച്ചുകൂടെ അറിയാനുണ്ടടോ കന്നാലി

ജോസ്– എത്തപ്പ നീ മിണ്ടാതിരിക്ക്

മാണി– (ആഗ്നസിനെ നോക്കിക്കൊണ്ട്) മോളു ഭാഗ്യമുള്ളവളാ ഒരു വത്തമാനം കേട്ടോ മക്കളെ

ആഗ്നസ്– എന്താണ്

മാണി– നമ്മുടെ തോമാസിൻെറ വീട്ടിൽ രണ്ടുമൂന്നു ദിവസം മുമ്പ് കള്ളന്മാർ കയറി സവ്വത്ര മുതലും മോഷ്ടിച്ചുകൊണ്ടു പോയി ഇപ്പൊ മുഴപ്പട്ടിണിയാ

മുതലാളി– മുഴവൻ കൊണ്ടുപോയോ

മാണി– മുഴവൻ കൊണ്ടുപോയി

ആഗ്നസ്– എന്നിട്ടു വല്ല്യേട്ടനും ചേടത്തിയും എന്തു ചെയ്യുന്നു.

മാണി– എന്തുചെയ്യാനാ അവർ സിനിമക്കു പോയ നേരത്ത് കള്ളന്മാർ കയറി സർവ്വതുംകൊണ്ടുപോയി

ജോസ്– അതു മഹാ കഷ്ടമായല്ലോ

ആഗ്നസ്– നമുക്കവരെ പോയി കൊണ്ടുവരണം

ജോസ്– ഇപ്പോഠംതന്നെ പോകാം.

മുതലാളി– ഈ ഘട്ടത്തിൽ നാം അവരെ മറന്നുകൂടാ.

എത്തപ്പൻ– ഇപ്പോ പഠിച്ചു അങ്ങനെ വേണം. (മാണിയുടെ നേരെ തിരിഞ്ഞുകൊണ്ട്) എടോ ഇപ്പോഠം പററിഃയാ പററി ഇല്ലെടോ. ആ ചേടത്തി നിലത്തല്ലാ നിന്നിരുന്നതു്. ഇനി കാര്യം ഒരു പൊടി ഡൌൺ ആണ്.

ജോസ്– നീ അതേപ്പററി ഒന്നും പറയരുതു്.

എത്തപ്പൻ– അല്ല. ഞാൻ പറയല്ല. ഇപ്പോ ഡ്യൂക്ക്ഒക്കെ അവസാനിച്ചൂന്നു് പറയാ. അങ്ങനെ സംഭവിക്കാനാവഴിയുള്ളു.

ആഗ്നസ്– നമുക്കിപ്പോഠത്തന്നെ പുറപ്പെടാം. (എല്ലാവരും പോകുന്നു.)

## കർട്ടൺ

## രംഗം 15.

(തോമസിൻെറയും കത്രീനയുടേയും വീട്. കള്ളന്മാർ മുതൽ കട്ടുകൊണ്ടു പോയതിനു ശേഷമുള്ള അന്തരീക്ഷം. രണ്ടു കസേലകളും ഒരു ബെഞ്ചും കിടക്കുന്നു. തോമസു കസേലയിൽ ഇരിക്കുന്നു. കത്രീന അടുത്തുനില്ക്കുന്നു)

തോമസ്— (ദുഃഖത്തോടെ) ഇനി നാം എങ്ങിനെ കഴിയും.

കത്രീന— (ദുഃഖത്തോടെ) കഷ്ടം എൻെറ വീട്ടിൽനിന്നും ഒരുനയാ പൈസപോലും ഇനി കിട്ടുവാൻ വഴിയില്ല.

തോമസ്— ദൈവശിക്ഷയാണിതു്. അല്ലെങ്കിൽ ഇങ്ങനെ സംഭവിക്കുമോ.

കത്രീന— എൻെറ വീട്ടുകാരുടെ പേരിൽ കേസുകൊടുത്തു എനിക്കു കിട്ടാനുള്ളതിൽ കൂടുതൽ ഞാൻ വാങ്ങി. അവരൊക്കെ എൻെറ ശത്രുക്കളായിത്തീർന്നു.

തോമസ്— എല്ലാം വിററുപണമാക്കി നല്ല കെട്ടിടങ്ങൾ വാങ്ങാതിരുന്നതു് കള്ളന്മാർ അറിഞ്ഞിരുന്നു. നാം സിനിമക്കുപോയനേരത്ത് അവരതു് തട്ടി. എൻെറ ജോലി ഉപേക്ഷിക്കേണ്ടിയില്ലായിരുന്നു. നിൻെറ ശാഠ്യംകൊണ്ടു് ഞാനതും ഉപേക്ഷിച്ചു.

കത്രീന— അതു വലിയ വിഡ്ഢിത്തമായി ഇനി ഒരു ജോലി കിട്ടുകയില്ല. ഇനിപെരുവഴി ആധാരമായി (കരയുന്നു.)

തോമസ്— നിൻെറ വാക്കുകേട്ടതുകൊണ്ടു് പിച്ചപാളയെടുത്തുതേണ്ടേണ്ടിവന്നു. നിലവിട്ടു ആരും കളിക്കരുതു്. എൻെറ അപ്പൻെറ അന്ത്യവാക്യം ഞാൻ കൈക്കൊണ്ടില്ല. ആഗ്നസിൻെറ കണ്ണുനീർ കരഞ്ഞു കരഞ്ഞു വററി. അവർ നിരാശരായി കഴിയുകയാണ്. അവരെ ഒരു സ്ഥാനത്താക്കുവാൻ അപ്പൻ എത്രമാത്രം ആഗ്രഹിച്ചു. ഫലിച്ചില്ല. എന്നാൽ നമ്മെ സുഖമായി ജീവിക്കുവാൻ ദൈവം അനുവദിച്ചോ. അതുമില്ല. നീതിചെയ്യാത്ത നമ്മുടെ നേരെ ദൈവകോപത്തി

ന്റെ കരം ഉയൎന്നതാണിതു്. തിന്മകൾ അധികകാലം വാഴ്‌വാൻ സാദ്ധ്യമല്ല.

കത്രീന– നാം വാസ്തവത്തിൽ ദൈവത്തെ മറന്നു. കൂടപ്പിറപ്പുകളെ മറന്നു. ആ പാവം ആഗ്നസിനെ ഞാൻ എത്രമാത്രം തല്ലിവേദനിപ്പിച്ചു.

തോമസ്– നിന്റെ ശാഠ്യംകൊണ്ടാണു് ഞാൻ അവരെ ഉപേക്ഷിച്ചു നിന്റെകൂടെ ഇറങ്ങിപ്പോന്നതു്.

കത്രീന– ഞാൻ വലിയ ക്രൂരതയാണു് ആ കുഞ്ഞിനോടും ആഗ്നസിനോടും കാണിച്ചതു്. അവളതു് നമ്മോടു് ക്ഷമിക്കുമോ? കളങ്കമില്ലാത്തവളും നന്മമാത്രം നമുക്കു് ചെയ്തവളുമാണു് ആഗ്നസ്. അവളേയും കുഞ്ഞിനേയും നാം ധിക്കരിച്ചതിന്റെ ദൈവശിക്ഷയാണിതു്.

തോമസ്– എല്ലാം കഴിഞ്ഞു. ഇപ്പോൾ നിനക്കു ഇരുത്തം വന്നു. നിലത്തു്നിക്കാമെന്നായി. ഞാൻ അന്നേ പറഞ്ഞില്ലേ ഇതൊന്നും ഗുണത്തിനല്ലെന്നു്. എന്തിനു് നിന്നെ പറയുന്നു. എന്റെ ഭീരുത്വമാണു് ഇതിന്റെ കാരണം ഞാൻ നിന്റെ അനീതിക്കു് കൂട്ടുനിന്നു.

കത്രീന– ഞാൻ നിങ്ങൾ അറിയാതെ പലതും അവൾക്കെതിരായി പ്രവൎത്തിച്ചിട്ടുണ്ടു് അതറിഞ്ഞാൽ നിങ്ങളെന്നെ വെറുക്കും (കരയുന്നു.)

തോമസ്— എന്താണതു്.

കത്രീന— ഞാൻ പറയുന്നില്ല. താനെ സംഭവം വെളിയിൽ അറിഞ്ഞുകൊള്ളും. നമ്മുടെ ഗതികേടിന്റെ കാലം തുടങ്ങി

തോമസ്— എന്താണു് നീ എന്നോടു് പറയുകയില്ലെ.

കത്രീന— ജോസ് മരിച്ചിട്ടില്ല. ഞാൻ അതു അവൾ ദുഃഖിച്ചു മരിക്കാൻ വേണ്ടി കളവായി പത്രത്തിൽ കൊടുത്തതാണു്.

തോമസ്– എടീ ദുഷ്ടേ. ഇങ്ങനെ പ്രവൎത്തിച്ച നിനക്കു് എങ്ങിനെ ഗുണം വരും. പോകട്ടെ. അവൻ ജീവിച്ചിരുപ്പുണ്ടല്ലോ അതുമതി. ഈ വിവരം ഉടനെ ആഗ്നസിനെ അറിയിക്കണം.

കത്രീന— അവൾക്കു് വന്ന എല്ലാം എഴുത്തും ഞാൻ ചീന്തി തീയ്യി ലിട്ടു കത്തിച്ചുകളഞ്ഞു. എന്നെപ്പോലെ ദുഷ്ടസ്ത്രീയെ എവിടെ കാണും.

തോമസ്— എടീ ആഗ്നസ് എൻെറ സഹോദരിയാണ്. നീ എന്തിനു് ഇപ്രകാരം ചെയ്തു. നിനക്കു വല്ലദോഷവും അവൾ ചെയ്തിട്ടുണ്ടോ കൊടും വഞ്ചകി

കത്രീന— അങ്ങു എന്നെ എന്തു പറഞ്ഞാലും എന്തുചെയ്താലും എനിക്കു വിരോധമില്ല. ഞാൻ അത്ര വഞ്ചകിയായി പെരുമാറി.

തോമസ്— ആ കുഞ്ഞ് സുഖമില്ലാതെ കിടന്നിട്ടു് ഞാൻ അവനെ വെറുതെ ഒന്നു കാണുവാൻ പോയിട്ടു് നീ എന്നെ എന്തെല്ലാം പറഞ്ഞു. എന്തിനു് നിന്നെ പറയുന്നു. എൻെറ കടമ നിർവ്വഹിക്കുവാൻ ഞാൻ പോരാത്തവനായി, ഞാനാണു് ഇതിൽ നിന്നേക്കാളും കുറ്റക്കാരൻ. (മാണി പ്രവേശിക്കുന്നു.)

മാണി— എന്താ മക്കളെ ദുഃഖിച്ചിരിക്കുന്നെ. ഞാൻ അങ്ങാടീന്നു് കേട്ടു ഇവിടെ കള്ളൻ കേറീന്നു്.

തോമസ്— പോടൊ മനുഷ്യ മനുഷ്യനായാൽ ഒരു വ്യക്തിത്വം ഒക്കെവേണം. തൻെറ ആളെവലുതാക്കി തട്ടിതിന്നൽ കഴിഞ്ഞില്ലേ.

മാണി— എന്താ മോൻ അങ്ങനെ പറയുന്നതു്.

തോമസ്— പിന്നെ എന്തടോ തന്നോടു പറയേണ്ടതു്.

മാണി— ഞാൻ ഇതൊന്നും കേൾക്കാനും പറയാനും വന്നതല്ല.

തോമസ്— ഇനി അതു പറഞ്ഞാൽ ഒന്നും കിട്ടുവാൻ തരമില്ല.

മാണി— ഞാനൊരു കാര്യംകണ്ടു. അതു പറയാൻ വന്നതാ.

കത്രീന— എന്താണ്.

മാണി— നമ്മുടെ മുതലാളീടെ മോൻ ജോസില്ലേ. അവൻ മരിച്ചുന്നു കേട്ടു. ഇപ്പോ ആളു മുതലാളിയുടെ വീട്ടിൽ എത്തിട്ടുണ്ടു് ഞാൻ കണ്ടിട്ടാ വരുന്നതു്. എന്താ ഇതിൻെറ രഹസ്യം.

കത്രീന — (നെടുവീർപ്പിട്ടുകൊണ്ടു കരയുന്നു) അങ്ങനെയാണോ.

തോമസ് — അദ്ദേഹം മരിച്ചു എന്നു കേട്ടതു നന്നായാണ്. അവൻ നല്ലവനാണ്. ഇനി ആഗ്നസിൻെറയും കുര്യൻെറയും കഷ്ടപ്പാടുതീൎന്നു. ഇതോടെ അവർ ഒരു സ്ഥാനത്തായി ദൈവത്തിന്നു സ്തുതി.

മാണി — എന്നാൽ ഇങ്ങോട്ടു നില്ക്കട്ടേ ഞാൻ.

തോമസ് — വേഗം പൊയ്ക്കോളൂ. ഇനി വന്നാൽ ഒരു രക്ഷയുമില്ല.

മാണി — (പോകുമ്പോൾ) ഏറിമറിഞ്ഞാൽ പറവുമോ പറവല്ല. (പോകുന്നു.)

കത്രീന — എല്ലാം വെളിവായി. അനീതി അവസാനം വിജയിയിക്കുകയില്ല. അവസാനം സത്യം ജയിക്കും അതു ജയിക്കുകതന്നെ ചെയ്യും.

തോമസ് — നാമിനി എങ്ങിനെ ആഗ്നസിൻെറയും കുര്യൻെറയും മുഖത്തു് നോക്കും.

കത്രീന — അയ്യോ എനിക്കു വയ്യാ അവരുടെ മുഖത്തു് നോക്കാൻ ഇനി എനിക്കു വയ്യാ (കരയുന്നു.) എന്നൊരു തിരിച്ചടി (പെട്ടെന്നു് ആഗ്നസും കുര്യനും ജോസും പ്രവേശിക്കുന്നു. കത്രീന അതു കണ്ടയുടൻ കരഞ്ഞുകൊണ്ടു അകത്തേയ്ക്കുപോകുന്നു.)

ജോസ് — ഞാൻ ഇപ്പോഴാണ് എത്തിയുള്ളു. അപ്പോഴാണ് ഇവിടെ കള്ളന്മാർ കേറിയെന്നു കേട്ടതു്.

ആഗ്നസ് — ചേട്ടാ വന്നതെല്ലാം വന്നു. നമുക്കു വീട്ടിലേയ്ക്കു പോകാം. ചേടത്തിയെവിടെ.

തോമസ് — അകത്തുണ്ട്. [ആഗ്നസ് അകത്തേയ്ക്കുപോയി കത്രീനയെക്കൂട്ടിക്കൊണ്ടു മുൻവശത്തേയ്ക്കു വരുന്നു.]

ആഗ്നസ് ചേടത്തി വന്നതെല്ലാം വന്നു. നമുക്കൊരുമിച്ചു വീട്ടിലേയ്ക്കുപോകാം.

കത്രീന — മകളെ ഞാൻ വരുന്നില്ല. ഞാൻ മഹാ ദുഷ്ടയാണ്. ഒരമ്മയേപ്പോലെ മകളെ രക്ഷിക്കേണ്ടവളായ ഞാൻ നിന്നോടും കുര്യനോടും എത്ര ഹീനമായി പെരുമാറി [കരയുന്നു.]

കുര്യൻ— അതൊന്നും സാരമില്ല ചേട്ടത്തി. നാം ബലഹീനരാണു്. അങ്ങനെയെല്ലാം സംഭവിക്കാം.

കത്രീന— ആഗ്നസേ നിൻെറ ചേട്ടൻ തോമസ് നല്ലവനാണു് ഞാനാണു് അവിടെയെല്ലാം നരകം സൃഷ്ടിച്ചതു്. ഞാൻ വളരെ ക്രൂരമായി മകളോടും കുരിയനോടും പെരുമാറി ജോസു ആത്മഹത്യചെയ്തുവെന്നു് പത്രത്തിൽ കളവായി പരസ്യപ്പെടുത്തിയതു ഞാനാണു്. പത്രറിപ്പോർട്ടുകണ്ടു് നീ വ്യസനിച്ചു മരിക്കുവാനാണു് ഞാൻ അപ്രകാരം ചെയ്യിച്ചതു്. (ആഗ്നസിൻെറ കഴുത്തിൽ കെട്ടിപ്പിടിച്ചു കരയുന്നു. അല്പംകഴിഞ്ഞു കഴുത്തിൽനിന്നു കൈവിടുന്നു ) മകളെ നിന്നെ ഞാൻ എത്രമാത്രം തല്ലി എത്രമാത്രം ദൂഷണം പറഞ്ഞു. (ആഗ്നസു കരയുന്നു) എൻെറ പ്രിയപ്പെട്ട ആഗ്നസേ നിൻെറ ഹൃദയം ഞാൻ ഇപ്പോഴാണ് ശരിക്കു മനസ്സിലാക്കി. നീ കളങ്കമററ മാടപ്രാവാണു്. (കുര്യൻെറ നേരെ തിരിഞ്ഞുകൊണ്ടു) എൻെറ പ്രിയപ്പെട്ട കുരിയാ എൻെറ തെററുകൾ നീ എന്നോടു ക്ഷമിക്കണം.

കുര്യൻ— അതെല്ലാം അന്നേ ക്ഷമിച്ചുകഴിഞ്ഞു ചേടത്തി.

തോമസ്— ഞങ്ങൾ രണ്ടുപേരും കുററക്കാരാണു്. തെററുകാരാണു്. എൻെറ അപ്പൻെറ അന്ത്യവാക്യം ഞാൻ ചെവിക്കൊണ്ടില്ല. ദൈവംതന്നെയാണു് ഞങ്ങളെ ശിക്ഷിച്ചതു്.

ആഗ്നസ്— ജ്യേഷ്ഠാ, ജ്യേഷ്ഠത്തി, അതെല്ലാം പോകട്ടെ (കരയുന്നു) നമുക്കെല്ലാവക്കും വീട്ടിലേയ്ക്കു പോകാം. നാം എന്നു ബന്ധപ്പെട്ടവരാണു്. ഒരിക്കലും ആ **"ബന്ധം ബന്ധനമല്ല"** നല്ലവനായദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കട്ടെ! (എല്ലാവരും പോകുന്നു.)

— ശുഭം —

END

26 SEP 2002

DC Library
*00012595*
T62 K66

# ഗ്രന്ഥകർത്താവിന്റെ കൃതികൾ.

1. രോഗി (ഖണ്ഡകാവ്യം)
2. കൈവിളക്ക് (ഖണ്ഡകാവ്യം)
3. വരുന്ന ലോകത്തിൽ (രാഷ്ട്രീയ നാടകം)
4. ത്യാഗദീപ്തി (ഖണ്ഡകാവ്യം)
5. ബന്ധം ബന്ധനമല്ല (സാമുദായികനാടകം)

അടുത്തനാടകം

6. "അണ്ടർ ഗ്രാജ്വയേററ്"

ഉടൻ പ്രതീക്ഷിക്കുക!

# വിനയം വിനയമല്ല

ഴക്കൂടൻ

T62
K66

Indic Digital Archive Foundation
gpura.org